20

# ഇതിഹാസങ്ങളെന്ത്? എന്തിന്?

## (ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്നവിധം)

**ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.**
(Scientist & Director IISH)

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം – 695 018
www.iish.org Ph. 0471 - 2490149

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് – 116

Scanned with CamScanner

# ഇതിഹാസങ്ങളെന്ത്? എന്തിന്?

(ബുദ്ധിക്കും യുക്തിക്കും ശാസ്ത്രത്തിനും നിരക്കുന്നവിധം)


**ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.**

(Scientist & Director IISH)



**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്**

**തിരുവനന്തപുരം – 695 018**

www.iish.org / iish.tv

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് – 116


Scanned with CamScanner

ഇതിഹാസങ്ങളെന്ത്? എന്തിന്?

**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D., D.Litt
(Scientist & Director IISH)

Published by:

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph. 0471 - 2490149)
Website : www.iish.org / www.iish.tv

**Rs. 20/-**

*Printed at:*

Sree Printers
Ind. Estate, Pappanamcode, TVM - 19, Ph. 0471 - 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

ധർമ്മശാസ്ത്രം മുഴുവനും ഉപദേശിക്കുവാൻ അസാദ്ധ്യം. താത്വീകമായി അറിഞ്ഞതിനും അറിയിച്ചതിനും പ്രായോഗികമായൊരുവശവുമുണ്ട്. ചരിത്രത്തിന്റെ അനുഭവസമ്പത്തുകൾ നിരത്തി ജീവിതസന്ദേശത്തിന്റെ ഓരോ വരിയും വിവരിക്കുകയാണ് വ്യാസൻ, മഹാഭാരതത്തിൽ ചെയ്തിരിക്കുന്നത്. കഥകളും ഉപകഥകളും മാറ്റി നിർത്തിയാൽ ആയിരക്കണക്കിനദ്ധ്യായങ്ങളുള്ള മഹാഭാരതമെന്ന ഇതിഹാസം പാണ്ഡവ-കൗരവ ചരിത്രമായിമാറും. അതാണിവിടെ സമർപ്പിക്കുന്നത്.

15-8-2003 ഡോ: എൻ. ഗോപാലകൃഷ്ണൻ

# മഹാഭാരതചരിത്രം

ഇന്ത്യയിലെ മഹത്തായ രണ്ട് ഇതിഹാസങ്ങളാണ് മഹാഭാരതവും രാമായണവും. ഇവയിൽ മഹാഭാരതം അതിലടങ്ങിയ വിജ്ഞാനസമ്പത്ത് കാരണം പഞ്ചമവേദമെന്നുകൂടി വിളിക്കപ്പെടുന്നു. ഒരു ലക്ഷം ശ്ലോകങ്ങളുള്ള, വേദവ്യാസപ്രണീതമായ പ്രസ്തുതഗ്രന്ഥത്തിൽ പ്രതിപാദിക്കാത്തതൊന്നും അറിയേണ്ടുന്നതല്ലെന്ന് പറയാറുണ്ട്. ഉന്നത ധാർമ്മികമൂല്യങ്ങളുൾക്കൊള്ളുന്ന കഥകളും അക്കാലത്ത് നിലവിലിരുന്ന ഐതിഹ്യങ്ങളും പുരാണങ്ങളും തത്വശാസ്ത്രചർച്ചകളും ചരിത്രശകലങ്ങളുമെല്ലാം അതിലുണ്ട്. എന്നാൽ ഇവയെല്ലാം ഒരു രാജകുടുംബത്തിലെ രണ്ടു താവഴികൾ തമ്മിലുണ്ടായ ഭ്രാതൃഹത്യാപരമായ യുദ്ധത്തിന്റെ ചട്ടക്കൂട്ടിൽ വിസ്തൃതമായ ഉപാഖ്യാനങ്ങളായി കലാചാതുരിയോടെ കോർത്തിണക്കിവെച്ചിരിക്കുന്നു.

ക്രിസ്ത്വബ്ദത്തിന്നു മുമ്പ് വടക്കെ ഇന്ത്യയിൽ ശക്തരായ ഭരതവംശ രാജാക്കന്മാർ നാടു വാണിരുന്നു. ജ്യേഷ്ഠനായ ധൃതരാഷ്ട്രർ ജന്മനാ അന്ധനായതുകൊണ്ട് അനുജനായ പാണ്ഡുവായിരുന്നു ഭാരതകഥ നടക്കുന്ന കാലത്ത് രാജ്യം ഭരിച്ചിരുന്നത്. കാരണം, സനാതന ധർമ്മമനുസരിച്ച്, രാജാവാകുന്നതിന്ന് അന്ധത്വം ഒരു അയോഗ്യതയായിരുന്നു.

പാണ്ഡുരാജാവിന് രണ്ട് ഭാര്യമാരുണ്ടായിരുന്നു - കുന്തിയും മാദ്രിയും. ആദ്യഭാര്യയിൽ മൂന്നു പുത്രന്മാരുണ്ടായി - യുധിഷ്ഠിരൻ, ഭീമൻ, അർജ്ജുനൻ. രണ്ടാം ഭാര്യയിൽ രണ്ടുപുത്രന്മാർ - നകുലനും സഹദേവനും. അന്ധനായ ധൃതരാഷ്ട്രന് ഭാര്യയായ ഗാന്ധാരിയിൽ (ഇപ്പോഴത്തെ അഫ്ഗാനിസ്ഥാനിൽ ഖാണ്ഡഹാർ എന്നറിയപ്പെടുന്ന ഗാന്ധാരദേശത്തിലെ രാജകുമാരി) നൂറ് പുത്രന്മാർ ജനിച്ചു. തന്റെ ഭർത്താവ് അന്ധനാണെന്നറിഞ്ഞതുമുതൽ ഭർത്താവിനില്ലാത്ത ദർശനഭാഗ്യം തനിക്കും വേണ്ടെന്ന് നിശ്ച



Scanned with CamScanner

യിച്ച് സ്വമേധയാ കണ്ണും മൂടിക്കെട്ടിയാണ് ഗാന്ധാരി ജീവിച്ചുവന്നത്. അത്ര മാത്രം പതിവ്രതയായിരുന്നു അവർ.

അവിചാരിതമായ ഒരു ബ്രാഹ്മണവധത്തിന്നു പ്രായശ്ചിത്തമായി തപസ്സു ചെയ്യാൻ വേണ്ടി പാണ്ഡു രാജാവ് പുത്രന്മാരെ ധൃതരാഷ്ട്രന്റെ രക്ഷയിൽ നിർത്തി, കാട്ടിലേക്ക് തിരിച്ചു. പാണ്ഡുവിന് പ്രായപൂർത്തിയാകുന്നതുവരെ, പ്രതിനിധിയായി രാജ്യം ഭരിച്ചിരുന്നത് വലിയച്ഛനായ ഭീഷ്മരായിരുന്നു. പാണ്ഡവരും കൗരവരും അദ്ദേഹത്തെ പിതാമഹനെന്ന് സ്നേഹപൂർവ്വം വിളിച്ചുപോന്നു. അദ്ദേഹം അവരുടെ വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം വഹിച്ചു. ജന്മനാ ബ്രാഹ്മണനെങ്കിലും യുദ്ധകലാവിശാരദനായ ദ്രോണൻ രാജകുമാരന്മാരുടെ ആചാര്യനായി നിയോഗിക്കപ്പെട്ടു.

മഹാഭാരതത്തിലെ ഒരു ഉത്കൃഷ്ട കഥാപാത്രമാണ് ഭീഷ്മർ. അച്ഛനിഷ്ടപ്പെട്ട ഒരു കന്യകയെ വേൾക്കുവാൻ അവളിലുണ്ടാകുന്ന പുത്രന് രാജ്യാവകാശം നൽകണമെന്ന് കന്യാപിതാവിന്റെ ആവശ്യമനുസരിച്ച് അദ്ദേഹം സ്വയം രാജ്യാവകാശം ത്യജിച്ചു. മാത്രമല്ല, തനിക്ക് പുത്രന്മാരുണ്ടായാൽ ഭാവിയിൽ അവർ രാജ്യത്തിന് അവകാശവാദം പുറപ്പെടുവിച്ചെങ്കിലോ എന്നു കരുതി, താൻ വിവാഹമേ കഴിക്കുന്നില്ലെന്ന് ശപഥവും ചെയ്തു. ആനന്ദതുന്ദിലനായ അച്ഛൻ ശന്തനു മകനെ അനുഗ്രഹിച്ചു: "നീ ഇച്ഛിക്കാതെ നിനക്ക് മരണം സംഭവിക്കില്ല." ഭീഷ്മർ അങ്ങനെ സ്വച്ഛന്ദമൃത്യുവായി.

ദ്രോണാചാര്യർ പാണ്ഡവരെയും കൗരവരേയും അസ്ത്രവിദ്യ അഭ്യസിപ്പിച്ചു. അവരെല്ലാം ഒരേ വീട്ടിൽ യഥാർത്ഥ സഹോദരന്മാരെപ്പോലെ വളർന്നുവന്നു. എല്ലാവരും അവരോട് ഒരേപോലെ പെരുമാറി. പാണ്ഡവരിൽ മൂത്തവനായ യുധിഷ്ഠിരൻ അടുത്ത കിരീടാവകാശിയാണെന്നത് പൊതുസമ്മതവുമായിരുന്നു.

കാലം ചെല്ലുന്തോറും ഓരോരുത്തരിലും സ്വതന്ത്രമായ വ്യക്തിത്വം വളർന്നുവരികയും അവർ തങ്ങളുടെ വ്യത്യസ്തമായ പ്രവണതകൾ പ്രകടമാക്കാൻ തുടങ്ങുകയും ചെയ്തു. ഉദാരമതിയും സത്യനിഷ്ഠനുമായ യുധിഷ്ഠിരൻ ധർമ്മത്തിന്റെ മൂർത്തിമദ്ഭാവമായി വളർന്നു. ഭീമൻ തന്റെ അമിതമായ ശക്തിക്കൊത്ത ശൗര്യവും എടുത്തുചാട്ടവും കാട്ടി. ധീരോദാത്തനും വീരപരാക്രമിയുമായ അർജ്ജുനൻ അക്കാലത്തെ മാതൃകായുവാവായിരുന്നു. ഏതു പരിഷ്കൃതയുഗത്തിലും ഒരുവനെ ബഹുജനങ്ങൾക്ക് പ്രിയങ്കരനാക്കുന്ന എല്ലാ ഗുണങ്ങളും അയാൾക്കുണ്ടായിരുന്നു. പാണ്ഡവരെല്ലാം തന്നെ അവരുടെ സ്വഭാവവൈശിഷ്ട്യം കൊണ്ട് എപ്പോഴും ശ്രദ്ധിക്കപ്പെട്ടുപോന്നു. പ്രതികൂലമായ സാഹചര്യങ്ങളാൽ എത്രത്തോളം ഞെരിക്കപ്പെട്ടുവോ അതിന്നനുസരിച്ച് ശാന്തി, സ്ഥിരവിശ്വാസം, സ്നേഹം, സഹിഷ്ണുത, നന്മ ഇവയുടെയെല്ലാം ആകർഷണീയമായ സൗരഭ്യം അവർ പ്രകടമാക്കി.



Scanned with CamScanner

ഇതിന്നു കടകവിരുദ്ധമായിരുന്നു നൂറ്റുവരുടെ പ്രകൃതം. മൂത്തവനായ ദുര്യോധനൻ ദ്രോഹബുദ്ധിയും വഞ്ചകനും ക്രൂരനും സൂത്രശാലിയും തന്റെ ഹീനലക്ഷ്യങ്ങൾ സാധിക്കുന്നതിന് ഏത് കുത്സിതമാർഗ്ഗവും സ്വീകരിക്കാൻ മടിക്കാത്തവനുമായിരുന്നു. സദാചാരവിരുദ്ധമായ മാർഗ്ഗങ്ങളെപ്പോലും ലക്ഷ്യം സാധൂകരിക്കുമെന്നയാൾ വിശ്വസിച്ചു. തനിക്ക് സിംഹാസനം കൈവശപ്പെടുത്തുന്നതിന്ന് വലിയൊരു തടസ്സം യുധിഷ്ഠിരനാണെന്ന് ചെറുപ്പത്തിലേ അയാൾക്കറിയാമായിരുന്നു. അതേസമയം ഭീമനേയോ അർജ്ജുനനേയോ നേരിടാൻ തനിക്കാവില്ലെന്നും അയാൾ മനസ്സിലാക്കിയിരുന്നു. കുട്ടിക്കാലത്തൊരിക്കൽ ഭീമനെ വിഷംകൊടുത്തു കൊല്ലാൻ ദുര്യോധനൻ ശ്രമിച്ചു. പക്ഷെ തന്റെ ശക്തിയുടെ അജയ്യത കൊണ്ട് ഭീമൻ അതിനെ അതിജീവിച്ചു.

യുധിഷ്ഠരൻ ഭരതവംശസിംഹാസനത്തിൽ അവരോധിക്കപ്പെടേണ്ട കാലമായി. ഭീഷ്മപിതാമഹനോടും ദ്രോണാചാര്യരോടും കൂടിയാലോചിച്ച് അദ്ദേഹം യുവരാജാവെന്ന നിലയിൽ നീതി ന്യായകാര്യങ്ങൾ നോക്കി നടത്താൻ തുടങ്ങുകയും ചെയ്തു. ബുദ്ധിയുടെയും ഹൃദയത്തിന്റെയും വിശിഷ്ടഗുണങ്ങളെക്കൊണ്ട് അദ്ദേഹം എല്ലാവരുടേയും മനം കവർന്നു.

യുധിഷ്ഠിരന്റെ സൗഭാഗ്യം കാണുമ്പോൾ, ദുര്യോധനന്റെ ഉള്ളിൽ നീറിപ്പുകഞ്ഞിരുന്ന അസൂയാഗ്നി ആളിപ്പടരാൻ തുടങ്ങി. ധൃതരാഷ്ട്രർ നിഷ്പക്ഷമതിയായിരുന്നു. അദ്ദേഹം തന്റെ മക്കളെയും പാണ്ഡവരെയും ഒരുപോലെ സ്നേഹിച്ചു. എന്നാൽ, വൃദ്ധനായ ആ അന്ധഭൂപന്ന് ഒരു ദൗർബല്യമണ്ടായിരുന്നു – ദുര്യോധനനോടുള്ള അമിത വാത്സല്യം. അങ്ങനെ ദുര്യോധനന്റെ ആഗ്രഹങ്ങൾക്കും പ്രേരണകൾക്കും വശംവദനായി, പാണ്ഡവരെ വകവരുത്തുവാനുദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് മനമില്ലാമനസ്സോടെ അനുകൂലിക്കയും സമ്മതം നൽകുകയും ചെയ്യേണ്ടിവന്നു അദ്ദേഹത്തിന്ന്.

ഒരിക്കൽ ദുര്യോധനൻ തന്റെ അച്ഛന്റെ സമ്മതത്തോടെ, അരക്കുകൊണ്ട് പ്രത്യേകമൊരു മനോഹരമന്ദിരമുണ്ടാക്കി. പാണ്ഡവരെയും അവരുടെ അമ്മയായ കുന്തിയേയും അവിടെ പാർപ്പിച്ചു. രാത്രി അവർ നല്ല ഉറക്കമാകുമ്പോൾ വീടിന്ന് തീകൊടുത്ത് നശിപ്പിക്കയായിരുന്നു ഉദ്ദേശ്യം.

സൂത്രം വേണ്ടപോലെ പ്രയോഗിച്ചു. രാത്രിയിൽ അരക്കില്ലം കത്തിച്ചുകളഞ്ഞു. എന്നാൽ, ഒരു വിശ്വസ്തഭൃത്യനിൽ നിന്നും തക്കസമയത്ത് കിട്ടിയ സൂചനയനുസരിച്ച് പാണ്ഡവന്മാർ ഒരു രഹസ്യമാർഗ്ഗം വഴി അകലെയുള്ള കാട്ടിലേക്ക് രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. അവർ ദുര്യോധനന്റെ ക്രൂരമായ പകയെ ഭയന്ന് കാട്ടിൽ ബ്രാഹ്മണവേഷത്തിൽ സഞ്ചരിച്ചു.

അക്കാലത്താണ് ദ്രൗപദിയുടെ സ്വയംവരവിളംബരമുണ്ടായത്. കാട്ടിൽ അജ്ഞാതവാസം നയിച്ചിരുന്ന പാണ്ഡവരും ഇതിനെക്കുറിച്ചറിഞ്ഞു. പാഞ്ചാലദേശം ഭരിച്ചിരുന്ന ദ്രുപദരാജാവിന്റെ മകളായിരുന്നു സൗന്ദര്യധാമമായ ദ്രൗപദി.



Scanned with CamScanner

ദുര്യോധനനും മറ്റനേകം വിവാഹാർത്ഥികളും കന്യാലാഭേച്ഛയോടെ സ്വയംവരത്തിനെത്തി. ദ്രുപദരാജാവ് ഒരു മത്സരം ഏർപ്പെടുത്തിയിരുന്നു. ദ്രൗപദിയെ പാണിഗ്രഹണം ചെയ്യണമെന്നുള്ള ആൾ, ഒരു സ്തംഭത്തിന്നറ്റത്ത് തൂക്കി നിർത്തിയിരിക്കുന്ന കൃത്രിമ മത്സ്യത്തിന്റെ കണ്ണിൽ ചുവടെ ചുറ്റിക്കൊണ്ടിരിക്കുന്ന ചക്രത്തിന്നിടയിലൂടെ അമ്പെയ്തു കൊള്ളിക്കണം - അമ്പെയ്യുന്നതോ, താഴെ ജലാശയത്തിലെ നിഴൽ നോക്കിവേണം താനും!

മത്സരത്തിന്ന് രാജാക്കന്മാർ ഓരോരുത്തരായി മുന്നോട്ടുവന്ന് ശ്രമിച്ചു പരാജയപ്പെട്ടു. അപ്പോൾ ജനക്കൂട്ടത്തിൽ നിന്ന് ഒരു ബ്രാഹ്മണൻ ഭാഗ്യം പരീക്ഷിക്കാൻ മുന്നോട്ടുവന്നു. സഭാവാസികൾ ഈ ബ്രാഹ്മണയുവാവിന്റെ ആഗ്രഹം കണ്ട് ചിരിച്ചു. യുവാവാകട്ടെ, എളുപ്പത്തിൽ ലക്ഷ്യം ഭേദിച്ചു. അതുവരെ ബ്രാഹ്മണവേഷധാരിയെ ആർക്കും മനസ്സിലായില്ല. അത് വില്ലാളി വീരനായ അർജ്ജുനനല്ലാതെ മറ്റാരുമായിരുന്നില്ല.

അങ്ങനെ ദ്രൗപദീവിവാഹം കഴിഞ്ഞു. കുന്തി കാത്തിരിക്കുന്ന ഒളിസങ്കേതത്തിലേക്ക് പാണ്ഡവർ രാജകുമാരിയെ ആനയിച്ചു. നേരം വൈകി കുടിലിന്നടുത്തെത്തിയ അവർ സന്തോഷത്തോടെ ഇങ്ങനെ വിളിച്ചു പറയുന്നത് ഉത്കണ്ഠകുലയായ അമ്മ കേട്ടു. "അമ്മേ, ദാ, ഞങ്ങളിന്നെന്താണ് കൊണ്ടുവന്നിരിക്കുന്നതെന്ന് നോക്കൂ" സ്നേഹമയിയായ മാതാവ്, അമ്മമാർ സാധാരണ പറയുന്നതുപോലെ, അകത്തുനിന്ന് വിളിച്ചുപറഞ്ഞു: "എന്തായാലും നിങ്ങളെല്ലാവരുംകൂടി എടുത്തോളൂ." ഭക്ഷണപദാർത്ഥം വല്ലതുമായിരിക്കുമെന്നാണ് ആ പാവപ്പെട്ട അമ്മ കരുതിയത്! അങ്ങനെ ദ്രൗപദി പാണ്ഡവരുടെയെല്ലാം ഭാര്യയായി.

സ്വയംവരാഘോഷത്തിന്ന് ദ്രുപദരാജധാനിയിലെത്തിയവരിൽ കൃഷ്ണനും ബലരാമനുമുണ്ടായിരുന്നു. ഇവരും പാണ്ഡവരും ബന്ധുക്കളാണ്. ബ്രാഹ്മണവേഷത്തിലുള്ള പാണ്ഡവരെ തിരിച്ചറിയാൻ കൃഷ്ണന് കഴിഞ്ഞിരുന്നു. അതിനാൽ അദ്ദേഹം അവരെ പിന്തുടർന്നു.

.........അങ്ങനെ നവവധുവായ ദ്രൗപദിയെ അനുഗ്രഹിക്കാൻ കൃഷ്ണൻ കുന്തിയുടെ കുടിലിലെത്തി. പുതിയ വിവാഹബന്ധം കൊണ്ടും കൃഷ്ണന്റെ സൗഹൃദം കൊണ്ടും ധൈര്യം സംഭരിച്ച് പാണ്ഡവർ അജ്ഞാതവാസം ഉപേക്ഷിച്ചു. ധൃതരാഷ്ട്രർ വിവരമറിഞ്ഞു. ഭീഷ്മന്റെ നിർബ്ബന്ധം നിമിത്തം അന്ധഭൂപതി പാണ്ഡവർക്ക് പാതിരാജ്യം കൊടുക്കാൻ സമ്മതിച്ചു. മറ്റേ പകുതി ധൃതരാഷ്ട്രപുത്രർ ഭരിച്ചു.

ഇപ്പോഴത്തെ ദൽഹി നഗരത്തിനടുത്ത് ഇന്ദ്രപ്രസ്ഥത്തിൽ പുതിയ തലസ്ഥാനമുണ്ടാക്കി യുധിഷ്ഠിരൻ തന്റെ ഔചിത്യവും ദീർഘദർശിത്വവും പ്രകടമാക്കി. അദ്ദേഹം പണിത കോട്ടയുടെ അവശിഷ്ടങ്ങൾ കാലത്തിന്റെ അവസ്ഥാന്തരങ്ങളെ അതിജീവിച്ച് ഭാരതീയ വാസ്തുശില്പത്തിന്റെ പൂർണ്ണ



Scanned with CamScanner

തയുടെ സ്മാരകമെന്നോണം ഇന്നും നിലകൊള്ളുന്നു. ആധുനിക സഞ്ചാരികൾ അവശ്യം കാണേണ്ട ഒന്നാണിത്.

താരതമ്യേന ചെറുതായ ഈ രാജ്യം യുധിഷ്ഠിരനെപ്പോലെ ദീർഘ ദർശിയായ ഒരു സാമ്പത്തിക വിദഗ്ദ്ധന്റെയും ഭരണാധിപന്റെയും കീഴിൽ അഭിവൃദ്ധി പ്രാപിച്ച് സ്വയം സമ്പൂർണ്ണമായിത്തീർന്നു. നല്ല വിളവും കാലിക ളുടെ വർദ്ധനവും ജനങ്ങൾക്ക് ക്ഷേമമുണ്ടാക്കി. കൃഷ്ണൻ പാണ്ഡവരുടെ അടുത്ത മിത്രമായിത്തീർന്നു; രാജ്യകാര്യങ്ങളിലെല്ലാം യുധിഷ്ഠിരന് വേണ്ട ഉപദേശങ്ങൾ നല്കി. അർജ്ജുനൻ കൃഷ്ണന്റെ ഏറ്റവും പ്രിയപ്പെട്ട ചങ്ങാതി യായി. അവർ എപ്പോഴും ഒന്നിച്ചു കഴിഞ്ഞുവന്നു.

യുധിഷ്ഠിരന്റെ കിരീടധാരണ മഹോത്സവത്തിൽ ദുര്യോധനനും സഹോദരന്മാരും പങ്കെടുത്തിരുന്നു. യുധിഷ്ഠിരന്റെ ഐശ്വര്യം ദുര്യോധനന്റെ നെഞ്ചിലെ അസൂയാഗ്നിയെ ആളിക്കത്തിച്ചു. നല്ലതോ ചീത്തയോ ഏതെ ങ്കിലും മാർഗ്ഗമുപയോഗിച്ച് യുധിഷ്ഠിരന്റെ സൽക്കീർത്തിയെയും ജനപ്രീതി യെയും അപകീർത്തിപ്പെടുത്താൻ അയാൾ നിശ്ചയിച്ചു.

തന്റെ കുത്സിതസൂത്രങ്ങൾക്ക് ചുക്കാൻ പിടക്കാൻ പറ്റിയ ആൾ തന്റെ അമ്മാവൻ കള്ളച്ചൂതുവിരുതൻ ശകുനിയാണെന്ന് ദുര്യോധനൻ കണ്ടു. ശകു നിക്ക് എന്തുചെയ്യാനും മനസാക്ഷിക്കുത്തില്ലായിരുന്നു. അയാൾ ആരെയും ബഹുമാനിച്ചിരുന്നില്ല. നീതിയുക്തത അയാൾക്ക് ഭ്രഷ്ടായിരുന്നു.

എല്ലാ സദ്ഗുണങ്ങളുമുണ്ടെങ്കിലും യുധിഷ്ഠിരന്ന് വലിയൊരു ദൗർബ്ബ ല്യമുണ്ടായിരുന്നു - ചൂതുകളി. കളിക്കാൻ തുടങ്ങിയാൽ പിന്നെ നോട്ടമില്ല, എന്തു നഷ്ടം വന്നാലും. ദുര്യോധനന് ഇതറിയാം. അയാൾ യുധിഷ്ഠിരനെ ചൂതുകളിക്ക് ക്ഷണിക്കാൻ നിശ്ചയിച്ചു; സമ്മതം നൽകാൻ ധൃതരാഷ്ട്രരെ പ്രേരിപ്പിച്ചു. അങ്ങനെ പാണ്ഡവർ ക്ഷണിക്കപ്പെട്ടു. അവർ വന്നു. കളി തുട ങ്ങി. ദുര്യോധനന്നുവേണ്ടി കളിച്ചത് ശകുനിയായിരുന്നു.

ഓരോ കളിയിലും അതിഥികൾ തോറ്റു. തോല്ക്കുംതോറും യുധി ഷ്ഠിരന് വീറും വാശിയും കൂടി. പണയം വെക്കുന്നതിൽ വീണ്ടുവിചാരമില്ലാ തെയായി. അയാൾ എല്ലാം പണയംവെച്ചു - രാജ്യത്തെയും സഹോദരന്മാ രെയും തന്നെത്തന്നെയും ഒടുവിൽ ഭാര്യയെയും! എന്നിട്ടും ചതിയൻ ശകു നിക്കു തന്നെ ജയം!

ദുര്യോധനന്റെ സന്തോഷത്തിന് അതിരില്ലാതായി. ദ്രൗപദിയെ സഭയിൽ കൊണ്ട് വന്ന് പരസ്യമായി അപമാനിക്കുവാൻ അയാൾ അനുജൻ ദുശ്ശാസനനോട് കല്പിച്ചു. അവളിപ്പോൾ പണയവസ്തുവാണല്ലോ. ദ്രൗപദിയെ പരസ്യമായി വസ്ത്രാക്ഷേപം ചെയ്യാൻ കല്പിക്കാനും വ്യാജവി ജയത്താൽ മത്തുപിടിച്ച ആ നരാധമൻ സംശയിച്ചില്ല. ദുശ്ശാസനൻ ദ്രൗപ ദിയെ പിടിച്ചിഴച്ച് അവളുടെ സാരി അഴിച്ചുമാറ്റാൻ തുടങ്ങി. പക്ഷെ അത്ഭുതം! എത്ര അഴിച്ചിട്ടും സാരി തീരുന്നില്ല. അഴിച്ചിട്ടത് കുന്നുകൂടി. ദുശ്ശാസനൻ



Scanned with CamScanner

വിയർത്തു വലഞ്ഞു. ദ്രൗപദിയുടെ പ്രാർത്ഥന ഭഗവാൻ കേട്ടു. ഭഗവാനുഗ്രഹത്താൽ അവൾ മുമ്പത്തെപ്പോലെ വസ്ത്രം ധരിച്ചുതന്നെ നിലകൊണ്ടു.

അപ്രതീക്ഷിതമായ ഈ സംഭവവികാസത്തിൽ സഭയിലെ പ്രായം ചെന്നവരെല്ലാം ഭയപ്പെട്ടു. അതിരുകവിഞ്ഞ അക്രമമാണിതെന്ന് എല്ലാവർക്കും തോന്നി. എന്നാൽ അധികാരപ്രമത്തനായ ഒരുവനിലെ മൃഗീയതയെ സ്വാധീനിക്കാൻ വിവേകത്തിനാവില്ലല്ലോ. ധൃതരാഷ്ട്രഭൂപൻ ഭയം കൊണ്ട് വിറച്ചു. വംശത്തെത്തന്നെ ഉടൻ നശിപ്പിക്കുന്ന ശാപം നല്കാൻ കയ്യേറ്റം ചെയ്യപ്പെട്ട സ്ത്രീക്ക് കഴിയുമെന്നയാൾക്കറിയാം. അദ്ദേഹം ദ്രൗപദിയെ അരികെ വിളിച്ച് തന്റെ മക്കളുടെ അപരാധത്തിന് പ്രായശ്ചിത്തമായി മൂന്നുവരം വാങ്ങിക്കൊള്ളാൻ അവളോടപേക്ഷിച്ചു.

ദ്രൗപദി ആവശ്യപ്പെട്ട ഒന്നാമത്തെ വരം യുധിഷ്ഠിരന്റെ സ്വാതന്ത്ര്യമായിരുന്നു; രണ്ടാമത്തെ വരം ബാക്കി പാണ്ഡവരെ മുഴുവൻ ആയുധസഹിതം സ്വതന്ത്രരാക്കണമെന്നും. ഇവ അനുവദിക്കപ്പെട്ടു. "മൂന്നാമത്തെ വരമോ?" ധൃതരാഷ്ട്രർ ചോദിച്ചു. അല്പനേരത്തെ മൗനത്തിനുശേഷം ദ്രൗപദി പറഞ്ഞു "സ്വന്ത്രരായ പാണ്ഡവർ എല്ലാം ശരിയാക്കിക്കോളും. അവർക്കാരുടെയും സഹായം വേണ്ട."

.........തന്റെ സൂത്രങ്ങൾ പരാജയപ്പെട്ടതു കണ്ട ദുര്യോധനൻ ഒരിക്കൽക്കൂടെ യുധിഷ്ഠിരനെ ചൂതിനു ക്ഷണിക്കാൻ അനുവദിക്കുന്നതിന് ധൃതരാഷ്ട്രരെ പ്രേരിപ്പിച്ചു. ധൃതരാഷ്ട്രർ വഴങ്ങി. ആ വൃദ്ധൻ നിസ്സഹായനായിരുന്നു. മൂത്ത മകനോടുള്ള വാത്സല്യം അദ്ദേഹത്തിന്റെ ദൗർബ്ബല്യമായിരുന്നു; സകല നാശത്തിന്റെയും ദുഃഖങ്ങളുടെയും കാരണവും.

യുധിഷ്ഠിരൻ വീണ്ടും ചൂതിന് ക്ഷണിക്കപ്പെട്ടു. അഭിമാനത്തിന്റെ പ്രശ്നമായതുകൊണ്ട്, അദ്ദേഹം ക്ഷണം സ്വീകരിച്ചു. തോല്ക്കുന്നവർ പന്ത്രണ്ടുകൊല്ലം വനവാസവും ഒരുകൊല്ലം അജ്ഞാതവാസവും നയിക്കണമെന്നതായിരുന്നു ഇത്തവണത്തെ പന്തയം. പതിമൂന്നാം കൊല്ലം കണ്ടുപിടിക്കപ്പെട്ടാൽ വീണ്ടും പന്ത്രണ്ടുകൊല്ലം വനവാസം വേണം. ഇരുകൂട്ടരും സമ്മതിച്ചു. കളി തുടർന്നു. യുധിഷ്ഠിരൻ തോറ്റു!

ധർമ്മിഷ്ഠരായതുകൊണ്ട് പാണ്ഡവർ കാട്ടിൽ പോകാൻ തയ്യാറായി. ഗുരുജനങ്ങളോടെല്ലാം യാത്രപറഞ്ഞ് ധൃതരാഷ്ട്രന്റെ അടുത്തുചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: "കുട്ടികളെ, വ്യവസ്ഥകൾ പാലിച്ച് പതിമൂന്നു കൊല്ലം കഴിഞ്ഞ് തിരിച്ചുവന്നാൽ ഇന്ന് ചൂതുകളിക്ക് വന്നപോലെ നിങ്ങൾക്ക് നിങ്ങളുടെ രാജ്യത്തേക്കു പോകാം." തടസ്സമൊന്നും ഉണ്ടാകില്ലെന്നായിരുന്നു വാഗ്ദാനം. എന്തെന്നാൽ, പാണ്ഡവരുടെ വനവാസക്കാലത്ത് ദുര്യോധനൻ ഒരു കാര്യസ്ഥനെന്നനിലയിലാവും ഇന്ദ്രപ്രസ്ഥം ഭരിക്കുക.

തപഃസ്വാദ്ധ്യായങ്ങളിലും സജ്ജനസംസർഗ്ഗത്തിലുമേർപ്പെട്ട് പരിശുദ്ധജീവിതം നയിച്ചുകൊണ്ട് പാണ്ഡവർ പന്ത്രണ്ടുവർഷത്തെ വനവാസം കഴിച്ചുകൂട്ടി. അക്കാലത്ത് കൃഷ്ണനും അർജ്ജുനനും ധാർമ്മികവും അദ്ധ്യാ



Scanned with CamScanner

ത്മികവുമായ ചർച്ചകൾ ചെയ്തുകൊണ്ട് അനേകം അഹോരാത്രങ്ങൾ ചെലവഴിച്ചു. ജീവിതം, പ്രപഞ്ചം, ആത്മാവ്, ഈശ്വരൻ – ഈ വകയെല്ലാം അവർ ചർച്ച ചെയ്തു. മഹാഭാരതത്തിൽ പാണ്ഡവരുടെ വനവാസം വിവരിക്കുന്ന ഭാഗങ്ങളിൽ വളരെ രസകരമായ തത്വശാസ്ത്രപ്രതിപാദനങ്ങളുണ്ട്.

പന്ത്രണ്ടുവർഷം കഴിഞ്ഞു. പതിമൂന്നാം വർഷം പാണ്ഡവരും ദ്രൗപദിയും വിരാടരാജധാനിയിൽ ജോലിചെയ്ത് അജ്ഞാതവാസം നയിച്ചു. അങ്ങനെ അതിന്റെ അവധിയും കഴിഞ്ഞു. ഇതിനിടയിൽ പാണ്ഡവരെ കണ്ടുപിടിക്കാൻ– അങ്ങനെയായാൽ അവരെ വീണ്ടും പന്ത്രണ്ടുകൊല്ലം വനവാസത്തിനയയ്ക്കാമല്ലോ – ദുര്യോധനൻ കിണഞ്ഞു ശ്രമിച്ചു. പക്ഷേ. അയാളുടെ തന്ത്രങ്ങളെല്ലാം വെറുതെയായി.

പാണ്ഡവർ തിരിച്ചുവന്ന് തങ്ങളുടെ രാജ്യം ആവശ്യപ്പെട്ടു. വനവാസത്തിന്നു പോകുമ്പോൾ ധൃതരാഷ്ട്രർ പറഞ്ഞ വാക്കുകളായിരുന്നു അവരുടെ അധികാരപത്രവും ഉറപ്പും. പക്ഷെ, ദുരമൂത്ത ദുര്യോധനൻ ഒട്ടും തന്നെ വിട്ടുകൊടുക്കാൻ തയ്യാറില്ലായിരുന്നു. എതിരാളികളാരുമില്ലാതെ സാമ്രാജ്യം മുഴുവൻ അയാൾ ഇത്രയുംകാലം അനുഭവിച്ചു വരികയായിരുന്നല്ലോ. അയൽ രാജാക്കന്മാരുമായി ശക്തമായ സഖ്യങ്ങൾ അയാളുണ്ടാക്കിയിരുന്നു; സമ്പത്ത് മുഴുവൻ അയാളുടേതായിരുന്നു. സൈന്യം അയാളുടെ വരുതിയിലായിരുന്നു. യുധിഷ്ഠിരന്ന് രാജ്യം തിരിച്ചുനല്കണമെന്ന് ദ്രോണനും ഭീഷ്മരും നിർബന്ധിച്ചു പറഞ്ഞു. കൃഷ്ണൻ സന്ധിസംഭാഷണം നടത്തി. ദുര്യോധനൻ വഴങ്ങിയില്ല. ധർമ്മനിയമപ്രകാരം താൻ നേടിയതാണ് രാജ്യമെന്നും ചൂതിൽ തോറ്റ യുധിഷ്ഠിരന്ന് രാജ്യം തിരിച്ചു ചോദിക്കാൻ അധികാരമില്ലെന്നുമായിരുന്നു അയാളുടെ നിലപാട്. “ഇല്ല. അഞ്ചു വീടല്ല, പോട്ടെ, ഒരു വീടല്ല, എന്തിന്, ഒരു സൂചി കുത്താനുള്ള സ്ഥലം പോലും ഞാനവർക്ക് കൊടുക്കില്ല.”

അങ്ങനെ യുദ്ധം അനിവാര്യമായിത്തീർന്നു. അതിന്നുള്ള സന്നാഹങ്ങൾ ദ്രുതഗതിയിൽ തുടങ്ങി. പാണ്ഡവരും അവരുടെ സുഹൃത്തുക്കളോടും ഗുണകാംക്ഷികളോടും സഹായാഭ്യർത്ഥന നടത്തി. നീതിക്കുവേണ്ടിയുള്ള സമരത്തിൽ പലരും അവരെ സഹായിക്കാമെന്നേറ്റു. അർജ്ജുനനും ദുര്യോധനനും കൃഷ്ണനെ സമീപിച്ചു. കൃഷ്ണൻ പറഞ്ഞു: “നിങ്ങൾ രണ്ടുപേരും സഹായം ആവശ്യപ്പെട്ട നിലയ്ക്ക് ഒരുകാര്യം ചെയ്യാം. എന്റ സൈന്യങ്ങളും ആയുധങ്ങളുമെല്ലാം ഒരാൾക്കും നിരായുധനായ എന്നെ മറ്റാൾക്കും തരാം.” ഏതാണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ സൈന്യം മതിയെന്ന് ദുര്യോധനൻ പറഞ്ഞു. കൃഷ്ണനെ സാരഥിയായി കിട്ടിയതിൽ അർജ്ജുനൻ സന്തോഷിച്ചു.

അർജ്ജുനന്റെ മനോവീര്യത്തെ തുരങ്കം വെക്കാനുദ്ദേശിച്ചുകൊണ്ട് മനശ്ശാസ്ത്രപരമായ വിവക്ഷകളും ദുഷ്ടമായ സ്വയം പ്രത്യായനങ്ങളുമടങ്ങിയ ഒരു രഹസ്യസന്ദേശം യുദ്ധം തുടങ്ങുന്നതിന്നു മുമ്പ് ധൃതരാഷ്ട്രൻ



Scanned with CamScanner

സഞ്ജയൻ മുഖാന്തം അർജ്ജുനനയച്ചു. അതു ഫലിക്കുകയും ചെയ്തു. യുദ്ധം ചെയ്യുന്നതിന്നെതിർവാദങ്ങളായി ഇതേ വാക്കുകളാണ് ഗീത രണ്ടാമദ്ധ്യായത്തിൽ അർജ്ജുനമുഖത്തുനിന്നും വരുന്നത്! ശരിയായി ഉന്നം വെക്കുകയും ബുദ്ധിപൂർവ്വം പ്രയോഗിക്കുകയുമായാൽ മനശ്ശാസ്ത്രപരമായ ആയുധങ്ങളാണ്, ഒരുപക്ഷേ, ഇന്നത്തെ ആണവായുധങ്ങളെക്കാളും ശക്തവും മാരകവും.

യുദ്ധം തുടങ്ങുന്നതിനുമുമ്പെ, ഇരുകൂട്ടരും സന്നാഹങ്ങൾ കൂട്ടിക്കൊണ്ടിരിക്കെ, യുധിഷ്ഠിരന്ന് വൈകാരികമായ തളർച്ചയും മനസ്സാക്ഷിക്കുത്തും അനുഭവപ്പെട്ടു. പക്ഷെ, കൃഷ്ണൻ ഓടിയെത്തി, യുദ്ധം ഒഴിവാക്കാൻ താൻ എത്രമാത്രം ശ്രമിച്ചുവെന്നും എങ്കിലും അത് തടയാനായില്ലെന്നും വിധിവിഹിതം നടന്നേ തീരൂ എന്നുമൊക്കെ വിശദീകരിച്ചുകൊടുത്തു. ആരും ധർമ്മപുത്രനെ അക്രമിയെന്ന് കുറ്റപ്പെടുത്തുകയില്ലെന്ന് ഉറപ്പുകൊടുത്തു. ഇത് ധർമ്മയുദ്ധമാണ്. ഇത് കേട്ട് യുധിഷ്ഠിരൻ ധൈര്യമവലംബിച്ചു. പിന്നീട് യുദ്ധത്തിന്നിടയിലൊരിക്കലും മനോവീര്യം നഷ്ടപ്പെട്ട ലക്ഷണം അദ്ദേഹം കാണിച്ചില്ല.

ഭീഷ്മപിതാമഹൻ, ദ്രോണാചാര്യൻ, കർണ്ണൻ തുടങ്ങിയവരെല്ലാം കൗരവപക്ഷത്തായിരുന്നു. വിജ്ഞരും ദീർഘദൃഷ്ടികളുമായ ഭീഷ്മനും ദ്രോണനും വിനാശകരമായ ഈ യുദ്ധത്തിന്റെ ആത്യന്തികഫലമെന്തെന്ന് അറിഞ്ഞിട്ടുണ്ടാവണം. പക്ഷെ, അവർ നിസ്സഹായരായിരുന്നു. ഇത്രയും കാലം അവർ ധൃതരാഷ്ട്രരാജാവിനെയാണല്ലോ സേവിച്ചുപോന്നത്. "തിന്ന ചോറിന് കൂറ്"കാണിക്കുകയെന്നത് വിശ്വസ്തരായ ഹിന്ദുക്കൾ എന്നും മാനിച്ചുപോന്ന മഹത്തായ സദാചാരനിയമമാണ്. കർണ്ണനും അർജ്ജുനനും തമ്മിൽ ധീരോദാത്തമായ മത്സരബുദ്ധിയുണ്ടായിരുന്നു. ഇരുവരും തുല്യപരാക്രമികളായിരുന്നു. രണ്ട് വില്ലാളിവീരന്മാർ തമ്മിലുള്ള സ്പർദ്ധയായിരുന്നു അത്. അത്രയും വലിയ ബലവീര്യപരാക്രമശാലികളായ രണ്ടുപേർക്കും കൂടി വസിക്കാൻ ഒരു ലോകത്തിന് വലിപ്പം പോര!

വിധിനിർണ്ണായകമായ ആ ദിവസം വന്നെത്തി. ഇരു സൈന്യങ്ങളും അണിനിരന്നു. കൗരവപ്പടയെ ഭീഷ്മർ നയിച്ചു. പാണ്ഡവരുടെ സ്യാലനും ദ്രുപദപുത്രനുമായ ധൃഷ്ടദ്യുമ്നനായിരുന്നു പാണ്ഡവസൈന്യത്തിന്റെ നായകൻ. ദുര്യോധനന്റെ സൈന്യം എണ്ണത്തിലും ആയുധബലത്തിലും വളരെ വലുതായിരുന്നു. പാണ്ഡവസൈന്യമോ എണ്ണത്തിലും ആയുധബലത്തിലും കുറവും മഹാരഥന്മാർ ഏറെയില്ലാത്തതും. എങ്കിലും.... പാണ്ഡവർക്ക് ആവേശപൂർവ്വം യുദ്ധം ചെയ്യാൻ കഴിഞ്ഞു. കൗരവർക്കാകട്ടെ, ഭാരം പൂണ്ട സ്വമനസ്സാക്ഷിയെ വലിച്ചിഴയ്ക്കേണ്ടതായും തങ്ങളുടെ നീക്കങ്ങളെ കുറ്റബോധത്തോടെ ആസൂത്രണം ചെയ്യേണ്ടതായും വന്നു.

കൗരവർ പക്ഷിരൂപത്തിലും പാണ്ഡവർ ചക്രാകാരത്തിലും വ്യൂഹം ചമച്ചു നിന്നപ്പോൾ, യുദ്ധം തുടങ്ങാൻ അക്ഷമനായ അർജ്ജുനൻ, തന്നോടു



Scanned with CamScanner

യുദ്ധം ചെയ്യാൻ വന്നു നിരന്ന വീരന്മാരെ നോക്കിക്കാണത്തക്കവിധം രണ്ടു സേനകളുടെയും മദ്ധ്യത്തിലായി തന്റെ തേർ നിർത്തുവാൻ കൃഷ്ണനോടു പറഞ്ഞു.

അർജ്ജുനൻ നോക്കി; കണ്ടു; സംഭ്രമിച്ചു. ധൃതരാഷ്ട്രസന്ദേശം അറിയിച്ച സഞ്ജയശബ്ദം ഒരു ടേപ്പ്റിക്കാർഡിൽ നിന്നെന്നോണം അർജ്ജുന മനസ്സിൽ വീണ്ടും വീണ്ടും ആരവമുയർത്തിക്കൊണ്ടിരുന്നു! അമ്മാവന്മാർ, സഹോദരന്മാർ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ഗുരുക്കന്മാർ, ഭീഷ്മപിതാമഹൻ – എല്ലാം ശത്രുപക്ഷത്തിൽ അണിനിരന്നിരിക്കുന്നു. ഇവരെയെല്ലാം കൊല്ലുകയാണ് അർജ്ജുനൻ വേണ്ടത് – രാജ്യവും രാജഭോഗങ്ങളും വേണമെന്നുണ്ടെങ്കിൽ. ഐശ്വര്യവും അധികാരവും സമ്പത്സസമൃദ്ധിയുടെ സുഖങ്ങളുമെല്ലാം പ്രിയപ്പെട്ടവരുടെയും ചാർച്ചക്കാരുടെയും ആദരിക്കുന്നവരുടെയും സ്നേഹിക്കുന്നവരുടെയു രക്തം പുരണ്ടതാണ്!.......!!

ഈ വെല്ലുവിളി അർജ്ജുനന്റെ കഴിവിൽ കവിഞ്ഞതായിരുന്നു. അയാൾ തകർന്നുപോയി. കണ്ണുകൾ നിറഞ്ഞു. ഗാണ്ഡീവം കൈയിൽ നിന്ന് വഴുതിപ്പോയി. കൈകാലുകൾ വിറച്ച്, വിളറിവിളർത്ത്, ആത്മവീര്യം നശിച്ച് ഒരു മനോരോഗിയെപ്പോലെ കൃഷ്ണനെ തുറിച്ചുനോക്കി. അർജ്ജുനൻ വിക്കിവിക്കികൊണ്ട് പ്രതിഷേധിക്കാൻ തുടങ്ങി – യുദ്ധത്തിന്റെ കെടുതികളെക്കുറിച്ചയാൾ സംസാരിച്ചു. എല്ലാ യുദ്ധവിരുദ്ധരും ഉന്നയിക്കുന്ന വാദങ്ങളൊക്കെ ആവർത്തിച്ചു; ധർമ്മശാസ്ത്രങ്ങൾ ഉദ്ധരിച്ചു; എന്നിട്ട് അവസാനം പ്രഖ്യാപിച്ചു "ഇവരെയെല്ലാം കൊന്നിട്ട് രാജ്യം ഭരിക്കുന്നതിലും ഭേദം ഭിക്ഷയെടുത്ത് ജീവിക്കുന്നതാണ്. ഞാൻ യുദ്ധത്തിന്നില്ല."

കൃഷ്ണൻ അർജ്ജുനന്റെ വിഭ്രാന്തി കണ്ടു; വിദഗ്ദ്ധനായ ഒരു യഥാർത്ഥ മനശ്ശാസ്ത്രജ്ഞനെപ്പോലെ അർജ്ജുനന്റെ മനസ്സിലെ ആശയക്കുഴപ്പം മനസ്സിലാക്കി; അതിന്റെ കാരണം കണ്ടുപിടിച്ചു; ഫലപ്രദമായ നിശിതവചനങ്ങൾകൊണ്ട് അദ്ദേഹത്തെ ഉടനെ കർമ്മോദ്യുക്തനാക്കണമെന്ന് തീരുമാനിച്ചു. മനശ്ശാസ്ത്രപരമായ ഒരു ശസ്ത്രക്രിയയാണാവശ്യം. അതിന്ന് അതിനിശിതമായ ശസ്ത്രം തന്നെ കൃഷ്ണൻ ഉപയോഗിച്ചു: "കുതസ്ത്വാ കശ്മലമിദം വിഷമേസമുപസ്ഥിതം........"

പെട്ടെന്ന് നിന്ദിക്കലിലൂടെയുള്ള ഈ ഷോക്കു ചികിത്സക്ക് പ്രത്യക്ഷമായ ഫലമുണ്ടായി. അർജ്ജുനൻ കണ്ടമാനം പറഞ്ഞു തുടങ്ങി. തീരുന്നതുവരെ കേട്ടശേഷം, അയാളുടെ മാനസികത്തകർച്ചയ്ക്കുള്ള സമഗ്ര ചികിത്സ ശ്രീമദ്ഭഗവദ്ഗീതയിലൂടെ ഭഗവാൻ ആരംഭിച്ചു. ജീവിത തത്ത്വശാസ്ത്രത്തിന്ന്– അതാണ് യഥാർത്ഥ ഹിന്ദുമതം – ഈ യുദ്ധരംഗത്തെക്കാളും നല്ലൊരു പശ്ചാത്തലമൊരുക്കാനാവില്ല.

തത്ത്വശാസ്ത്രം വിജനമായ കാടുകളിൽ മാത്രം അനുഷ്ഠിക്കുക സുഗമവും സരളവുമാണ്. ദേവാലയങ്ങളിൽ മാത്രമാണെങ്കിൽ, അതൊരാഡംബരമായിപ്പോലും കരുതാം. എന്നാൽ ജീവിതത്തിൽ ആചരിക്കാനാവാത്ത തത്ത്വ



Scanned with CamScanner

ശാസ്ത്രം കഴമ്പില്ലാത്തതാണ്. ഗീതയിൽ ഇതാ ഹിന്ദുമതം കർമ്മപഥത്തിൽ - ഒരൊറ്റ വ്യക്തിയുടെ ജീവിതത്തിലെ പ്രതിസന്ധിയിലും ഋഷിമാരുടെ പ്രജ്ഞാബലം അവലംബമായിരിക്കുന്നു! വിഭ്രാന്തികൊണ്ട് വഴി പിഴച്ചുപോകുന്ന ഒരു വീരപുരുഷനെ നേരായ മാർഗ്ഗത്തിലേക്ക് വിജയകരമായി തിരിച്ചുകൊണ്ടുവരുന്നതുവഴി ഒരു രാജ്യത്തിന്റെ ചരിത്രം തന്നെ എങ്ങനെ മാറിപ്പോയെന്ന് മഹാഭാരതം വിസ്തരിക്കുന്നു. ഒരു സാമാന്യ മനുഷ്യനായ അർജ്ജുനന്റെ വ്യക്തിത്വത്തിലെ ശൈഥില്യങ്ങൾ മാറ്റി പൂർണ്ണസമന്വയം വീണ്ടെടുക്കാൻ അന്ന് ശ്രീകൃഷ്ണന്റെ ഗീതയ്ക്ക് കഴിഞ്ഞുവെങ്കിൽ, അർജ്ജുനന്റെ സ്ഥിതിയിലായവരെയെല്ലാം വീണ്ടെടുക്കുന്നതിന് ഇന്നും അതിനെ ഉപയോഗപ്പെടുത്താൻ കഴിയും - അർജ്ജുനന്റേതുപോലുള്ള ശ്രദ്ധയോടും ത്വരയോടും കൂടി അതിനെ സമീപിക്കണമെന്നു മാത്രം.

ഒരുപക്ഷെ, ഒരു നോട്ടം കൊണ്ടോ അല്പം വാക്കുകൾ കൊണ്ടോ കൃഷ്ണൻ അർജ്ജുനനെ പഠിപ്പിച്ചത് എഴുനൂറു ശ്ലോകങ്ങളുള്ള ഗീതയിലൂടെ, സഞ്ജയന്റെ വാക്കുകളായി വ്യാസാചാര്യർ നമുക്കു നൽകിയിരിക്കുന്നു.

ജന്മാന്ധനായ ധൃതരാഷ്ട്രർക്ക് യുദ്ധം കാണണമെന്ന ആഗ്രഹം സാധിക്കുന്നതിന്ന് ദിവ്യചക്ഷുസ്സ് നല്കാമെന്ന് വ്യാസൻ യുദ്ധാരംഭത്തിൽത്തന്നെ പറയുകയുണ്ടായി. എന്നാൽ, അന്യായമായ യുദ്ധത്തിന്റെ പരിണതഫലം വിപരീതമാകുമെന്നു ഭയന്ന് ആ കുരുവൃദ്ധൻ അതു വേണ്ടെന്നുവച്ചു; പകരം യുദ്ധരംഗത്തെ സംഭവങ്ങളുടെ വിവരണം അപ്പപ്പോൾ കിട്ടിയാൽ മതിയെന്നു പറഞ്ഞു. അതിനാൽ, ഹസ്തിനപുരിയിലെ കൊട്ടാരത്തിൽ ഇരുന്നുകൊണ്ടു തന്നെ കുരുക്ഷേത്രത്തിൽ നടക്കുന്നതെല്ലാം കാണുവാനും കേൾക്കുവാനുമുള്ള കഴിവ് വ്യാസൻ സഞ്ജയനു നൽകി.

സഞ്ജയന്റെ അനുഭാവം വ്യക്തമായും പാണ്ഡവപക്ഷത്തോടായിരുന്നു. അർജ്ജുനന്റെ ആത്മവീര്യത്തെ തുരങ്കം വെക്കാനുള്ള ധൃതരാഷ്ട്രരുടെ ഹീനതന്ത്രത്തിൽ പരതന്ത്രനായി പങ്കെടുക്കേണ്ടിവന്നതിൽ അദ്ദേഹത്തിന് പ്രകടമായ കുറ്റബോധമുണ്ട്. ഗീത റിപ്പോർട്ടു ചെയ്യാൻ സഞ്ജയനേക്കാൾ വലിയൊരു മഹാത്മാവിനെ നമുക്ക് കിട്ടുകയില്ല. അദ്ദേഹം "നമ്മുടെ സ്വന്തം പ്രത്യേക ലേഖക"നാണ്.

തന്റെ കാര്യത്തിൽ ഗീത എത്രമാത്രം ഫലപ്രദമായെന്ന് അർജ്ജുനന്റെ വാക്കുകളിൽ നിന്ന് വ്യക്തമാണ്: "നഷ്ടോ മോഹഃ സ്മൃതിർലബ്ധാ" (XIII-73). തുടർന്നുണ്ടായ വീരോചിതമായ പ്രവൃത്തി, തന്നെ കുഴക്കിയിരുന്ന എല്ലാ വൈകാരികശൈഥില്യങ്ങളിൽ നിന്നും അദ്ദേഹം എന്നെന്നേക്കും മോചിതനായെന്നും കാണിക്കുന്നു. കുട്ടിക്കാലം മുതൽക്കേ, കൗരവരുടെ അനീതികളും അപരാധങ്ങളും കൊണ്ട് ക്ലേശിക്കേണ്ടിവന്ന അർജ്ജുനന്ന്, ഹീനവും നീതിരഹിതവുമായ മാർഗ്ഗങ്ങളിലൂടെയാണെങ്കിലും ദുര്യോധനന്നുണ്ടാകുന്ന



Scanned with CamScanner

വിജയങ്ങളിൽ, ഒരുപക്ഷെ, കഠിനമായ അസൂയ തോന്നിയിരിക്കണം. അമർത്തിവെയ്ക്കപ്പെട്ട ആ വികാരങ്ങൾ അമിതമായ ശക്തിയെ തുറന്നു വിട്ടപ്പോൾ, അതിനെ വേണ്ട വഴിക്ക് തിരിച്ചുവിടുവാൻ ഈ പ്രതിസന്ധിയിലെ നിർണ്ണായകമുഹൂർത്തത്തിൽ, അർജ്ജുനന്ന് കഴിയാതെപോയി. അതുകൊണ്ടാണ് ഇത്രമാത്രം ആശയക്കുഴപ്പവും വിഷാദവും ഭീരുത്വംപോലുമുണ്ടായത്.

കൃഷ്ണൻ ഗീതോപദേശം വഴി അർജ്ജുനമനസ്സിന്റെ സജ്ജീകരണം ശരിയാക്കി വെച്ചതോടെ, ആ വീരൻ ഗാണ്ഡീവം കൈയിലേന്തി യുദ്ധോദ്യുക്തനായി ചാടിയെണീറ്റു; കൗരവസൈന്യങ്ങൾക്കാകെ അന്തകനായി മാറി. പതിനെട്ട് ദിവസം നീണ്ടുനിന്ന യുദ്ധത്തിൽ ദുര്യോധനൻ ഭീമന്റെ ഗദാപ്രഹരമേറ്റുവീണു. ദ്രോണനെ ധൃഷ്ടദ്യുമ്നൻ വധിച്ചു. പകരം ദ്രോണപുത്രൻ ധൃഷ്ടദ്യുമ്നനെയും കൊന്നു. ദ്രൗപദിക്ക് അഞ്ച് പുത്രന്മാരും നഷ്ടപ്പെട്ടു. ഇരുവശത്തും കനത്ത ആൾനാശമുണ്ടായി. മരണത്തിന്റെ തിരുമുറ്റത്ത് ശൂന്യത തളം കെട്ടിനിന്നു. തീനാമ്പുകൾ കെട്ടടങ്ങി. അമ്പുകൾ കൊണ്ടുള്ള പരിക്ഷീണമായ തേങ്ങലടിയിൽ അവസാനിച്ചു.

യുദ്ധത്തിൽ ചത്ത മൃഗങ്ങളുടെയും തകർന്ന തേരുകളുടെയും ചിന്നിച്ചിതറിയ അവയവങ്ങളുടെയും കബന്ധങ്ങളുടെയും ഇടയിൽ രാജാക്കന്മാർ മരിച്ചു കിടന്നു! കഴുകന്മാർ ക്ഷുധാർത്തരായി വട്ടം ചുറ്റിപ്പറന്നു. ശുദ്ധമായ രാജകീയമാംസവും മജ്ജയും ഇതുപോലെ മുമ്പൊരിക്കലും അവയ്ക്ക് കിട്ടിക്കാണില്ല. നിരാലംബരായ അമ്മമാർ, ഭാര്യമാർ, കുട്ടികൾ, വൃദ്ധപിതാക്കൾ, പിതാമഹന്മാർ ഇവരുടെ ഹൃദയഭേദകമായ ദീനരോദനം അന്തരീക്ഷത്തെ കരുണാർദ്രമാക്കി. മനുഷ്യരക്തത്തിന്റെയും ചിന്നിച്ചിതറിയ മാംസത്തിന്റെയും എല്ലുകളുടെയും ഇടയിൽക്കൂടെ, തങ്ങളുടെ പ്രിയപ്പെട്ട ഭർത്താക്കന്മാരെ, മക്കളെ, അച്ഛന്മാരെ, സഹോദരന്മാരെ തേടിക്കൊണ്ട് അവർ വേച്ചു വേച്ചു നടന്നു - സമുദായത്തിന് സർവ്വനാശം വരുത്തിയ യുദ്ധക്കൊതിയന്മാരെ ശപിച്ചുകൊണ്ട്.........!!.........!!

ദുര്യോധനാദികളുടെ മാതാവായ ഗാന്ധാരി മരിച്ചുകിടക്കുന്ന മക്കളെ കാണാൻ വന്നു. അടുത്തുവരുന്ന കൃഷ്ണന്റെ കാലൊച്ച അവർകേട്ടു. ഒരമ്മയുടെ ചുട്ടുനീറുന്ന ഹൃദയവ്യഥയോടെ അവർ ശപിച്ചു: "കൃഷ്ണാ, ഈ കുടുംബം മുഴുവനും തമ്മിൽ കൊന്നു നശിക്കുന്നത് നീ നോക്കിനിന്നു. നിന്റെ ഉപേക്ഷയാണ് ഇതിനെല്ലാം കാരണം. ഇതുപോലെ, നിന്റെ ബന്ധുജനങ്ങളുടെ വധത്തിന്നും നീ തന്നെ കാരണമായിത്തീരും. ഇവിടെ ഈ കുരുക്ഷേത്രത്തിൽ സ്ത്രീജനങ്ങൾ അലമുറയിടുന്നതുപോലെ, ദ്വാരകയിലെ സ്ത്രീകളും നിസ്സഹായരായി കണ്ണീർ പൊഴിക്കും. വിജനതയിൽ നിന്ദ്യമായ രീതിയിൽ നീയും മരിക്കും - ഇന്നേയ്ക്ക് മുപ്പത്താറു വർഷം ചെല്ലുമ്പോൾ!"

കൃഷ്ണൻ പറഞ്ഞു: "എല്ലാം ഗാന്ധാരിയമ്മയുടെ അനുഗ്രഹം! എന്നെ ഇങ്ങനെ രക്ഷപ്പെടാൻ സഹായിച്ചല്ലോ. വൃഷ്ണികൾ പ്രമത്തരായി



Scanned with CamScanner

ത്തീർന്നിരിക്കുന്നു. അവർ തമ്മിൽ തല്ലി നശിക്കതന്നെ വേണം. എനിക്കും പോകണം. എന്റെ തല്ക്കാലദൗത്യം കഴിഞ്ഞു!"

അതിന്നുശേഷം കൃഷ്ണൻ ഗാന്ധാരിക്ക് ധർമ്മോപദേശം നൽകി. ദുഃഖിതയായ ആ അമ്മയുടെ ഉൾക്കണ്ണ് തുറന്നു; അവർ എല്ലാം ശരിയായ കാഴ്ചപ്പാടിൽ കണ്ടു; സമാശ്വസിച്ചു; സമ്പത്തിനും അധികാരത്തിന്നും വേണ്ടി യുദ്ധം ചെയ്തു മരിക്കുന്നതിനേക്കാൾ നല്ലൊരന്ത്യം രാജകുമാരന്മാർക്ക് ഉണ്ടാവാനില്ലെന്നു ബോധിച്ചു.

യുധിഷ്ഠിരൻ രാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ധൃതരാഷ്ട്രരും ഗാന്ധാരിയും വാനപ്രസ്ഥം സ്വീകരിച്ച് കാട്ടിലേക്കു പോയി. ധർമ്മപുത്രൻ തന്റെ പേര് അന്വർത്ഥമാക്കിക്കൊണ്ട് മുപ്പത്താറുകൊല്ലം രാജ്യം ഭരിച്ചു. അത്രയേറെ സമ്പത്സമൃദ്ധവും ഐശ്വര്യപൂർണ്ണവും ധാർമ്മികപ്രവണവും സംസ്കാരസമ്പന്നവുമായി സർവ്വോത്കർഷേണ ഉത്തരേന്ത്യ ഒരിക്കലുമിരുന്നിട്ടില്ല.

ഗാന്ധാരിയുടെ ശാപം ഫലിക്കേണ്ട സമയമായി. ദ്വാരകയിൽ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു. ദേഹബലമുള്ളവരെല്ലാം മരിച്ചു. സ്ത്രീജനങ്ങളെ രക്ഷിക്കാൻ ശ്രീകൃഷ്ണൻ പാണ്ഡവർക്കൊരു സന്ദേശമയച്ചു. തന്റെ മായാമാനുഷരൂപം തിരോഹിതമാക്കേണ്ട സമയമായിരിക്കുന്നുവെന്ന് ഭഗവാൻ അറിഞ്ഞു; കാട്ടിൽ ഒരു മരച്ചുവട്ടിൽ, തന്റെ സഹജസ്വരൂപത്തിൽ – അനന്തവും നിത്യവുമായ പരമാത്മസ്വരൂപത്തിൽ – ധ്യാനമുറപ്പിച്ചുകൊണ്ട് ഇരുന്നു.

ഭഗവാന്റെ അരുണാഭമായ കാൽമടമ്പുകൾ ദൂരെനിന്നു കണ്ട ഒരുവേടൻ അതൊരു മാൻ കിടക്കുന്നതാണെന്ന് തെറ്റിധരിച്ച് അമ്പെയ്തു...... അടുത്തു വന്നപ്പോഴാണ് അബദ്ധം മനസ്സിലായത്. അവൻ പശ്ചാത്താപത്തോടെ ഉറക്കെക്കരഞ്ഞ് മാപ്പപേക്ഷിച്ചു. ഭഗവാൻ പുഞ്ചിരിയോടെ അവനെ അനുഗ്രഹിച്ച് സമാശ്വസിപ്പിച്ചു. ധർമ്മസംസ്ഥാപനത്തിനായി ലീലരൂപം കൈക്കൊള്ളുമ്പോഴും അവിടുന്ന് "കളിയുടെ നിയമം" ശരിയായിപാലിക്കുന്നു. ഭഗവാന്റെ ശരീരപതനത്തിന്നും ഒരു കാരണം വേണം. അവിടുന്ന് സ്വധാമത്തിലേക്കു മടങ്ങി.

പ്രേമത്തിന്റെ മൂർത്തീഭാവമായിരിക്കാനും അതേസമയം പൂർണ്ണമായും അസംഗനായിരിക്കാനും തനിക്കുള്ള കഴിവ്, സാമ്രാജ്യങ്ങൾ സ്ഥാപിക്കുകയും അത് അർഹതയുള്ളവരെ ഭരിക്കാനേല്പിക്കുകയും ചെയ്യുന്ന കളിയിലെ രസം, എല്ലാറ്റിലും കലർന്നിരിക്കുകയും എന്നാൽ ഒന്നിനോടും താദാത്മ്യപ്പെടാതിരിക്കയും ചെയ്യുന്ന ലീല- ഇതെല്ലം ലോകത്തിന്നു കാട്ടിക്കൊടുത്ത് വൃന്ദാവനത്തിലെ ശ്രീകൃഷ്ണൻ, ഗോപീവല്ലഭൻ, മഥുരാവീരൻ, കംസനിഷൂദനൻ, ജരാസന്ധവൈരി, ദ്വാരകാധിപതി, അർജ്ജുനസുഹൃത്ത്, മഹാഭാരതയുദ്ധത്തിലെ കേന്ദ്രബിന്ദു, ദുഷ്കൃതികളുടെ വിനാശവും സാധുക്കളുടെ പരിത്രാണവുമെന്ന തന്റെ ലീല അവസാനിപ്പിച്ചു....



Scanned with CamScanner

അവതാരസ്വരൂപം വെടിഞ്ഞ് ബ്രഹ്മഭാവത്തിലേക്ക് പ്രവേശിച്ചു.

അർജ്ജുനൻ ദ്വാരകയിലെത്തി. അവിടുത്തെ സർവ്വനാശവും ദുരവസ്ഥയും കണ്ടു; അനാഥരായ സ്ത്രീകളെ ഹസ്തിനപുരത്തിലേക്ക് കൊണ്ടുവന്നു. വഴിക്കുവെച്ച് കവർച്ചക്കാർ ആക്രമിച്ച് സ്ത്രീകളെ പലരേയും തട്ടിക്കൊണ്ടുപോയി. ഗാണ്ഡീവം എടുക്കാനുള്ള ശക്തിപോലും തനിക്ക് നഷ്ടപ്പെട്ടതായി. അർജ്ജുനൻ കണ്ടു. ഭഗവാന്റെ തിരോഭാവത്തോടെ തന്റെ എല്ലാ ശേഷിയും ശേമുഷിയും അസ്തമിച്ചുവെന്ന് അദ്ദേഹം മനസ്സിലാക്കി.

പാണ്ഡവർ രാജ്യഭാരം മതിയാക്കാൻ തീരുമാനിച്ചു. അഭിമന്യു പുത്രനായ പരീക്ഷിത്തിനെ രാജാവാക്കി, ദ്രൗപദിയേയും കൂട്ടി ഹിമാലയത്തിലേക്ക് യാത്രയായി. പേകുന്നവഴിക്ക് ഓരോരുത്തരായി മരിച്ചുവീണു. യുധിഷ്ഠിരൻ ദ്രൗപദിയുമൊത്ത് യാത്ര തുടർന്നു. ഒരു നായയും തുടക്കത്തിലേ അവരോടൊപ്പം കൂടിയിരുന്നു. അവസാനം ദ്രൗപദിയും പരലോകം പൂകി. ബദരീനാഥത്തിന്നപ്പുറത്തേക്കുള്ള മല കയറുകയായിരുന്നു യുധിഷ്ഠരൻ. അപ്പോൾ, അദ്ദേഹത്തെ ഉടലോടെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ, ദേവദൂതന്മാർ ദിവ്യരഥവുമായെത്തി.

പക്ഷെ, തന്റെ കൂടെവന്ന നായ........... അരുത്... നായ്ക്കൾക്ക് രഥത്തിലേക്കു തന്നെ പ്രവേശനമില്ല; എന്നിട്ടല്ലേ സ്വർഗ്ഗത്തിലേക്ക്!........ധർമ്മത്തിന്റെ മൂർത്തീകരണമായ യുധിഷ്ഠിരൻ സംശയംകൂടാതെ പറഞ്ഞു: "ശരി, അങ്ങനെയാണെങ്കിൽ, വിശ്വസ്തനായ ഒരു സുഹൃത്തിന്നുവേണ്ടി - അതൊരു മിണ്ടാപ്രാണിയായ നായയായാൽ പോലും - സ്വർഗ്ഗസുഖംകൂടി ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണ്. ഞാൻ വരുന്നില്ല."

നായ പെട്ടെന്ന് രൂപം മാറി, സാക്ഷാൽ ധർമ്മരാജാവുതന്നെയായി. അദ്ദേഹം യുധിഷ്ഠിരന്റെ ധർമ്മനിഷ്ഠ പരീക്ഷിക്കാൻ വന്നതായിരുന്നു. യുധിഷ്ഠരൻ സ്വർഗ്ഗത്തിലേക്കു പോയി. തന്റെ അനുജന്മാരോടും ബന്ധുക്കളോടും ചേർന്നു.

മഹാഭാരതധർമ്മയുദ്ധവും ചരിത്രവും ഇവിടെ അവസാനിക്കുന്നു. ഒരു മനുഷ്യായുസ്സിന്റെ അനുഭവചരിത്രം 12 പേജിൽ വായിച്ച നിങ്ങൾ സ്വന്തം ജീവിതത്തെയും ഇതേ 12 പേജിലെഴുതി വിലയിരുത്തുക.

ꣽ



Scanned with CamScanner

**ലോകത്തിലെ പ്രസിദ്ധരായ ചിന്തകർക്കും പണ്ഡിതർക്കും ശാസ്ത്രജ്ഞന്മാർക്കും ആവേശം നൽകിയ ഭഗവദ്ഗീത, പഠിക്കുന്നവന്റേയും പഠിപ്പിക്കുന്നവന്റേയും ജ്ഞാന–വിജ്ഞാന നിലവാരമനുസരിച്ച് വ്യാഖ്യാനിച്ച് മനസ്സിലാക്കേണ്ടതാണ്. ഇവിടെ നൽകിയിക്കുന്നത് ഗീതയുടെ ശ്ലോകസന്ദേശം (ഭൗതികാർത്ഥം) മാത്രമാണ്.**

## ഭഗവദ്ഗീതയുടെ കർമ്മസന്ദേശം

1. നന്മതിന്മകളുടെ 'യുദ്ധ' ഭൂമിയായ കുരുക്ഷേത്രഭൂമിയിൽ സന്ദർശനം നടത്തി യുദ്ധ ഭാഗങ്ങൾ, വേദവ്യാസന്റെ വരപ്രസാദത്താൽ ദർശിച്ച്, ധൃതരാഷ്ട്ര മഹാരാജാവിനെ, ഹസ്തിനപുരത്തിൽ വന്നുകണ്ട് സഞ്ജയൻ വിവരിക്കുന്നതാണ് ശ്രീകൃഷ്ണ സന്ദേശമായ ഭഗവദ്ഗീത. എന്റെ ഉറ്റവരായ കൗരവരും, പാണ്ഡവരും അവിടെ എന്തു ചെയ്തു സഞ്ജയ എന്ന ചോദ്യത്തിന് സഞ്ജയൻ വിവരിക്കുന്നു; ധർമ്മക്ഷേത്രഭൂമിയായ കുരുക്ഷേത്രത്തിൽ ദുര്യോധനൻ ദ്രോണാചാര്യരുടെ അടുത്തുവന്ന്, പാണ്ഡവ സൈന്യത്തിലേയും കൗരവ സൈന്യത്തിലേയും ശ്രേഷ്ഠന്മാരുടെ പേരുകളും ഗുണങ്ങൾ സൂചിപ്പിക്കുന്ന വരികളും പറഞ്ഞ്, കൗരവരുടെ നേതൃസ്ഥാനത്തുള്ള ഭീഷ്മപിതാമഹനെ എല്ലാ പ്രകാരത്തിലും സംരക്ഷിക്കേണ്ടതായ ച്ുമതല ആചാര്യനെ ഏൽപിച്ചു. തദനന്തരം രണ്ടുപക്ഷത്തേയും വില്ലാളിവീരന്മാർ അവരവരുടെ ശംഖ്, യുദ്ധഭൂമിയിൽ മുഴക്കി. ശ്രീകൃഷ്ണൻ നയിക്കുന്ന, വെളുത്ത കുതിരകളാൽ വലിക്കുന്ന രഥത്തിൽ വന്ന് അർജ്ജുനൻ രണ്ടു സൈന്യങ്ങൾക്കുമിടക്ക് രഥം നിർത്തി രണ്ടു ഭാഗത്തിലുമുള്ള സൈന്യങ്ങളെ ശ്രദ്ധാപൂർവ്വം വീക്ഷിച്ച് അൽപനേരത്തിനുള്ളിൽ തന്നെ (അർജ്ജുനൻ) വിഷാദത്തിൽ ഇപ്രകാരം പറഞ്ഞു. എനിക്ക് രാജ്യമോ, സുഖമോ, ഇന്ദ്രപദവിയോ, സമ്പത്തോ ഒന്നും തന്നെ വേണ്ടാ. സ്വജനങ്ങളെയും ഗുരുക്കന്മാരേയും വധിച്ച് രക്തപങ്കിലമായ വിജയവും വേണ്ട. സ്വന്തം കുലം നശിപ്പിച്ച പാപവും, കുലധർമ്മനാശവും തദ്വാര കുലസ്ത്രീകളുടെ ദുഷിക്കലും, പിതൃക്കൾക്കുപോലും മോക്ഷം ലഭിക്കാത്ത അവസ്ഥയും ഉണ്ടാകുമെന്നതിനാൽ യുദ്ധം ചെയ്യുവാനുള്ള മനോവീര്യം എനിക്കില്ല എന്നു ദുഃഖത്തോടെ പുലമ്പിക്കൊണ്ട്, ഗാണ്ഡീവം താഴെവെച്ച് രഥത്തിൽ തന്നെ വിഷണ്ണനായി അർജ്ജുനൻ ഇരുന്നു. (അർജ്ജുന വിഷാദയോഗമാണീ അദ്ധ്യായം).(2) രഥത്തിൽ തളർന്നിരുന്ന അർജ്ജുനന്റെ 'നിസ്സഹായാവസ്ഥ' ദർശിച്ച് സാരഥിയായ ശ്രീകൃഷ്ണൻ ഉറച്ച സ്വരത്തിൽ വീരശൂരപരാക്രമിയായ നിനക്ക് ഈ മാനസീകാവസ്ഥ ചേർന്നതല്ലെന്നും എഴുന്നേറ്റ് സ്വധർമ്മം അനുഷ്ഠിക്കേണ്ടതാണെന്നും നിർദ്ദേ



Scanned with CamScanner

ശിച്ചു. വിഷാദ യോഗത്തിൽ പറഞ്ഞതുപോലെ അർജ്ജുനൻ വീണ്ടും തുടർന്നു. പൂജാർഹരായവരെ യുദ്ധത്തിൽ നേരിട്ട്, വധിച്ച് ഗുരുഹത്യാപാപവും ശാപവും ഏൽക്കാൻ സാധ്യമല്ലെന്നും തനിക്കൊന്നും ആവശ്യമില്ലെന്നും, തന്നെ കൗരവർ വധിച്ചാൽപോലും അതാണുത്തമമെന്നും പറഞ്ഞ് അർജ്ജുനൻ വ്യാകുലപ്പെട്ടിരുന്ന വേളയിൽ ശ്രീകൃഷ്ണൻ ജ്ഞാനസന്ദേശങ്ങൾ ശാസ്ത്രീയമായി വിവരിച്ചു : ജീവാത്മാവിന് മരണമില്ല, അത് ശാശ്വതവും സനാതനവുമാണ്. ശരീരം മാത്രമാണ് ജനനമരണങ്ങൾക്ക് വിധേയമാകുന്നത്, അത് ശാശ്വതമല്ലതാനും. സുഖദുഃഖങ്ങൾ ജീവിതത്തിന്റെ ഭാഗവും താൽക്കാലികവുമാണ്. ആത്മാവ് നശിക്കുന്നുമില്ല മറ്റൊന്നിനെ നശിപ്പിക്കുന്നുമില്ല, ജനനമരണങ്ങൾക്കതീതമായി നാം പഴയ വസ്ത്രങ്ങൾ മാറി പുതിയവ സ്വീകരിക്കുന്നതുപോലെ ആത്മാവും പഴയ ശരീരത്തെ തിരസ്കരിച്ച് പുതിയവ സ്വീകരിക്കുന്നു. നാശമില്ലാത്ത ജീവാത്മാവിനെക്കുറിച്ചോ, സുനിശ്ചിതമായും മരണമുള്ള ശരീരത്തെക്കുറിച്ചോ ധീരന്മാർ ദുഃഖിക്കാറില്ല. ജനനത്തിനു മുമ്പും മരണത്തിനു ശേഷവുമുള്ള അവസ്ഥ അവ്യക്തമാണ്. ഈ ജിവിതം തന്നെ അത്ഭുതകരവും അവ്യക്തവുമായ ഒരു പ്രതിഭാസമാണ്. അതിനെക്കുറിച്ചെന്തിന് വിഷമിക്കണം. രാഷ്ട്രധർമ്മ സംരക്ഷണം ക്ഷത്രിയ യോദ്ധാവിന്റെ കർത്തവ്യമെന്നിരിക്കെ, യുദ്ധം അതിന്റെ ഭാഗമായതിനാൽ അതിൽ സ്വധർമ്മമനുഷ്ഠിക്കാത്ത യോദ്ധാവിനെ ജനങ്ങൾ ഭീരുവെന്നു മുദ്രകുത്താം, അപഹാസ്യമാംവിധത്തിൽ പുച്ഛിക്കാം. യുദ്ധത്തിൽ ജയിച്ചാലും മരിച്ചാലും ശ്രേഷ്ഠമായ സ്ഥാനമാണ് യോദ്ധാവിനുള്ളത്. അതുകൊണ്ട് സ്വധർമ്മമനുഷ്ഠിക്കണം. സുഖദുഃഖങ്ങളോ ഇഷ്ടാനിഷ്ടങ്ങളോ നമ്മെ സ്വധർമ്മാനുഷ്ഠാനത്തിൽ നിന്ന് പിന്തിരിപ്പിക്കരുത്, ഏകാഗ്രലക്ഷ്യത്തോടെ, സുഖദുഃഖങ്ങളേശാതെ, കർമ്മയോഗിയായി, കർമ്മത്തിന്റെ അധികാരിയായി കർമ്മഫലത്തിന്റെ അധികാരിയാകാതെ, നിസ്വാർത്ഥനായി, സ്വധർമ്മം വ്യക്തമായറിഞ്ഞ് വിശകലനം ചെയ്ത്, മനോ-ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, കർമ്മനിരതനാകണം. ഏതിന്റെയെങ്കിലും സാമീപ്യമുള്ളപ്പോൾ അതിൽ ആഗ്രഹം ജനിക്കുന്നു. ആഗ്രഹങ്ങൾ സഫലീകരിക്കാതെ വരുമ്പോൾ ക്രോധം, തുടർന്ന് യുക്തിയില്ലാത്ത ചിന്ത, പിന്നെ സ്മൃതിനാശം, അതിലൂടെ ബുദ്ധിനാശവും സർവ്വനാശവും സംഭവിക്കുന്നു എന്നു മനഃശാസ്ത്ര തത്വം ഓർമ്മിക്കണം. രാഗദ്വേഷങ്ങൾ ഒഴിവാക്കണം, സ്വയം ആത്മസംതൃപ്തനാകുമ്പോൾ, സംഘർഷം ഇല്ലാതാകും, അശാന്തമായ മനസ്സിൽ സുഖമുണ്ടാകില്ല, കാറ്റത്ത് പായുന്ന വഞ്ചിപോലെ മനസ്സ് അനിയന്ത്രിതമാകരുത്. ലക്ഷ്യബോധമുള്ള കർമ്മയോഗിയാ



Scanned with CamScanner

കണം. എല്ലാ നദികളും സമുദ്രത്തിൽ പതിക്കുമ്പോഴും സമുദ്രം ശാന്തമായിരിക്കുന്നതുപോലെ ഏതു വികാരവിചാരങ്ങൾ വന്നുചേരുമ്പോഴും ശാന്തനായി നമ്മൾ കർമ്മനിരതരാകണം എന്ന് സാംഖ്യയോഗവിശദീകരണത്തിലൂടെ കൃഷ്ണൻ നമ്മെയും അർജ്ജുനനേയും ഉപദേശിക്കുന്നു. (3) ജ്ഞാനയോഗമാണോ കർമ്മയോഗമാണോ ശ്രേഷ്ഠമെന്ന സംശയത്തിന് കൃഷ്ണൻ നൽകുന്ന ഉപദേശം ! ജ്ഞാനികൾക്ക് ശ്രേഷ്ഠം ജ്ഞാനയോഗവും കർമ്മനിരതരാകേണ്ടവർക്ക് ശ്രേഷ്ഠം കർമ്മയോഗവുമാണ്. കർമ്മത്തിലൂടെയല്ലാതെ ജ്ഞാനിയാകാൻ സാധ്യമല്ല. സർവചരാചരങ്ങൾക്കും കർമ്മമുണ്ട്. മനുഷ്യനുമുണ്ട് കർമ്മം. അത് അനുഷ്ഠിക്കാത്തവൻ ജ്ഞാനയോഗിയാണെന്ന് ഭാവിക്കുന്നവനാണ്. മനഃഇന്ദ്രിയ നിയന്ത്രണമുള്ള വ്യക്തി ഏതു കർമ്മത്തിലേർപ്പെടുമ്പോഴും യജ്ഞഭാവത്തിലുള്ള യോഗം തന്നെയാണത്. ഈശ്വരീയ കർമ്മമനുഷ്ഠിച്ച് നന്മയിലേക്കുയരുവാനാണ് സൃഷ്ടികർത്താവായ പ്രജാപതി മനുഷ്യന് നിർദ്ദേശം നൽകിയത്. കർമ്മങ്ങൾ യജ്ഞങ്ങളായി അനുഷ്ഠിക്കുമ്പോൾ കർമ്മഫലങ്ങൾ യജ്ഞപ്രസാദമായിത്തീരുന്നു. അതു സ്വീകരിച്ച് നിർവൃതി നേടുകയുമാകാം. എല്ലാം യജ്ഞഭാവത്തിൽ, കർമ്മചക്രപ്രവർത്തനത്തിൽ, നിത്യതൃപ്തനായി, ബന്ധങ്ങൾ ബന്ധനങ്ങളാകാതെ, മറ്റുള്ളവർക്കു മാതൃകയായി, ശ്രേഷ്ഠന്മാരായി, നിരന്തരം കർമ്മമണ്ഡലത്തിലധിഷ്ഠിതമായ ഈശ്വരചൈതന്യംപോലെ, ബുദ്ധിമാനായി, ഗുണാതീതനായി, കർമ്മങ്ങളും കർമ്മഫലങ്ങളും ഈശ്വരാർപ്പണമായി, വികാരവിക്ഷോഭങ്ങൾക്കതീതനായി, ശ്രീകൃഷ്ണ വചനാനുസാരം, ചുറ്റുപാടുകളിൽ നിന്ന് നമ്മെ വശീകരിക്കുന്നവയിൽ നിന്ന് മുക്തനായി, സ്വധർമ്മജ്ഞാനത്തോടെ, കാമ-ക്രോധ-മോഹങ്ങളെ ജയിച്ച്, ജ്ഞാന പ്രകാശത്താൽ, പരമമായ സത്യമറിഞ്ഞ്, വികാരങ്ങൾ, ഭീരുത്വം, രാഗം, ദ്വേഷം ...... എന്നിവയിൽ നിന്നകന്ന് ലോകത്തിന്റെ നിലനിൽപിന്നാധാരമായ കർമ്മയോഗികളാകണം (നമ്മൾ) അർജ്ജുനാ! എന്ന് കർമ്മയോഗം വിവരിച്ചുകൊണ്ട് ശ്രീകൃഷ്ണൻ ഉപദേശിക്കുന്നു.

(4) ഈ ജ്ഞാനം അനാദിയാണ്, മാനവരാശിക്ക് അത് വിസ്മൃതിയിലാകുമ്പോൾ കാലാകാലങ്ങളിൽ ഞാൻ (ശ്രീകൃഷ്ണൻ) അതോർമ്മിപ്പിക്കുന്നു എന്നുമാത്രം. ധർമ്മ പുനസ്ഥാപനമാണ് അവതാരങ്ങളുടെ ലക്ഷ്യം. അവരുടെ പന്ഥാവിലൂടെ കർമ്മയോഗികൾ ചരിക്കണം കർമ്മങ്ങളൊന്നും അവതാരങ്ങളെ ബന്ധിക്കുന്നില്ല. കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യരെ നാലായി ഭാഗിക്കാം. കർമ്മാതീതനാകുന്നതുവരെ മാത്രമാണിത്. കർമ്മയോഗിയെ ഇവയൊന്നും സ്പർശിക്കുന്നുമില്ല.



Scanned with CamScanner

കർമ്മം - അകർമ്മം - വികർമ്മം ഇവ മൂന്നും ഭേദഭാവങ്ങളില്ലാതെ യോഗിക്ക് പ്രാപ്യമാകണം. കർമ്മഫലാസക്തിയില്ലാതെ, കർമ്മം ധർമ്മമാക്കി, അസൂയ - വാശി - പക എന്നീ മാനസിക പിരിമുറുക്കങ്ങളില്ലാതെ, ആത്മജ്ഞാനിയായി, പരബ്രഹ്മത്തിലർപ്പിച്ച്, ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച്, കർമ്മങ്ങൾ യജ്ഞങ്ങളാക്കി, പഞ്ചപ്രാണനെ പ്രാണായാമത്തിലൂടെ നിയന്ത്രിച്ച്, പാപമുക്തനായി ആനന്ദതൃപ്തനായി, ഗുരുവിൽ നിന്നുനേടിയ ജ്ഞാനത്തിലൂടെ ജ്ഞാനിയായിത്തീർന്ന്, കർമ്മധർമ്മങ്ങളിൽ സംശയങ്ങളില്ലാതെ, അനുഷ്ഠിക്കുന്ന കർമ്മത്തിന് ഒരിക്കലും പാപമില്ലെന്നറിയണം. അത് നിരന്തരം അനുഷ്ഠിക്കണം എന്ന് ജ്ഞാനകർമ്മ സന്യാസയോഗത്തിലൂടെ ശ്രീകൃഷ്ണൻ അറിയിക്കുന്നു. (5) അവയുടെ പരമമായ അവസ്ഥയിൽ ജ്ഞാനയോഗവും കർമ്മയോഗവും തമ്മിൽ വ്യത്യാസമില്ലതന്നെ. ഉന്നതമായ ജ്ഞാനയോഗം കർമ്മയോഗത്തിലൂടെ പ്രാപ്യമാകേണ്ടതാണ്. കർമ്മങ്ങളിൽ ബന്ധിതനാകാതെ, കർമ്മേന്ദ്രിയങ്ങളേയും ജ്ഞാനേന്ദ്രിയങ്ങളേയും ദിശാബോധം നൽകി, മനോനിയന്ത്രണത്തിലൂടെ, ഈശ്വരാർപണമായി, ശാന്തചിത്തനായി, മനസ്സുകൊണ്ട് സന്യാസിയായി, കർതൃത്വപദവിയില്ലാതെ, ജീവിത യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബോധവാനായി, പരമസത്യത്തിൽ മനസ്സ് ലയിപ്പിച്ച്, ഏകചൈതന്യാസ്തിത്വമറിഞ്ഞ്, ലക്ഷ്യബോധത്തോടെ, നിസ്സംഗനായി, ആനന്ദാവസ്ഥയിലെത്തി, അദ്വൈതഭാവത്തോടെ, കാമക്രോധങ്ങളിൽ നിന്ന് മുക്തനായി, ചിന്താനിയന്ത്രണത്തിലൂടെ, പ്രവർത്തിക്കുകയോ പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുന്ന കർമ്മയോഗിയും ജ്ഞാനയോഗിയും യഥാക്രമം ഒരേ അവസ്ഥയിലുള്ള യോഗിവര്യന്മാരായിത്തീരുന്നു എന്ന് കർമ്മസന്യാസയോഗം വിവരിച്ചുകൊണ്ട് ശ്രീകൃഷ്ണൻ ഉപദേശിക്കുന്നു. (6) കർമ്മങ്ങളെല്ലാം യോഗികൾക്ക് ഉയരങ്ങളിലേക്കുള്ള ചവിട്ടുപടിമാത്രമാണ്. സ്വയം ഉയരുക, സ്വയം അപകീർത്തിപ്പെടുത്താതിരിക്കുക, അവനവൻ തന്നെയാണ് അവനവന്റെ ബന്ധുവെന്നും അവനവൻതന്നെയാണ് അവനന്റെ ശത്രുവെന്നുമറിയുക. നന്മതിന്മകളിൽ ചുറ്റിത്തിരിയാതെ, ജ്ഞാനിയും വിജ്ഞാനിയുമായി, സമദർശിയായി, അമിതാഗ്രഹങ്ങളില്ലാതെ, ഏകാകിയായി ഏകാഗ്രഭാവത്തോടെ യോഗനിഷ്ഠയിലിരുന്നു, നിദ്ര ഭക്ഷണമുൾപ്പെടെ അമിതമായതെല്ലാം ത്യജിച്ച്, കാറ്റില്ലാത്ത വേളയിലെ ദീപജ്വാലപോലെ, ശാന്തനായി, മനസ്സിനെ അചഞ്ചലമാക്കി, ഈശ്വരൈക്യം പ്രാപിച്ച്, സർവ്വത്ര ഈശ്വരാംശം ദർശിച്ച്, നിരന്തരമായ അഭ്യാസത്തിലൂടെ യോഗാവസ്ഥ പ്രാപിച്ച് യഥാർത്ഥയോഗിയായിത്തീരണം. പൂർണാവസ്ഥയിലെത്താൻ സാധിക്കാതെ



Scanned with CamScanner

വരുന്ന യോഗി, ഈ നിഷ്ഠ സാധിക്കുന്നവിധത്തിൽ അനുഷ്ഠിച്ചാൽതന്നെ ശ്രേഷ്ഠമായ കുലത്തിലോ യോഗിയുടെ കുലത്തിൽ തന്നെയോ അടുത്ത ജന്മം ലഭിച്ച്, അവിടെ പൂർവജന്മസ്മരണയിലൂടെ പുനർസാധന നടത്തി പരമമായ യോഗവസ്ഥയിലെത്താവുന്നതാണെന്ന് ആത്മസംയമയോഗത്തിലൂടെ ശ്രീകൃഷ്ണൻ വിവരിക്കുന്നു. (7) ഈശ്വരനിൽ സ്വയം സമർപ്പിച്ച് ശാസ്ത്രഹിതമായ ആത്മീയത പരിശീലിച്ച്, സിദ്ധന്മാരുടെ നിലവാരത്തിലേക്കുയർന്ന്, പ്രകൃതിയുടെയും പ്രപഞ്ചത്തിന്റേയും സമഗ്ര ജ്ഞാനം നേടി, ചരാചരങ്ങളിലെ ചൈതന്യമറിഞ്ഞ്, നന്മയായിട്ടുള്ള എല്ലാത്തിന്റേയും ഗുണങ്ങളറിഞ്ഞ്, ബുദ്ധി-തേജസ്-ബലം-ഈശ്വരീയാഭിലാഷങ്ങൾ-ഗുണങ്ങൾ-സിദ്ധി-ശക്തി-എല്ലാത്തിനുമാധാരമായ ബീജവുമെല്ലാം ഈശ്വരാംശമാണെന്നറിഞ്ഞ്, സുഖം / ദുഃഖം, ലാഭം / നഷ്ടം, സ്തുതി/നിന്ദ..... ഇത്തരത്തിലുള്ള ദ്വന്ദങ്ങളിൽ നിന്നു മോചനം നേടി, പാപസ്പർശമേൽക്കാതെ ജരാമരണ ദുഃഖങ്ങളിൽ നിന്നും മോചനം നേടി, കർമ്മയോഗിയായി, ഉത്തമനും ശ്രേഷ്ഠനുമായി, ജീവിത ദൗത്യം നിറവേറ്റുമ്പോഴാണ്. ഹേ അർജ്ജുനാ ജീവിതം ധന്യമാകുന്നത്. ഇതാണ് ജ്ഞാന വിജ്ഞാന യോഗം! (8) യോഗദർശനത്തിലെ ബ്രഹ്മം, കർമ്മം, അധിഭൂതം, അധിദൈവം, അധിയജ്ഞം എന്നിവയെന്താണെന്നറിഞ്ഞാൽ കൊള്ളാമെന്ന അർജ്ജുനന്റെ ആഗ്രഹത്തിനു ശ്രീകൃഷ്ണൻ നൽകുന്ന വിശദീകരണം : ഒരിക്കലും നാശമില്ലാത്തതേതോ അതു ബ്രഹ്മം. സ്വതസിദ്ധമായ ഭാവമാണ് അദ്ധ്യാത്മം, ചരാചരങ്ങളുടെ ഉത്ഭവകാരണമായത് (ആദി) കർമ്മം, നാശവിധേയമാകുന്നതെല്ലാം അധിഭൂതം, പ്രപഞ്ചചൈതന്യം അധിദൈവ(ത)ം ശരീരത്തിൽ വസിക്കുന്ന ഈശ്വരചൈതന്യം സാക്ഷിയായി നടക്കുന്ന എല്ലാ കർമ്മങ്ങളും അധിയജ്ഞമാണ്. അന്ത്യമെന്നത്, ഏതിനെ സ്മരിച്ചുകൊണ്ടാണോ മരണത്തെ പ്രാപിക്കുന്നത്. അത് പരമമായ ഈശ്വരചൈതന്യമാണെങ്കിൽ ആ പദപ്രാപ്തിയാണ് ശ്രേഷ്ഠമായത്. ഈശ്വരസ്മരണയിലൂടെ, കർമ്മനിരതനായി, 'ഓം' ജപിച്ച്, ജനനമരണ ദുഃഖങ്ങളിൽ നിന്ന് മോചിതനായി, ദുഃഖങ്ങളില്ലാതെ, അനാദികാലം, ബ്രഹ്മത്തോട് ചേർന്ന്, തത്പദ പ്രാപ്തി സാധിക്കുന്നു. ഇവർക്ക് സ്വന്തം ഇച്ഛയാൽ സ്വീകരിക്കാവുന്ന രണ്ടു മാർഗ്ഗമുണ്ടത്രെ. ജനനമരണങ്ങൾക്കതീതമായി ബ്രഹ്മപദത്തിലെ സ്ഥിരവാസം അല്ലെങ്കിൽ ഇഷ്ടമുള്ള കുലത്തിൽ ശ്രേഷ്ഠമായ പുനർജന്മം. യോഗിക്ക് ഈ രണ്ടു പന്ഥാവുകളിൽ ശ്രേഷ്ടമായത് ഇഷ്ടാനുസാരം തെരഞ്ഞെടുക്കാവുന്നതാണ്. ഇതാണ് അക്ഷരബ്രഹ്മയോഗവിവരണം ! (9) രൂപ-രസ-ഗന്ധ-ഭാവ-വർണങ്ങളില്ലാതെ



Scanned with CamScanner

പ്രപഞ്ചം മുഴുവനും നിറഞ്ഞിരിക്കുന്ന അദൃശ്യശക്തിയുടെ (നിർഗുണഭാവം) ഉപാസനയിലൂടെയും യോഗപദപ്രാപ്തി സാധ്യമാണ്. പ്രളയത്തിൽ എല്ലാം അലിഞ്ഞുചേരുന്നതും, സൃഷ്ടിയിൽ പുനർജനിക്കുന്നതുമായ പ്രപഞ്ചചൈതന്യ ഉപാസനയാണത്, മനുഷ്യരൂപങ്ങൾക്കപ്പുറം, കർമ്മബന്ധമില്ലാതെ, ദിശാബോധത്തോടെ, നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബ്രഹ്മത്തിന്റെ ഉപാസന തന്നെയാണിതും, എന്ന് ജ്ഞാനികൾ മനസ്സിലാക്കുന്നു. **ഈ ചൈതന്യവും ഞാൻ തന്നെയാണർജ്ജുനാ!** യജ്ഞവും, യജ്ഞദ്രവ്യവും, മന്ത്രവും, അഗ്നിയും, ദഹനവും, യജ്ഞകർത്താവും, വേദവും, ഓംകാരവും സർവസാക്ഷിയും, സൂര്യചൈതന്യവും, പ്രപഞ്ചത്തിലെ സൃഷ്ടി സ്ഥിതി സംഹാരശക്തിയും...... എല്ലാമെല്ലാം ഞാൻ തന്നെ. യജ്ഞത്തിലൂടെയും പൂജാവിധികളിലൂടെയും, കർമ്മധർമ്മങ്ങളിലൂടെയും, ഭക്തിയിലൂടെയും നൽകുന്നതെല്ലാം സ്വീകരിക്കുന്ന പരമമായ ഈശ്വര ചൈതന്യം ഞാൻ തന്നെയാണെന്നറിയുക. അതിനാൽ നിന്റെ മനസ് എന്നിൽ പൂർണമായും അർപ്പിച്ച് കർമ്മമനുഷ്ഠിക്കുക! രാജവിദ്യാരാജഗുഹ്യയോഗമാണീ വിവരണങ്ങൾക്കാധാരം ! (10) ആദിയും അന്ത്യവുമില്ലാത്ത പ്രപഞ്ചചൈതന്യത്തെക്കുറിച്ചുള്ള അറിവുതന്നെ അവ്യക്തമാണ്. ബുദ്ധി - ജ്ഞാനം - ക്ഷമാ - ആഗ്രഹം - സത്യം - ദമം - ശാന്തി - സുഖം - ഭയാഭയം - അഹിംസ, തുല്യത - സന്തോഷം - തപസ് - ദാനശീലം - യശസ്...... ഇവയെല്ലാം പരമമായ ഈശ്വരചൈതന്യ പ്രദർശനമാണ്. സർവചരാചരങ്ങളുടെ ജനനം - നിലനിൽപ് - മരണം, ഈശ്വരീയഭാവമാണ്. ഈശ്വരാർപണമായ മനസ്സാണ് പ്രകാശിതമാകുന്നത്. (ഇത്രയും ശ്രീകൃഷ്ണൻ വിവരിച്ചപ്പോൾ പ്രപഞ്ചചൈതന്യത്തെക്കുറിച്ച് കൂടുതൽ അറിയണമെന്ന അർജ്ജുനാഗ്രഹപ്രകാരം വിശദീകരണം നൽകുന്നു.) ഈ പ്രപഞ്ചത്തിലുള്ളതിൽ ശ്രേഷ്ഠമായതിനെയെല്ലാം ഈശ്വരീയമെന്നു പറയുന്നു. ആത്മാവും, ജ്യോതിർഗോളങ്ങളും, ചന്ദ്രനും, സൂര്യനും, വേദങ്ങളും, ദേവന്മാരും, ഇന്ദ്രിയങ്ങളും, ശങ്കരനും, യക്ഷന്മാരും, പർവതങ്ങളും, സാഗരങ്ങളും, മഹർഷിമാരും, അക്ഷരങ്ങളും, യജ്ഞങ്ങളും, ഹിമാലയവും, വൃക്ഷങ്ങളും, ദേവർഷിമാരും, ഗന്ധർവന്മാരും, അശ്വങ്ങളും, ഗജങ്ങളും, ആയുധങ്ങളും ധേനുക്കളും, വികാരങ്ങളും, നാഗങ്ങളും, പിതൃക്കളും, ദൈത്യന്മാരും, കാലവും, മൃഗങ്ങളും, പക്ഷികളും, ശസ്ത്രങ്ങളും, മത്സ്യങ്ങളും, ആത്മവിദ്യയും, ഭാഷാവ്യാകരണവും, നിയന്താവും, സംഹാരശക്തികളും, ഭാഷാ ശാസ്ത്രഛന്ദഃസ്സുകളും, മാസങ്ങളും, കലയും, കളിയും, പാണ്ഡവരും, മുനിമാരും, വ്യവസ്ഥകളും, പരാശക്തിബീജവും..... എല്ലാമെല്ലാം എടുത്താൽ



Scanned with CamScanner

അതിലെ ഉത്തമമായതെല്ലാം ഞാനാണർജ്ജുനാ ! പരമപ്രകാശമായ വിഭൂതിയോഗവിവരണമാണവയെല്ലാം ! (11) മേൽവിവരിച്ച പരമചൈതന്യങ്ങളാൽ സമഞ്ജസപ്പെട്ട പ്രപഞ്ചപുരുഷചൈതന്യദർശനം, ജ്ഞാനദൃഷ്ടിയിലൂടെ തനിക്കുപ്രിയപ്പെട്ടവനും ശിഷ്യസ്ഥാനീയനുമായ അർജ്ജുനന് കൃഷ്ണൻ നൽകുന്നു. വിശ്വരൂപദർശനയോഗമാണിത് ! ആയിരക്കണക്കിന് രൂപങ്ങൾ, ഭാവങ്ങൾ, വർണങ്ങൾ സമന്വയിച്ച് ദിവ്യങ്ങളായ സർവതും സമഞ്ജസപ്പെടുന്ന പ്രപഞ്ച പുരുഷരൂപം സഞ്ജയനും അർജ്ജുനനും ദർശിക്കുന്നു. ആയിരക്കണക്കിന് സൂര്യന്മാരുദിച്ചുയരുന്ന പ്രഭയോടെയുള്ള ആശ്ചര്യജനകമായ ദിവ്യരൂപത്തിൽ കാണുന്നതിനെയെല്ലാം ദിവ്യങ്ങളായ പദങ്ങളിലൂടെ അർജ്ജുനൻ സ്തുതിക്കുന്നു. ജീവജാലങ്ങളെല്ലാം ഈ വിശ്വരൂപത്തിൽ നിന്നുത്ഭവിച്ച് അതിൽതന്നെ വലയം പ്രാപിക്കുന്ന പ്രതിഭാസവും ദർശിച്ച്, അത്ഭുത-ഭീതനായി നിൽക്കുന്നതുകണ്ടു വിശ്വരൂപത്തിലെ ശ്രീകൃഷ്ണൻ പറഞ്ഞു. ഭൂത-വർത്തമാന ഭാവിയാകുന്ന കാലമാണ് ഞാൻ, ജനനമരണങ്ങൾ കാലത്തിന്റെ പ്രതിഭാസമാണ്. ഈ മൂന്നു കാലങ്ങളിൽ എവിടെനിന്നു നോക്കുന്നുവോ അതാണ് സത്യം (ഭാവിയിൽ നിന്ന് വർത്തമാനത്തിലേക്കു നോക്കിയാൽ) നിന്റെ മുന്നിലുള്ളവരെല്ലാം മരിച്ചുകഴിഞ്ഞിട്ടുണ്ടെന്നറിയാം. അവരെ കാലം സ്വീകരിച്ചുകഴിഞ്ഞു. നീ ഒരു നിമിത്തം മാത്രമായി കർമ്മം അനുഷ്ഠിക്കാനാണ് ഇവിടെ ജന്മം കൊണ്ടിരിക്കുന്നത്..... ഭയഭീതനായ അർജ്ജുനാഭ്യർത്ഥനപ്രകാരം വിശ്വരൂപത്തിൽ നിന്നും ചതുർബാഹുവായ മഹാവിഷ്ണുവായും, ശാന്തരൂപത്തിൽ കൃഷ്ണൻ ദർശനം നൽകുന്നു. ഹേ അർജ്ജുനാ നീ സ്വധർമ്മമനുഷ്ഠിക്കേണ്ടത് പ്രകൃതിനിയമമാണെന്ന് ഓർമ്മിപ്പിക്കുന്നു! വിശ്വരൂപദർശനയോഗാദ്ധ്യായമാണിത്! (12) ജീവിതത്തെ തത്വദർശനത്തിന്റെ പ്രകാശത്തിൽ വിലയിരുത്തി ഈശ്വരാർപ്പണമായിതന്നെ, ബ്രഹ്മോപാസനാമാർഗവും ലക്ഷ്യവും ആക്കി, എല്ലാം എന്നിലർപ്പിച്ച്, നിരന്തരസാധനയിലൂടെ, കർമ്മധർമ്മങ്ങൾ ഭഗവാനുള്ള പൂജയാക്കി മാറ്റി, ജ്ഞാനിയായി, കർമ്മഫലങ്ങളെക്കുറിച്ച് ചിന്തിക്കാതെ, അഹങ്കാരവും അഹംഭാവവും ഇല്ലാത്തവനായി, ജിവിതതൃപ്തിയോടെ സുഖദുഃഖവിചാരവികാരങ്ങളിൽ നിന്നും മോചനം നേടി. ശത്രുമിത്ര-സ്തുതിനിന്ദ - ഉയർച്ച താഴ്ച - ജയപരാജയ - ശീതോഷ്ണ - വ്യത്യാസമില്ലാതെ കർമ്മം തന്നെ ധർമ്മം എന്നറിഞ്ഞ് കർമ്മനിരതനാകൂ എന്ന് ഭക്തിയോഗം വിവരിച്ച് കൃഷ്ണനുപദേശിക്കുന്നു. (13) ശരീരമെന്നക്ഷേത്രം, എന്നും വികാരവിചാരങ്ങൾക്കധീനമാണ്. അതിൽ നിവസിക്കുന്ന ജീവാത്മചൈതന്യമാണ് ക്ഷേത്രജ്ഞൻ. കണ്ണ്, ചെവി,



Scanned with CamScanner

മൂക്ക്, നാക്ക്, ത്വക്ക് ഇവയെല്ലായിപ്പോഴും സുഖത്തിനായിട്ടന്വേഷിക്കുന്നു. നിരന്തരസാധനയിലൂടെ മനസ്സിനെ നിയന്ത്രിച്ച് അസൂയ-വാശി-പക-ദേഷ്യം.... എന്നീ ദുർവിചാരങ്ങളെ അകറ്റി, ഋഷിതുല്യനായിത്തീരുവാൻ ശ്രമിക്കണം. സർവചരാചരങ്ങളിലും നിറഞ്ഞുനിൽക്കുന്ന ബ്രഹ്മ ചൈതന്യം ശാസ്ത്രീയമായി ശ്രീകൃഷ്ണൻ വിവരിച്ച് അതിന്റെ പരമ ജ്ഞാനപദത്തിലെത്തണം എന്ന് നിർദ്ദേശിക്കുന്നു. പ്രകൃതി പ്രപഞ്ച പുരുഷബന്ധം, കാര്യകാരണബന്ധം, ക്ഷേത്ര ക്ഷേത്രജ്ഞ ബന്ധം, ഗുണ-കാരണ ബന്ധം, ദർശനവിഷയനിരൂപണം...... ഇവയെല്ലാം ശാസ്ത്രപ്രകാശത്താൽ വിശകലനം ചെയ്ത് പരമാത്മ-പരബ്രഹ്മ ചൈതന്യ ജ്ഞാന നിർവൃതി നേടി, ശരീരത്തിന്റേയും ജീവാത്മാവിന്റേയും ധർമ്മ കർമ്മാനുഷ്ഠാനമെന്തെന്നറിഞ്ഞ് കർമ്മത്തിലൂടെ ചരിച്ച് ജ്ഞാനിയാകണം. ഇതാണ് ക്ഷേത്ര ക്ഷേത്രജ്ഞവിഭാഗയോഗം! (14) ബ്രഹ്മ-പരമാത്മ ചൈതന്യം - ജീവാത്മ ചൈതന്യം - ബുദ്ധി - സത്വ - രജസ് - തമോഗുണങ്ങൾ .......... വിവരിച്ച് ആത്മചൈതന്യത്തിന്റെ സാക്ഷിഭാവവും വിവരിച്ച്, മനുഷ്യമനസ് - പ്രവൃത്തി - തപസ് - മാർഗം - ലക്ഷ്യം - കർമ്മം - കർമ്മഫലം..... ഇവയെ സത്വ-രജസ്-തമോ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീകൃഷ്ണൻ വിശകലനം ചെയ്തുപദേശിക്കുന്നു. ശ്രേഷ്ഠനായ യോഗി ഗുണാതീതനാകണമെന്നുപദേശിക്കുന്നു. ധീരയോദ്ധാവിന് ഒരു ലക്ഷ്യമേയുള്ളൂ, അതുപോല യോഗിക്കും ഒരു ലക്ഷ്യമേയുള്ളൂ! ഗുണത്രയ വിഭാഗയോഗത്തിലൂടെയുള്ള വിശകലനമാണിത്! (15) കർമ്മബന്ധത്തിലൂടെ വളരുന്ന എല്ലാത്തിൽ നിന്നും മനസ്സിനേയും ഇന്ദ്രിയങ്ങളേയും മോചിപ്പിച്ച്, ദുഷിപ്പിക്കുന്ന വിചാരവികാരങ്ങളിൽ നിന്ന് മോചനം നേടി, ജീവിത ലക്ഷ്യ ബോധത്തോടെ, സർവചരാചരങ്ങൾക്കും ആധാരമായ പരമചൈതന്യത്തെയറിഞ്ഞ്, ശാശ്വതമായ ഈശ്വരചൈതന്യവും, മരണമുള്ള ശരീരവും കാര്യകാരണബന്ധത്തോടെ വിവേചിച്ചറിഞ്ഞ് കർമ്മങ്ങളനുഷ്ഠിക്കണം. അന്ത്യത്തിൽ അതേ പരമ ചൈതന്യത്തിലെത്തിച്ചേരുകതന്നെ ചെയ്യുമെന്ന് പുരുഷോത്തമയോഗത്തിലൂടെ വിവരിക്കുന്നു. (16) ആസുരിക സ്വഭാവം ഈശ്വരീയ സ്വഭാവം എന്നിപ്രകാരം രണ്ടുതരം സ്വഭാവഗുണമുള്ള മനുഷ്യരാണുള്ളത്. നിർഭയത്വം, മനശുദ്ധി, ദയ, ഇന്ദ്രിയ നിയന്ത്രണം, ഈശ്വരോപാസന ശ്രേഷ്ഠസേവനം, ജ്ഞാനസമ്പാദനം, യജ്ഞാനുഷ്ഠാനം, ത്യാഗം, അഹിംസ, സത്യം, അക്രോധം, ശാന്തഭാവം, കർതൃത്വ നിരാകരണം, മനോബലം, വാക്ശുദ്ധി, കാരുണ്യം, ശാന്തമായ പെരുമാറ്റം, വേദപൂജനം, ക്രൂരപ്രവർത്തികളിൽ നിന്നു മോചനം, തേജസ്, ക്ഷമാ, ദൃഢനിശ്ചയം, വൃത്തി / ശുദ്ധി, മിത്രത്വം, അന



Scanned with CamScanner

ഹങ്കാരം... ഇവയെല്ലാം ഈശ്വരീയ ഭാവങ്ങളും ഗുണങ്ങളുമാണ്. ഇവയുടെ എതിരായിവരുന്നതും, ദംഭ്, അഹങ്കാരം, ദുരഭിമാനം, ദ്വേഷ്യം, വാശി, അജ്ഞത ഇവയെല്ലാം ആസുരികവുമാണ്.

ആസുരിക സ്വഭാവമുള്ളവരുടെ പ്രത്യേകതകൾ : സദാചാരമില്ലായ്മ, ധർമ്മബോധമില്ലായ്മ, ശരിയും തെറ്റും ദുർവ്യാഖ്യാനം ചെയ്യുക, വൈരുധ്യാധിഷ്ഠിത വാദം അടിസ്ഥാന തത്വങ്ങളായംഗീകരക്കൽ, മനുഷ്യന്റെ ആവശ്യകതയും ആഗ്രഹങ്ങളും മാത്രമാണെല്ലാത്തിന്റേയും ആധാരമെന്ന് പ്രഖ്യാപിക്കൽ, നശീകരണസ്വഭാവം, അത്യാഗ്രഹം, തെറ്റായ മുദ്രാവാക്യപ്രയോഗം, അജ്ഞത, അഹങ്കാരം, പ്രദർശന/ പ്രകടനഭാവം, ആഡംബരാസക്തി, വീറ്, വാശി, പക, ദ്വേഷ്യം, ധനസമ്പാദനം, ഞാൻ-എന്നിൽ എല്ലാം നിലകൊള്ളുന്നു എന്ന ഭാവം, പദവി, അധികാരം, ക്രൂരത, .......... ഇവയെല്ലാം ആസുരീകസ്വഭാവത്തിന്റെ ഭാഗമാണ്. നരകത്തിന്റെ മൂന്നു വാതിലുകളായ കാമം - ക്രോധം - ലോഭം ഇവയിലൂടെയാണ് ആസുരികലക്ഷണമുള്ളവർ ചരിക്കുന്നത്. ഈശ്വരീയ ഭാവമുള്ളവരാകട്ടെ ധർമ്മത്തിന്റെ നന്മനിറഞ്ഞ ദ്വാരത്തിലൂടെ ചരിക്കുന്നു. ഇത് തിരിച്ചറിഞ്ഞ് ശരിയായ പന്ഥാവിലൂടെ ചരിക്കണം. ഇതത്രെ ദൈവാസുര സമ്പദ്വിയോഗം ! (17) ശാസ്ത്രവിധി ശാസ്ത്രീയമായി അനുശാസിക്കണം. പ്രപഞ്ചത്തിൽ നിലനിൽക്കുന്ന എല്ലാ ദ്രവ്യങ്ങളും, വിചാരങ്ങളും, വികാരങ്ങളും ............. സത്വഗുണം, രജോഗുണം, തമോഗുണം എന്നീ മൂന്ന് പ്രകാരത്തിൽ വിഭജിക്കാവുന്നതാണ്. മൂന്നു പ്രകാരത്തിലുള്ള (സത്വഭാവം, രജോഭാവം, താമസികഭാവം) ശ്രദ്ധ, സ്വഭാവം, ആഹാരം, തപശ്ചര്യ, വാക്പ്രയോഗം, മാനസികാവസ്ഥ, ദാനം, ജ്ഞാനം, യജ്ഞം, യജ്ഞഫലം ............... വിവരിക്കുന്നത് സശ്രദ്ധം പഠിക്കണം. സദ്ഫലങ്ങൾ പ്രദാനം ചെയ്യുന്നത് സത്വഗുണമുള്ളവയാണ്. വാശി-പക ഇവയുടെ തിക്തഫലങ്ങൾ രജോഗുണമുള്ളവയിൽ നിന്നുണ്ടാകുന്നു. നശീകരണ സ്വഭാവമുള്ളതും സർവനാശത്തിനു കാരണമാകുന്നതും താമസിക ദോഷഫലങ്ങളാണ്. ഇവയിൽ നിന്ന് നാം നന്മകൾ സ്വീകരിച്ച് കർമ്മനിരതരാകണം. ശ്രദ്ധാത്രയ വിഭാഗ യോഗത്തിലൂടെ വിവരിക്കുന്നു. (18) ഭൗതീക ആഗ്രഹങ്ങൾ ത്യജിക്കുന്നതാണ് സന്യാസം, ഈ ത്യാഗം തന്നെ സത്വ-രജസ് -തമോ ഗുണാടിസ്ഥാനത്തിൽ വിശകലനം ചെയ്യാം. കർമ്മം ഏതുവിധത്തിലുള്ളതാണെങ്കിലും അത് സ്വധർമ്മത്തിന്റെ ഭാഗമാണെങ്കിൽ ത്യജിക്കേണ്ടതില്ല. അതേസമയം കർമ്മഫലം ത്യജിക്കുകയാണുത്തമം. കളങ്കമില്ലാത്ത മനസ്സുമായി അഹങ്കാരമോ അതിമോഹമോ ഇല്ലാതെ സത്വ-രജസ് തമോഗുണപ്രദങ്ങളായ കർമ്മങ്ങൾ / കർമ്മഫലങ്ങൾ /



Scanned with CamScanner

കർമ്മാസക്തി ഇവക്കതീതനായി, തൃഗുണാധിഷ്ഠിതമായ ബുദ്ധിയും, നിഷ്ഠയും, നിശ്ചയവും, ധൃതിയും, സുഖവും എന്തെന്നറിഞ്ഞ് അതിന്നുമതീതനായി, തൃഗുണാതീതനായ മനുഷ്യനായി, ഏറ്റവും ശ്രേഷ്ഠമായ സ്വധർമ്മം (അതിൽ എന്തെല്ലാം കുറവുകളുണ്ടെങ്കിലും) അനുസരിച്ച്, സ്വദൗത്യം നിറവേറ്റണം. ഓരോവ്യക്തിയും അവന്റെ ചുറ്റുപാടുകളിൽ നിന്നും, ജന്മത്തിലൂടെയും, ആശ്രമധർമ്മത്തിലൂടെയും സ്വയം നിർവഹിക്കേണ്ടതായ ധർമ്മം സ്വന്തം ഇച്ഛയോടെ നിർവഹിച്ചില്ലെങ്കിൽ ചുറ്റുപാടുകളുടെ സമ്മർദ്ദത്താൽ അതു നിർവഹിക്കുവാൻ നിർബന്ധിതനാകുകതന്നെ ചെയ്യും. ഇതിൽ നിന്നും ഒളിച്ചോടി രക്ഷപ്പെടുവാൻ ആർക്കും സാധ്യമല്ലതന്നെ. അതിഗഹനമായ ജ്ഞാനമാണ് ശ്രീകൃഷ്ണൻ വിവരിച്ചുനൽകിയിരിക്കുന്നത്. (ശാസ്ത്രീയവും, പ്രായോഗികവും, കാലത്തിനും-ദേശത്തിനും-ഭാഷക്കും-മതത്തിനും-പ്രായത്തിനുമെല്ലാം അതീതമായ) ഈ ഭഗവദ്ഗീതാജ്ഞാനം ബുദ്ധിയുംയുക്തിയും ശാസ്ത്രബോധവുംകൊണ്ട് വിശകലനം ചെയ്ത് ശരിയായ മാർഗം സ്വയം തെരഞ്ഞെടുക്കുക എന്ന് ശ്രീകൃഷ്ണൻ അർജ്ജുനനോട് പറഞ്ഞു.

സഞ്ജയൻ ധൃതരാഷ്ട്ര മഹാരാജാവിനോട് എന്നപോലെ ആത്മഗതം പറയന്നു! അത്ഭുതകരമായ ജ്ഞാനമാർഗമായ ഭഗവദ്ഗീത പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ശ്രേഷ്ഠമായ ആനന്ദവും അനുഭൂതിയും നേടുന്നു. ശാസ്ത്രത്തിന്റെ പ്രതീകമായ അർജ്ജുനനും ആത്മീയതയുടെ പ്രതീകമായ ശ്രീകൃഷ്ണനും എവിടെയുണ്ടോ അവിടെ ഐശ്വര്യവും, വിജയവും, നന്മയും മംഗളദായക ചൈതന്യവും, ധാർമ്മീക മൂല്യങ്ങളും എന്നുമെന്നും നിലനിൽക്കുകതന്നെ ചെയ്യും! എന്ന് മോക്ഷ സന്യാസ യോഗത്തിലൂടെ വിവരിക്കുന്നു!

കലിയുഗം തുടങ്ങിയത് ബി.സി. 3102 ഫെബ്രുവരി 17 വ്യാഴാഴ്ച രാത്രി 11.55 ന്. അതിന് ഏകദേശം 38-40 വർഷങ്ങൾക്കുമുമ്പാണ് കുരുക്ഷേത്രയുദ്ധം നടന്നതത്രെ! ശ്രീകൃഷ്ണൻ അർജ്ജുനന് വിവരിച്ചത്, സഞ്ജയൻ ദർശിച്ച്/ശ്രവിച്ച് ധൃതരാഷ്ട്രർക്കു വിവരിച്ചത് വേദവ്യാസൻ മഹാഭാരതത്തിന്റെ ഭാഗമാക്കിയതാണ് ഭഗവദ്ഗീത.



Scanned with CamScanner

# ജീവിത സന്ദേശം

## യക്ഷന്റെ 121 ചോദ്യങ്ങളും ധർമ്മപുത്രന്റെ മറുപടികളും

### നമ്മുടെ ഇതിഹാസ ഗ്രന്ഥങ്ങൾ

**ആദികാവ്യമായ വാല്മീകി രാമായണവും മഹാഭാരതവും നൽകുന്ന സന്ദേശമെന്ത്?**

ഈശ്വരൻ തന്നെ മനുഷ്യനായി ഭൂമിയിൽ അവതരിച്ചാൽ ധർമ്മാധിഷ്ഠിതമായ ജീവിതം നയിക്കുന്നതെങ്ങിനെയായിരിക്കുമെന്ന സന്ദേശം നൽകാനായിട്ടാണ് ഇതിഹാസഗ്രന്ഥങ്ങളെഴുതിയിരിക്കുന്നത്. ധർമ്മമെന്തെന്നും, ദേശത്തിനും കാലത്തിനും, സന്ദർഭത്തിനും, ലക്ഷ്യത്തിനും, മാർഗത്തിനും, ധർമ്മവ്യാഖ്യാനത്തെ സ്വാധീനിക്കുവാൻ സാധിക്കുന്നതെങ്ങിനെയെന്നുമുള്ള പ്രായോഗിക പ്രദർശനമാണ്, ഇതിഹാസങ്ങളിലുള്ളത്.

പ്രധാന ചരിത്ര/ചരിത ഭാഗങ്ങളിലൂടെ കടന്നുപോകുന്നതു കൂടാതെ കഥകളും ഉപകഥകളും, ജീവിതസന്ദേശ സ്മരണയ്ക്കായി, ഈ രണ്ടുഗ്രന്ഥങ്ങളിലും ചേർത്തിട്ടുണ്ട്.

ഇതിഹാസങ്ങളിൽ സന്ദേശങ്ങളെല്ലാം, ചർച്ചചെയ്യുന്ന രീതിയിലാണ് വിഷയങ്ങൾ നൽകിയിട്ടുള്ളത്. ധർമ്മസന്ദേശങ്ങൾ വരികളിലൂടെ വായിച്ചുപോകുന്നതിനുപകരം നാടകം കാണുന്ന പ്രതീതി ഉളവാക്കുന്ന വിധത്തിൽ വികാര-വിചാര-വിക്ഷോഭങ്ങളിലൂടെ അവതരിപ്പിക്കുമ്പോഴാണ്, ധർമ്മശാസ്ത്ര സന്ദേശങ്ങൾ ജീവിതഗന്ധിയായിത്തീരുന്നത്. അവ രസകരമായി മനോമണ്ഡലത്തിൽ നിലനിൽക്കത്തക്കതായിത്തീരുന്നത്.

കഥകളും ഉപകഥകളും ചേർക്കുന്നതുപോലെ, ഇതിഹാസങ്ങളിൽ, സംഭവങ്ങളും ഉപസംഭവങ്ങളും ധാരാളമായി വരുന്നുണ്ട്. പ്രധാന വിഷയത്തിൽ നിന്ന് മാറി, മനോമണ്ഡലത്തിലേക്കും ബുദ്ധിയുടെ മണ്ഡലത്തിലേക്കും വ്യത്യസ്തമായ സന്ദേശങ്ങൾ നൽകുമ്പോൾ ഒരേ വിഷയം നിരന്തരമായി വായിക്കുന്ന അഥവാ കേൾക്കുന്ന വിരസത മാറ്റുവാനും, പല പല വിഭവങ്ങളിലൂടെ വിഭവസമൃദ്ധമായ ജ്ഞാനവിജ്ഞാന സന്ദേശങ്ങൾ എത്തിക്കുവാനും സാധിക്കുന്നു. ഭഗവദ്ഗീതയും, ഉദ്ധവോപദേശവും, വിദുരനീതിസാരവും, ഭീഷ്മോപദേശവുമെല്ലാം, ദേശകാലാതീതമായ ജ്ഞാനവിജ്ഞാന സമ്പത്തുക്കളായത് അപ്രകാരമാണ്. കഥകളിലും ഉപകഥകളിലും നിന്ന് സന്ദേശങ്ങൾ നാം തെരഞ്ഞെടുത്തുപയോഗിക്കണം. എന്നാൽ മേൽവിവരിച്ചതുപോലുള്ളവ പ്രത്യക്ഷമായ സന്ദേശങ്ങൾ തന്നെയാണ്. ആ സന്ദേശങ്ങൾ നേരിട്ട് ഉൾക്കൊള്ളാൻ സാധിക്കുന്ന നിലവാരത്തിലേക്ക് നാം ഉയരണം.

പ്രധാന ചരിതത്തിന്റെ ഭാഗമായും, കഥകളായും, ഉപദേശങ്ങളായും, മഹർഷിമാരുടെ വീക്ഷണങ്ങളായും, ചരിത്രപുരുഷന്മാരുടെ അഭിപ്രായങ്ങളായും, സംഭവങ്ങളായും വിവരിച്ചിരിക്കുന്നത് ഇതിഹാസത്തിന്റെ ഭാഗമായ വസ്തുതകളാണ്. ഇവയിൽ നിന്നും, ദേശത്തിനും കാലത്തിനുമനുസരിച്ച്, വേണ്ടതുൾക്കൊള്ളാനും, വേണ്ടാത്തത് തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യം നമുക്ക് നമ്മുടെ പിതാമഹന്മാർ നൽകിയിട്ടുണ്ട്. ഒരു കാര്യം പ്രത്യേകം ഓർമ്മിപ്പിക്കട്ടെ, മന്ഥരയേയോ, കൈകേയിയേയോ, രാവണനേയോ, കുംഭകർണനേയോ, ബാലിയേയോ, ദുഷ്ടബുദ്ധിയുള്ളവരായോ നീചന്മാരായോ വാല്മീകി മുദ്രകുത്തിയിട്ടില്ല. എല്ലാവരിലുമുള്ള നന്മതിന്മകൾ വിവരിക്കുന്നതുപോലെ അവരിലേയും ഗുണങ്ങളും ദോഷങ്ങളും വിവരിച്ചിട്ടുണ്ട്. ശകുനിയേയോ, ദുര്യോധനനേയോ ദുഃശാസനനേയോ നീചന്മാരായി വേദവ്യാസനും വിവരിച്ചിട്ടില്ല.

നല്ലവരെന്നോ നന്മയില്ലാത്തവരെന്നോ മുദ്രകുത്താതെ, നടന്ന സംഭവങ്ങളെ വിവരിച്ചിരിക്കുകയാണവർ ചെയ്തിട്ടുള്ളത്. അതിൽ നിന്നും, നമ്മൾ ആവശ്യമുള്ളത് സ്വീകരിക്കണം. തിന്മയാണു കണ്ടതെങ്കിൽ ആ തിന്മയും അതുപോലുള്ളതും നമ്മുടെ ജീവിതത്തിൽ പകർത്താതിരിക്കാൻ ശ്രമിക്കണം. നന്മകളാണു വായിക്കുന്നതെങ്കിൽ അത് ജീവിതത്തിൽ പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ ശ്രമിക്കണം. ആയിരക്കണക്കിന് വർഷത്തെ പഴക്കമുള്ള മൂല്യങ്ങൾ ജീവിതത്തിൽ പകർത്തുമ്പോൾ, അവശ്യം വേണ്ടതായ മാറ്റങ്ങൾ കൂട്ടിച്ചേർക്കാനും കുറവുകൾ പരിഹരിക്കാനും സാധിക്കണം.

ജീവിതത്തിൽ സുഖം - ദുഃഖം, ഉയർച്ച - താഴ്ച, സന്തോഷം - സന്താപം, വിജയം - തോൽവി, നേട്ടം - കോട്ടം, വരവ് - ചെലവ് ഇങ്ങനെയുള്ള അനവധി ഇരട്ട (ദ്വന്ദ്വ) ഗുണദോഷങ്ങൾ ചേർന്നതാണ് ജീവിതം എന്ന് പ്രായോഗിക തലത്തിൽ മനസ്സിലാക്കിക്കൊടുക്കുവാനുള്ള, അത്യുജ്ജ്വലമായ പന്ഥാവാണ്, ഇതിഹാസത്തിലൊന്നാമത്തേതിൽ, ശ്രീരാമചരിതത്തിലൂടെയും രണ്ടാമത്തേതിൽ കൗരവ-പാണ്ഡവരുടെ അനുഭവസന്ദേശങ്ങളിലൂടേയും നമുക്കു നൽകിയിരിക്കുന്നത്.

കഥകളില്ലാതെ, അനുഭവത്തിന്റെ ചെറുസ്പർശം ഏൽപിച്ച്, നേരിട്ടുള്ള ചോദ്യോത്തരങ്ങളിലൂടെ ജീവിതയാഥാർത്ഥ്യങ്ങളെക്കുറിച്ചും മറ്റനവധി വസ്തുതക്കളെക്കുറിച്ചും, പൊതുവിജ്ഞാനം - മനശാസ്ത്രം - പ്രപഞ്ച ശാസ്ത്രം തുടങ്ങി അനവധി വിഷയങ്ങളെക്കുറിച്ചും വളരെ ലളിതമായി, മഹാഭാരതത്തിൽ പ്രതിപാദിക്കുന്ന ഒരു ചെറിയ ഭാഗമാണ് യക്ഷപ്രശ്നം.

വനവാസകാലത്ത് ദാഹിച്ചുവലഞ്ഞപ്പോൾ, ജലമന്വേഷിച്ചുപോയ ഭീമാർജ്ജുന നകുല സഹദേവന്മാരെ കാണാതെ വന്നപ്പോൾ, അവരെ ധർമ്മപുത്രർ അന്വേഷിച്ചിറങ്ങി. അവർ മോഹാലസ്യപ്പെട്ട് തടാകതീരത്തു കിടക്കുന്നത് കണ്ടു. എന്താണ് സംഭവിച്ചതെന്ന് അന്വേഷിക്കുന്നതിനുമുമ്പ് അതികഠിനമായ ദാഹം ശമിപ്പിക്കണമെന്നുറച്ച് ധർമ്മപുത്രർ ജലം പാനം ചെയ്യാനൊരുമ്പെടുന്നു. തദവസരത്തിൽ അദൃശ്യനായ യക്ഷൻ ധർമ്മപുത്രർക്ക്



Scanned with CamScanner

നൽകുന്ന മുന്നറിയിപ്പിലൂടെയാണ് യക്ഷപ്രശ്നമാരംഭിക്കുന്നത്. ഈ തടാകം തന്റേതാണെന്നും അതിലെ ജലം കുടിച്ച് ദാഹശമനം വരുത്തുന്നതിനുമുമ്പ് തന്റെ ചോദ്യങ്ങൾക്കുത്തരം നൽകണമെന്നാവശ്യപ്പെടുകയും ചെയ്യുന്നു. ഉത്തരം നൽകാതെ ജലപാനത്തിനുശ്രമിച്ചാൽ അനുജന്മാരുടെ ഗതിയായിരിക്കും ഫലം എന്നും അറിയിക്കുന്നു. തുടർന്നാണ് യക്ഷൻ ചോദ്യങ്ങൾ ചോദിക്കാനാരംഭിക്കുന്നത്.

ഈ ചോദ്യങ്ങൾ മഹാഭാരതത്തിലെ പ്രധാന ചരിതത്തിന്റെ ഭാഗമേയാകേണ്ടവയാണെന്നു തോന്നുന്നില്ല. പിന്നെന്തിനിവിടെ ഈ സംഭവം അവതരിപ്പിച്ചു. (1) പാണ്ഡവരുടെ വേദനാജനകമായ ജീവിതാനുഭവം വിവരിക്കാൻ (2) നാലുപേരുടെ ക്ഷമയില്ലായ്മയും ധർമ്മപുത്രരുടെ പക്വതയും വിവരിക്കാൻ. (3) ധർമ്മപുത്രർ ഹസ്തിനപുരത്തിന്റെ രാജസിംഹാസനത്തിലിരിക്കാൻ എല്ലാ യോഗ്യതയുമുള്ള വ്യക്തിയാണെന്നും അതിഗഹനമായ പൊതു വിജ്ഞാനത്തിന്റെ ഭണ്ഡാരമാണെന്നും നാം അറിയാൻ. (4) അതേ സമയം അദൃശ്യനായ ഒരു യക്ഷനോടുപോലും അനുസരണാഗുണം പ്രദർശിപ്പിക്കണമെന്നും (5) ധർമ്മബോധം, ജ്ഞാനം, ക്ഷമ, പക്വത, യുക്തി, ബുദ്ധി, പ്രായോഗിക ജീവിത ജ്ഞാനം ഇവയെല്ലാം ജീവിതവിജയത്തിനും, ദുഃഖത്തിൽ നിന്നും സങ്കീർണമായ ചുറ്റുപാടുകളിൽ നിന്നും കരകയറാൻ ആവശ്യമാണെന്നും ബോധ്യപ്പെടുത്താൻ. ഇതാണ് ഈ യക്ഷപ്രശ്നത്തിലൂടെ നമുക്കു സാധിക്കുന്നത്. അതാണ് വ്യാസ ഭാരതത്തിന്റെ മഹത്വം. ഭാരതത്തിലെ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തോളം വരികളിൽ ഓരോ വരിയിലും, ഒരു സന്ദേശമെങ്കിലും ഉണ്ട്. സ്വീകരിക്കണമോ, തിരസ്കരിക്കണമോ എന്നു ചിന്തിക്കാനുള്ള സ്വാതന്ത്ര്യം നമുക്ക് നൽകിക്കൊണ്ട്, സ്വീകരിക്കണമെങ്കിലും, തിരസ്കരിക്കണമെങ്കിലും അതിനുള്ള ന്യായീകരണം സ്വയം കണ്ടെത്താനുള്ള ചുമതലയും നമ്മെത്തന്നെ ഏൽപിച്ച് പൂർവീകഋഷിവര്യന്മാർ മടങ്ങി. അവർ നൽകിയ സമ്പത്തുകൾ ഇന്നും നിലനിൽക്കുന്നു. ദേശം - കാലം - പ്രായം - ഭാഷ - ലിംഗ ഭേദങ്ങളില്ലാതെ എല്ലാവർക്കും പ്രാപ്യമായ വിധത്തിൽ ലളിതവും, ഗഹനവുമായവ ഇന്നും ഈ രാഷ്ട്രത്തിൽ നിലനിൽക്കുന്നു, കാരണം അവയിൽ ശാസ്ത്രവും ആത്മീയതയും സമന്വയിക്കുന്നു. യുക്തിയും ബുദ്ധിയും ശാസ്ത്രവും സമഞ്ജസപ്പെട്ടിരിക്കുന്നു. അവയെല്ലാം ദേശകാലാതീതങ്ങളാണ്, അവയെല്ലാം പ്രപഞ്ചസത്യങ്ങളാണ്.....

**യക്ഷന്റെ ചോദ്യങ്ങളും ധർമ്മപുത്രരുടെ ഉത്തരവും**

1. ആരാണ് ഒറ്റക്ക് സഞ്ചരിക്കുന്നത് ? **സൂര്യൻ**
2. ആരാണ് പുനർജനിക്കുന്നത് ? **ചന്ദ്രൻ**
3. തണുപ്പിനുള്ള പ്രതിവിധിയെന്ത് ? **അഗ്നി**
4. വിത്തുകൾക്കുള്ള ഉത്തമമായ ശയ്യയേത് ? **ഭൂമി**
5. സൂര്യനെ ഉദിപ്പിക്കുന്നതെന്ത് ? **പ്രപഞ്ച ചൈതന്യം**
6. സൂര്യന്റെ പരിവാരങ്ങളാര് ? **ഈശ്വരചൈതന്യം**



Scanned with CamScanner

7. സൂര്യാസ്തമയത്തിന് കാരണമെന്ത് ? പ്രകൃതിനിയമം
8. പ്രപഞ്ചക്രമം എന്തിലധിഷ്ഠിതമാണ് ? ശാശ്വതസത്യത്തിൽ
9. വേദപണ്ഡിതനാര് ? വൈദീക സംസ്കാരമുള്ളവൻ
10. വേദപണ്ഡിതൻ മഹാനാകുന്നതെപ്പോൾ ?
നിരന്തരമായ തപശ്ചര്യകൊണ്ട്
11 ഒരുവൻ രണ്ടാമനാകുന്നതെപ്പോൾ ? വാശിക്കടിമപ്പെടുമ്പോൾ
12. ഒരുവൻ ബുദ്ധിമാനാകുന്നതെങ്ങിനെ ?
ബുദ്ധിമാനുമായുള്ള സമ്പർക്കത്താൽ
13. ബ്രാഹ്മണരുടെ ദൈവീകത്വമെന്ത് ? വേദജ്ഞാനം
14. ബ്രാഹ്മണരുടെ ശരിയായ ധർമ്മമെന്ത് ? ജ്ഞാനതപസ്
15. ബ്രാഹ്മണരിലുള്ള സാധാരണത്വമെന്ത് ?
അവരും ഈ ഭൂമിയിൽ ശാശ്വതരല്ല എന്നത്
16. ക്ഷത്രിയരുടെ മഹത്വമെന്ത് ?
യുദ്ധായുധങ്ങളുടെ പ്രയോഗചാതുര്യം
17. ക്ഷത്രിയരുടെ നന്മയെന്ത് ? യാഗവും ത്യാഗവും
18. അവരിലുള്ള മാനുഷീകതയെന്ത് ? അവരിലുമുള്ള മരണ ഭയം
19. അവരിലെ തിന്മയെന്ത് ? യുദ്ധക്ഷേത്രമുപേക്ഷിച്ചുള്ള പലായനം
20. യാഗത്തിലെ സാമമെന്ത് ? പ്രാണ-ജീവചൈതന്യം
21. യാഗത്തിൽ വേണ്ടതെന്ത് ? മനസ്സ് - ശ്രദ്ധ
22. യാഗത്തിൽ പ്രധാനപ്പെട്ടതെന്ത് ? വേദമന്ത്രം
23. യാഗത്തിലൊഴിച്ചുകൂടാൻ വയ്യാത്തതേത് ? ഋഗ്വേദമന്ത്രം
24. വർഷിക്കുന്നതിലുത്തമമേത് ? മഴ
25. ആദ്യം ഭൂമിയിൽ നിക്ഷേപിക്കേണ്ടതെന്ത് ? വിത്ത്
26. നാൽക്കാലികളിലുത്തമമൃഗമേത് ? പശു
27. ഉത്തമമായ ലബ്ധിയെന്ത് ? ഉത്തമനായ പുത്ര ലബ്ധി
28. അദൃശ്യമെങ്കിലും സർവ്വരാലും ആദരിക്കപ്പെടുന്നതെന്തെല്ലാം? ദേവന്മാർ, പിതൃക്കൾ, ആത്മചൈതന്യം
29. ഭൂമിയേക്കാൾ ഭാരമേറിയതെന്ത് ? മാതൃത്വം (മാതാവ്)
30. ആകാശത്തേക്കാൾ ഉയർന്നതെന്ത് ? പിതൃത്വം (പിതാവ്)
31. വായുവിനേക്കാൾ വേഗതയുള്ളത് എന്തിന് ? മനസ്സ്
32. പുല്ലിനേക്കാൾ എണ്ണത്തിൽ കൂടുതലുള്ളത് ? ചിന്തകൾ
33. ഉറക്കത്തിലും കണ്ണടക്കാത്ത ജീവിയേത് ? മത്സ്യം
34. ജീവനുണ്ടെങ്കിലും ജനനശേഷം അനങ്ങാത്തതെന്ത്? മുട്ട



Scanned with CamScanner

35. ഹൃദയമില്ലാത്തതേതിന് ? **ശിലയ്ക്ക്**

36. സ്വ ഭാവത്താൽ സ്വയം വീർത്തു വലുതാകുന്നതേത് ? **നദി**

37. യാത്രയിലെ സുഹൃത്താര് ? **വഴിയാത്രക്കാർ**

38. ഗൃഹത്തിലിരിക്കുന്നവന്റെ സുഹൃത്താര് ? **ഭാര്യ / ഭർത്താവ്**

39. രോഗിയുടെ സുഹൃത്താര് ? **വൈദ്യൻ**

40. മരണശയ്യയിലുള്ളവന്റെ സുഹൃത്താര് ? **കർമ്മഫലം**

41. എല്ലാ ജീവികളുടേയും അതിഥിയാര് ? **അഗ്നി**

42. സനാതനധർമ്മമെന്ത് ? **ത്യാഗമനോഭാവം**

43. അമൃതതുല്യമായതേത് ? **പശുവിൻപാൽ**

44. ഭൂമിയിലെല്ലായിടത്തുമുള്ളതേത് ? **വായു**

45. എല്ലാ നന്മകളും സമന്വയിക്കുന്നതെവിടെ ?
**അത്മാർത്ഥമായ ത്യാഗത്തിൽ**

46. എല്ലാ കീർത്തിയും സമന്വയിക്കുന്നതെവിടെ ? **ദാനധർമ്മത്തിൽ**

47. സ്വർഗത്തിലേയ്ക്കു നയിക്കുന്നതെന്ത്? **സത്യസന്ധത**

48. എല്ലാ സന്തോഷവും സമന്വയിക്കുന്നതെവിടെ ? **സ്വഭാവത്തിൽ**

49. മനുഷ്യന് ആത്മതുല്യമായതെന്ത് ? **പുത്രൻ / പുത്രി**

50. ദൈവീക ദാനമായി ലഭിക്കുന്ന സുഹൃത്ത് ആര് ?
**ഭാര്യ / ഭർത്താവ്**

51. ജീവൻ നിലനിർത്തുന്നതെന്ത് ? **ജലം**

52. മഹത്തായ അഭയസ്ഥാനം ഏത് ? **നന്മനിറഞ്ഞ സ്വഭാവം**

53. പ്രകീർത്തിക്കാവുന്നതിൽ മഹത്തരമായതേത് ? **ആത്മാർത്ഥത**

54. ഏറ്റവും മഹത്തായ സമ്പാദ്യമേത് ? **വിദ്യ / ജ്ഞാനം**

55. ഏറ്റവും നല്ല ലാഭം ഏത് ? **ആരോഗ്യം**

56. സന്തോഷത്തിന്റെ ഉന്നതാവസ്ഥയെന്ത്? **സംതൃപ്തി**

57. മഹത്തായ ധർമ്മമേത് ? **ദയ / കാരുണ്യം**

58. നിത്യഫലദായിനിയായ ധർമ്മമേത് ?
**വേദപഠനത്തിലൂടെ ലഭിക്കുന്ന ജ്ഞാനം**

59. ദുഃഖമില്ലാതാക്കാൻ നിയന്ത്രിക്കേണ്ടത് എന്തിനെ ? **മനസ്സിനെ**

60. ആരോടുള്ള ബന്ധമാണ് ഒരിക്കലും മുറിയരുതാത്തത് ?
**നന്മയുള്ളവരുമായുള്ള ബന്ധം**

61. സ്നേഹാർഹനാകുന്നതെപ്പോൾ ? **അഹംഭാവം വെടിയുമ്പോൾ**

62. ദുഃഖമില്ലാതാക്കാൻ ത്യജിക്കേണ്ടത് എന്ത് ? **ദ്വേഷ്യം**

63. ധനവാനാകാൻ ത്യജിക്കേണ്ടത് എന്ത് ? **ആഗ്രഹങ്ങൾ**



Scanned with CamScanner

64. സന്തോഷത്തിനായി ത്യജിക്കേണ്ടതെന്ത് ?
**ധനത്തോടുള്ള അത്യാഗ്രഹം**
65. ശ്രേഷ്ഠന്മാർക്ക് ദാനം നൽകേണ്ടതെന്തിന് ?
**അവരിലൂടെ ധർമ്മം നിലനിൽക്കാൻ**
66. കലാകാരന്മാർക്ക് പുരസ്കാരം നൽകേണ്ടതെന്തിന് ?
**അവരുടെ പ്രസിദ്ധിക്ക് / കീർത്തിക്ക് (കലാസംരക്ഷണം)**
67. സേവകർക്ക് പുരസ്കാരം നൽകുന്നതെന്തിന് ?
**സേവനം തുടർച്ചയായി ലഭിക്കാൻ**
68. രാജാവിന് കാഴ്ച വസ്തുക്കൾ (പുരസ്കാരം) നൽകുന്നതെന്തുകൊണ്ട് ? **ഭയം കൊണ്ട്**
69. ലോകത്തെ ആവരണം ചെയ്തിരിക്കുന്നതെന്ത് ? **അജ്ഞത**
70. സാധനങ്ങൾ തിളങ്ങാത്തതെന്തുകൊണ്ട് ?
**അന്ധകാരമുള്ളതുകൊണ്ട്**
71. സുഹൃത്തിനെ ത്യജിക്കുന്നതെപ്പോൾ ? **ധനതൃഷ്ണ കൂടുമ്പോൾ**
72. സ്വർഗ്ഗത്തിലേക്കുള്ള യാത്ര അസംഭാവ്യമാകുന്നതെന്തുകൊണ്ട്?
**ലോകത്തോടുള്ള കഠിനബന്ധ(നം) കൊണ്ട്**
73. മരിച്ചതായി എപ്പോൾ കണക്കാക്കാം ?
**ദാരിദ്രത്തിന്റെ മൂർദ്ധന്യത്തിൽ**
74. ഒരു രാഷ്ട്രം നശിക്കുന്നതെപ്പോൾ ?
**നല്ല ഭരണാധികാരിയില്ലാതാകുമ്പോൾ**
75. ശ്രാദ്ധകർമ്മം അർത്ഥശൂന്യമാകുന്നതെപ്പോൾ ?
**ജ്ഞാനിയായ പുരോഹിതന്റെ അഭാവത്തിൽ**
76. യജ്ഞം നിഷ്ഫലമാകുന്നതെപ്പോൾ ?
**ദക്ഷിണയില്ലാതെ നടത്തുമ്പോൾ**
77. യഥാർത്ഥ പന്ഥാവ് ഏത് ? **നന്മയിലേയ്ക്കുള്ള പന്ഥാവ്**
78. ഉദകമെന്നാൽ എന്ത് ? **സ്ഥലമാവശ്യമുള്ളത്**
79. ഭക്ഷണമെന്ത് ? **മൃഗജന്യമായതേതോ അത് ഭക്ഷണം (ഇര)**
80. വിഷമേത് ? **അത്യാഗ്രഹങ്ങൾ**
81. പഠനത്തിന് സമയമാകുന്നതെപ്പോൾ ?
**പണ്ഡിതനായ ഗുരുവിനെ കണ്ടുമുട്ടുമ്പോൾ**
82. തപസ്സിന്റെ ലക്ഷണമെന്ത് ? **സ്വധർമ്മാനുഷ്ഠാനം**
83. ആത്മനിയന്ത്രണമെന്നാലെന്ത് ? **മനോനിയന്ത്രണം**
84. പരമമായ ക്ഷമയെന്ത് ? **ജീവിതത്തിൽ ഉഭയങ്ങളെ അഭിമുഖീകരിക്കുവാനുള്ള കഴിവു ലഭിക്കുമ്പോൾ. (ഉയർച്ച / താഴ്ച; സുഖം /**



Scanned with CamScanner

ദുഃഖം; ലാഭം / നഷ്ടം ..........)

85. ദുഷ്ചെയ്തികളിൽ നിന്ന് മനുഷ്യനെ പിന്തിരിപ്പിക്കുന്നതെന്ത്?
**പൊതുജനാഭിപ്രായം (നിന്ദ)**

86. ജ്ഞാനമെന്നാലെന്ത് ? **സത്യാന്വേഷണത്തിന്റെ ഉച്ചകോടി**

87. ഏറ്റവും നല്ല വികാരം ഏത് ? **നിർമലമായ മനസ്സ്**

88. പരമമായ ദയ എന്ത് ?
**എല്ലാ ജീവികൾക്കും നന്മവരുത്തണമെന്ന പ്രാർത്ഥന**

89. അദൃശ്യനായ ശത്രു ആര് ? **ദ്വേഷ്യം**

90. അന്തമില്ലാത്ത ആഗ്രഹം ഏത് ?
**എല്ലാം സ്വന്തമാക്കാനുള്ള ആഗ്രഹം**

91. പരമമായ നന്മയെന്ത് ? **എല്ലാവർക്കും നന്മവരണമെന്ന ചിന്ത**

92. തിന്മയെന്ത് ? **നിർദയ (ദയയില്ലാത്ത മനസ്)**

93. മോഹമെന്നാൽ എന്ത് ?
**സ്വധർമ്മജ്ഞാനമില്ലായ്മകൊണ്ടുണ്ടാകുന്ന ആഗ്രഹം**

94. അഹംഭാവമെന്ത് ? **എന്നോടു എനിക്കു തോന്നുന്ന വികാരം**

95. അലസതയെന്ത് ? **സ്വധർമ്മാനുഷ്ഠാന താൽപര്യമില്ലായ്മ**

96. ഏറ്റവും വലിയ ദുഃഖം ഏത് ? **അജ്ഞാനം**

97. സ്ഥൈര്യം എന്ത് ? **സ്വധർമ്മബോധവും നിഷ്ഠയും**

98. പരമമായ ധൈര്യമെന്ത് ?
**ജ്ഞാനേന്ദ്രിയങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ്**

99. പരമമായ സ്നാനം ഏത് ?
**നിർമല മനസ്സിനായുള്ള ജ്ഞാനം**

100. പരമമായ ദാനം ? **ജീവജാലസംരക്ഷണം**

101. പണ്ഡിതനാര് ? **സ്വധർമ്മമറിയാവുന്നവൻ**

102. പരമവിഡ്ഢിയാര് ? **നിരീശ്വരവാദി**

103. ആഗ്രഹമെന്നാലെന്ത്?
**ജനനമരണ ചക്രത്തിന് കാരണമാകുന്നത്.**

104. അസൂയയുടെ പാരമ്യമെന്ത് ? **മനസ്സിനെ ബാധിക്കുന്ന രോഗം**

105. അഹംഭാവം എന്നാൽ എന്ത്? **അജ്ഞതയുടെ പരമമായ അവസ്ഥ**

106. ആത്മവിശ്വാസം എന്നാൽ എന്ത് ?
**ധാർമ്മീക മൂല്യാധിഷ്ഠിതമായ ധ്വജം പാറിക്കളിക്കുന്ന ജീവിത രഥത്തിലേറിയുള്ള പ്രയാണം**

107. പരമമായ ഈശ്വരീയ കർമ്മമേത് ? **ദാനധർമ്മാനുഷ്ഠാനം**

108. പൈശൂന്യം എന്നാൽ എന്ത്? **അപഹാസ്യമായ സംഭാഷണം**



Scanned with CamScanner

109. പരസ്പര വിരുദ്ധങ്ങളായ ധർമ്മവും അർത്ഥവും കാമവും ഒരുമിച്ചു വർത്തിക്കുന്നതെവിടെ ?

**ഭാര്യയും ഭർത്താവും നന്മനിറഞ്ഞ ഗുണങ്ങളും പരസ്പരം സഹകരിച്ച് നിലനിൽക്കുന്ന ഗൃഹത്തിൽ**

110. അനന്തമായ കാലം നരകയാതന അനുഭവിക്കേണ്ടിവരുന്നവനാര്?

**ഒരു പണ്ഡിതനെ ക്ഷണിച്ചു വരുത്തി ഒന്നുമില്ലെന്നു പറയുന്നവനും, വേദവും, ധർമ്മശാസ്ത്രവും, പഠിക്കാതെ അതുതെറ്റാണെന്നു പറയുന്നവനും, ദേവ പിതൃകർമ്മങ്ങൾ നിഷേധിക്കുന്നവനും, സ്വയം സമ്പാദിച്ച ധനം കൊണ്ട് ദാനധർമ്മങ്ങളനുഷ്ഠിക്കാതിരിക്കുന്നവനും, സ്വന്തമാവശ്യത്തിന് പോലും ധനം വിനിയോഗിക്കാത്തവനും, പിശുക്കുകൊണ്ട് ധനമില്ലെന്ന് പറയുന്നവനും അനന്തകാലം നരകയാതന അനുഭവിക്കുന്നു.**

111. കുല മഹിമ കൊണ്ടോ, പ്രവൃത്തി ഗുണം കൊണ്ടോ, സ്വഭാവഗുണം കൊണ്ടോ, വേദം പഠിച്ചതുകൊണ്ടോ, നന്മകൾ കേൾക്കുന്നതു കൊണ്ടോ, സാംസ്കാര ഗുണം കൊണ്ടോ ഇതിലേതുകൊണ്ടാണ് ബ്രാഹ്മണ്യം ബ്രാഹ്മണത്വം/ലഭിക്കുന്നത്?

**മാതൃ പിതൃ കുല മഹത്വം കൊണ്ടോ, വേദം പഠിച്ചതുകൊണ്ടോ, നന്മകൾ കേൾക്കുന്നതുകൊണ്ടോ, സംസ്കാര സമ്പന്നത കൊണ്ടോ, ബ്രാഹ്മണ്യം ലഭിക്കുന്നില്ല. ഒരു സംശയവുമില്ല, നന്മ നിറഞ്ഞ സ്വഭാവവും പെരുമാറ്റവുമാണ് ബ്രാഹ്മണ്യത്തിന്നാധാരം. ഇവ രണ്ടും സംരക്ഷിച്ച് നന്മയുടെ നിലവാരം പാലിക്കുന്നീടത്തോളം കാലം മാത്രമായിരിക്കും അവനിൽ ബ്രാഹ്മണ്യമുള്ളത്. ശാസ്ത്രങ്ങൾ വെറുതേ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ മൂഢന്മാരാണ്. നന്മ നിറഞ്ഞ സ്വഭാവം ജ്ഞാനത്തിന്റേയും ലക്ഷണമാണ്. ധർമ്മ ബോധത്തോടെയുള്ള സ്വഭാവ ശുദ്ധിയില്ലാത്തവൻ നാലു വേദം പഠിച്ചിട്ടുണ്ടെങ്കിലും ഒന്നും പഠിക്കാത്തവനേക്കാൾ താഴ്ന്നവനാണ്. നന്മനിറഞ്ഞ സ്വഭാവം, ആചാരാനുഷ്ഠാനം, വൈദീക കർമ്മങ്ങൾ ഇവയെല്ലാം ചേരുന്ന മനുഷ്യനാണ് ബ്രാഹ്മണ ലക്ഷണമുള്ളവൻ.**

112. നന്മ നിറഞ്ഞ വാക്കുകളുപയോഗിച്ച് സംസാരിക്കുന്നവൻ എന്തു നേടുന്നു? **എല്ലാവരുടേയും പ്രശംസ**

113. വ്യക്തമായി വിഷയങ്ങൾ വിവരിച്ചുകൊടുക്കുവാൻ സാധിക്കുന്നവനെന്തു നേടുന്നു? **ജീവിത വിജയം**

114. സുഹൃത്തുക്കളെ നേടാൻ സാധിക്കുന്നവന്റെ നേട്ടമെന്ത്? **സന്തോഷത്തോടെയുള്ള ജീവിതം**

115. ധർമ്മബോധമുള്ളവന്റെ നേട്ടമെന്ത്?

**എളുപ്പത്തിലുള്ള മോക്ഷം (ആഗ്രഹങ്ങളിൽ നിന്നുള്ള മോചനം)**

116. ആരാണ് സന്തോഷവാൻ?



Scanned with CamScanner

സ്വയം ഭക്ഷണം പാകം ചെയ്തു കഴിക്കുന്നവനും സ്വഗൃഹത്തിൽ താമസിക്കുന്നവനും, അത്യാഗ്രഹങ്ങളില്ലാത്തവനും

117. മഹാത്ഭുതമെന്ത്?

അനുനിമിഷം ജീവജാലങ്ങൾ മരിക്കുന്നതു കാണുന്നവനും വിചാരിക്കുന്നു, ഞാൻ ഈ ഭൂമിയിൽ സ്ഥിരമാണെന്ന്.

118. എന്താണ് ജീവിതത്തിന്റെ യഥാർത്ഥ ധർമ്മ മാർഗം?

യുക്തി പലപ്പോഴും ഉറച്ചതല്ല. വേദ സന്ദേശങ്ങൾ പലതും പരസ്പര വിരുദ്ധങ്ങളാണ്. പരമമായ സത്യത്തെ ആത്യന്തികമായി വിവരിക്കുന്ന ഒരു ഋഷിവര്യനുമില്ല. ധർമ്മത്തെക്കുറിച്ചുള്ള സത്യം അവ്യക്തവും ഗുഹ്യവുമാണ്. ശ്രേഷ്ഠന്മാർ സഞ്ചരിക്കുന്ന പന്ഥാവു മാത്രമാണ് (ബുദ്ധിക്കും, യുക്തിക്കും, ശാസ്ത്രത്തിനും നിരക്കുന്നതുകൂടിയാകുമ്പോൾ) യഥാർത്ഥ ധർമ്മ മാർഗം.

ഈ സംസ്കൃത വരി മനപാഠമാക്കുക

തർകോഽപ്രതിഷ്ഠഃ ശ്രുതയോ വിഭിന്നാനൈകോ ഋഷിർയസ്യ മതം പ്രമാണം. ധർമ്മസ്യതത്ത്വം നിഹിതം ഗുഹായാം മഹാജനോ യേന ഗതഃ സ പന്ഥാഃ

119. എന്താണ് യഥാർത്ഥ വാർത്ത?

മായാവലയത്തിൽ ബന്ധിതമായ ഈ വറചട്ടിയിൽ, സൂര്യ താപത്താൽ, ദിനരാത്രങ്ങളാകുന്ന ഇന്ധനം ഉപയോഗിച്ച്, മാസങ്ങളും ഋതുക്കളുമാകുന്ന ചട്ടുകമുപയോഗിച്ച് ജീവജാലങ്ങളെ സമയമാകുന്ന യജമാനൻ പാകം ചെയ്യുന്നു. ഇതത്രെ വാർത്ത.

120. ഹേ ധർമ്മ പുത്രാ യഥാർത്ഥ മനുഷ്യനാര്?

ഒരുവന്റെ കീർത്തി ഭൂമിയും ആകാശവും നിറഞ്ഞു നിൽക്കുന്നുവെങ്കിൽ അവൻ ഉത്തമനായ മനുഷ്യനായി അറിയപ്പെടുന്നു.

121. എല്ലാ സമ്പത്തും സ്വന്തമാക്കിയിട്ടുള്ളവനാര്?

ഇഷ്ടം+അനിഷ്ടം, സുഖം+ദുഃഖം, ഭൂതം+ഭാവി, സന്തോഷം+ദുഃഖം, ലാഭം+നഷ്ടം, ഉയർച്ച+താഴ്ച ......... ഇപ്രകാരമുള്ളതിനെ സമദൃഷ്ടിയോടെ വീക്ഷിക്കുന്നവനാരോ അവനാണ് യഥാർത്ഥ സമ്പന്നൻ (സുഖസമ്പന്നൻ)

ഇതിൽ നിന്നുള്ളത് ചിന്തിക്കൂ.

നന്മനിറഞ്ഞതാണെങ്കിൽ ജീവിതത്തിൽ പകർത്തൂ.



Scanned with CamScanner

# രാമായണത്തിലെ ജീവിത സന്ദേശം

ധന്യാത്മൻ,

ഈശ്വരചൈതന്യംതന്നെ മനുഷ്യനായി ഭൂമിയിൽ അവതരിച്ച്, മനുഷ്യന്റെ ബന്ധങ്ങളും ബന്ധനങ്ങളും അനുഭവിച്ച് കാണിച്ചുകൊടുത്ത്, അതിലെ സുഖദുഃഖങ്ങളനുഭവിച്ചുകൊണ്ടുതന്നെ ജീവിതദൗത്യം നിർവ്വഹിക്കേണ്ടതെങ്ങിനെയെന്ന് ജീവിച്ചുകാണിച്ചുകൊടുക്കുന്ന ശ്രീരാമൻ. സത്യം, ധർമ്മം, നീതി, ന്യായം, ദയ ഇവയെല്ലാം ജീവിതത്തിൽ പകർത്തുന്നതുവിവരിക്കുന്ന ശ്രീരാമൻ. അധർമ്മത്തെ നിഗ്രഹിച്ച് ധർമ്മസംരക്ഷണത്തിനായുള്ള കർമ്മമാണ് ധർമ്മമെന്ന് വ്യക്തമാക്കിയ രാമൻ.

സുഖത്തിലും ദുഃഖത്തിലും മനുഷ്യനനുഭവിക്കുന്ന വേദനയെന്തെന്നും അതെല്ലാം മനുഷ്യജന്മത്തിന്റെ ഭാഗമാണെന്നും നമ്മെപഠിപ്പിക്കുന്ന ശ്രീരാമചരിത്രത്തിലെ ജീവിതസന്ദേശമാണ് മഴുവഞ്ചേരി മഹാദേവക്ഷേത്രപ്രസാദമായി സമർപ്പിക്കുന്നത്.

## പ്രായോഗിക ധർമ്മശാസ്ത്രം

## രാമായണ സന്ദേശത്തിലെ ധാർമ്മിക മൂല്യങ്ങൾ

ഭാരതീയ പൈതൃകപഠനത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമാണ് പൈതൃകഗ്രന്ഥപഠനത്തിനുള്ളത്. അവതാരമായ ശ്രീരാമന്റെ ചരിത്രം വിവരിക്കുന്ന രാമായണം, പാണ്ഡവ-കൗരവ ചരിത്രം വിവരിക്കുന്ന മഹാഭാരതം എന്നീ രണ്ട് ഇതിഹാസങ്ങളാണുള്ളത്. വാൽമീകി മഹർഷി എഴുതിയ രാമായണത്തിൽ ചരിത്രഭാഗങ്ങൾ, ശ്രീരാമജനനം മുതൽ സ്വർഗാരോഹണം വരെ, ശ്രീരാമനെ കേന്ദ്രീകരിച്ചാണ് നൽകിയിരിക്കുന്നത്. ഇവിടെ ആദികാവ്യമായ രാമായണത്തിന്റെ സംക്ഷിപ്തം മാത്രം വിവരിക്കാം.

വാൽമീകി മഹർഷി എഴുതിയ രാമായണത്തിൽ ഏഴു പ്രധാന കാണ്ഡങ്ങളുണ്ട് (ഭാഗങ്ങൾ) അവ ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, ആരണ്യകാണ്ഡം, കിഷ്കിന്ദാകാണ്ഡം, സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം എന്നിവയാണ്. യഥാക്രമം 77, 119, 75, 69, 68, 128, 11 അദ്ധ്യായങ്ങളാണ് ഈ കാണ്ഡങ്ങളിലുള്ളത്.

547 അദ്ധ്യായങ്ങളുള്ള ഒരു ഗ്രന്ഥമാണ് രാമായണം. ഇത് ത്രേതായുഗത്തിൽ രചിച്ചതാണ്. ഭാരതീയ ജീവിതത്തിൽ ശ്രീരാമ ചരിതത്തിന് മഹത്തായ സ്ഥാനമുണ്ട്. അതുകൊണ്ടു തന്നെ നമ്മളിൽ ഓരോരുത്തരും ഇത് സംക്ഷിപ്തമായിട്ടാണെങ്കിലും പഠിച്ചിരിക്കണം.

രാമായണം തുടങ്ങുന്നതു തന്നെ ശ്രീരാമചരിത്രം നാരദമഹർഷി സംക്ഷിപ്തമായി വിവരിക്കുന്ന രീതിയിലാണ്. തമസാ നദിയുടെ തീരത്ത് തപസ്സു ചെയ്തുകൊണ്ടിരുന്ന വേളയിൽ രണ്ടു ഇണപക്ഷികളിലൊന്നിനെ



Scanned with CamScanner

ഒരു വേടൻ അമ്പെയ്തു വീഴ്ത്തിയതു കണ്ടു നിന്ന വാൽമീകി തുടർന്ന് ശ്രീരാമചരിതം വിസ്തരിച്ചെഴുതുകയാണുണ്ടായത്. രാമായണത്തിന്റെ അവസാനഭാഗത്ത്, വാൽമീകിയും, രാമായണത്തിന്റെ തന്നെ ഭാഗമായിത്തീരുന്നുണ്ട്.

അയോദ്ധ്യ എന്ന പുണ്യദേശം ഭരിച്ചിരുന്ന അതിപ്രശസ്തനായ ചക്രവർത്തിയായിരുന്നു ദശരഥൻ. പുത്രന്മാരില്ലാത്ത ദുഃഖത്താൽ അദ്ദേഹം പുത്രകാമേഷ്ടി യാഗം നടത്തി. ഈശ്വരാനുഗ്രഹത്താൽ ദശരഥപത്നിമാരായ കൗസല്യ ശ്രീരാമനും, സുമിത്ര ലക്ഷ്മണശത്രുഘ്നന്മാർക്കും, കൈകേയി ഭരതനും ജന്മം നൽകി. വളരെ സന്തോഷത്തോടെ അതിവിസ്തൃതമായ അയോദ്ധ്യാ രാജ്യ ചക്രവർത്തിയുടെ പരിലാളനയോടെ രാമ-ലക്ഷ്മണ-ഭരത-ശത്രുഘ്നന്മാർ വില്ലാളി വീരന്മരായി, എല്ലാ അറിവുകളും യഥാകാലം സ്വീകരിച്ചുകൊണ്ട് വളർന്നു.

ഋഷിവര്യന്മാർ നടത്തുന്ന ശ്രേഷ്ഠമായ യാഗത്തെ ആസുരീക ശക്തികളിൽ നിന്നും സംരക്ഷിക്കുക എന്നത് രാജാവിന്റെ കർത്തവ്യങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു. വേദങ്ങളെഴുതിയ, വിശ്വാമിത്രകുലത്തിലെ ഋഷിവര്യന്മാർ നടത്തുന്ന യാഗ സംരക്ഷണത്തിന്, ദശരഥൻ അയച്ചത് ശ്രീരാമലക്ഷ്മണന്മാരെയാണ്. അവർക്ക് നന്മതിന്മകളറിയാനും, ലോകപരിചയം ലഭിക്കുവാനും, യുദ്ധകാര്യങ്ങളിലേർപ്പെടേണ്ടതെങ്ങിനെയെന്ന് പ്രായോഗികമായി അറിയുവാനും ലഭിക്കുന്ന സന്ദർഭങ്ങളായിത്തീർന്നു, ഈ യാത്ര. വിശപ്പും ദാഹവും മന്ത്രശക്തി/മനഃശക്തി കൊണ്ടില്ലാതാക്കാൻ സാധിക്കുമെന്ന് വിശ്വാമിത്രൻ അവരെ പഠിപ്പിച്ചു. കൂടാതെ യാത്രാമദ്ധ്യേ പരമാവധി അറിവു നേടുയെടുക്കുവാൻ അവസരം നൽകുന്നതിനായി ശ്രേഷ്ഠന്മാരായ ഋഷിവര്യന്മാരുടെ ആശ്രമങ്ങളിലായിരുന്നു ശ്രീരാമലക്ഷ്മണന്മാരുടെ താമസം.

അനവധി ഋഷിവര്യന്മാരുടെ ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് അവർ ജനകരാജ്യത്തിലെത്തി. ജനകപുത്രിയായ സീതയെ വിവാഹം കഴിക്കുവാൻ നിശ്ചയിക്കുകയും. പിന്നീട് കുലഗുരുവായ വസിഷ്ഠന്റെ അനുഗ്രഹത്തോടെ ശ്രീരാമ-സീതവിവാഹം നടക്കുകയും ചെയ്തു.

അവതാരങ്ങളുണ്ടാകുന്നത് മഹാവിഷ്ണുവിന്റെ ചൈതന്യാംശത്തിലൊരു ഭാഗമാണ്. മഹാവിഷ്ണുവിന്റെ തന്നെ അംശമായ ശ്രീരാമനും, പത്തവതാരങ്ങളിൽ ചിരഞ്ജീവിയായിത്തീർന്ന പരശുരാമനും ഈ യാത്രവേളയിൽ പരസ്പരം കാണുന്നുണ്ട്. വിശ്വാമിത്രയജ്ഞസംരക്ഷണമെല്ലാം കഴിഞ്ഞ് അയോദ്ധ്യയിൽ കഴിയുന്ന കാലത്താണ് ശ്രീരാമനെ അയോദ്ധ്യയുടെ യുവരാജാവായി വാഴിക്കാൻ ദശരഥൻ തീരുമാനിക്കുന്നത്. ഇത്രയും വിവരങ്ങൾ ഒന്നാം കാണ്ഡമായ ബാലകാണ്ഡത്തിൽ സവിസ്തരം 77 അദ്ധ്യായങ്ങളിൽ നൽകിയിരിക്കുന്നു.

വിജയശ്രീലാളിതനായി മടങ്ങിവന്ന ശ്രീരാമൻ, ദശരഥന്റെ ആദ്യത്തെ പുത്രനായതിനാൽ പിതാവിനുശേഷം രാജ്യം ഭരിക്കുവാനുള്ള പ്രായോഗികജ്ഞാനത്തിനുവേണ്ടി, യുവരാജാവായി അഭിഷേകം ചെയ്യുവാനുള്ള തീരുമാനമുണ്ടാകുന്നു. രാജകൊട്ടാരം അതീവ സന്തോഷത്തിലായിരുന്നുവെങ്കി



Scanned with CamScanner

ലും, ഭരതന്റെ മാതാവായ കൈകേയിക്ക് തന്റെ പുത്രനെ അയോദ്ധ്യയിലെ യുവരാജാവാക്കി വാഴിക്കണമെന്ന ആഗ്രഹം തോന്നി. മന്ദര എന്ന ഒരു ദുർബുദ്ധിയുടെ ദുരുപദേശം ശ്രവിച്ചതുകൊണ്ടാണ്, കൈകേയിക്ക് ഇപ്രകാരം ഒരു നിർബന്ധമുദിച്ചത്. ശ്രീരാമനെ മാറ്റി നിർത്തി ഭരതനെ ആ സ്ഥാനത്തേക്ക് അവരോധിക്കുവാൻ ദശരഥൻ തയ്യാറാകുകയില്ല എന്ന് വ്യക്തമായി അറിയാവുന്ന കൈകേയി തനിക്ക്, ദശരഥനിൽ നിന്ന് ലഭിച്ച രണ്ടു വാഗ്ദാനങ്ങൾ നിറവേറ്റിത്തരണമെന്ന് ശഠിച്ചു. രഥത്തിലെ ആണി യുദ്ധക്കളത്തിൽ വച്ച് ഊരിപോകാതെ സംരക്ഷിച്ച്, ദശരഥന് യുദ്ധത്തിൽ വിജയം കാണാൻ സഹായിച്ചതിനുള്ള സന്തോഷാധിക്യത്താലാണ് അദ്ദേഹം കൈകേയിക്ക്, എന്തു വേണമെങ്കിലും ആവശ്യപ്പെടാനുള്ള അവകാശം നൽകികൊണ്ട് രണ്ടു വാഗ്ദാനങ്ങൾ പണ്ട് നൽകിയത്. ഈ വാഗ്ദാനങ്ങൾ കൈകേയി മന്ദരയുടെ ഉപദേശപ്രകാരം, ദശരഥനോട് ചോദിക്കുകയാണുണ്ടായത്.

വാഗ്ദാനപാലനത്തിനായി, ശ്രീരാമൻ വനവാസം സ്വീകരിക്കണമെന്നും രണ്ടാമതായി ഭരതനെ അയോദ്ധ്യയിലെ യുവരാജാവായി വാഴിക്കണമെന്നുമായിരുന്നു, കൈകേയി ദശരഥനോട് ആവശ്യപ്പെട്ടത്. ദശരഥൻ തന്റെ പത്നിക്ക് നൽകിയ വാഗ്ദാനം പാലിക്കപ്പെടാനായി ദുഃഖത്തോടെ ശ്രീരാമനെ വനവാസത്തിനയക്കുന്നു. പത്നി സീതയോടും സഹോദരൻ ലക്ഷ്മണനോടുമൊപ്പം ശ്രീരാമൻ അയോദ്ധ്യ നഗരിവിട്ടിറങ്ങുന്നു.

തന്റെ മാതാവിന്റെ ദുഷ്ചെയ്തിയിൽ വേദനിച്ച ഭരതൻ ഈ സംഭവങ്ങൾക്കുത്തരവാദിയായ കൈകേയിയെ വിമർശിക്കുന്നു. ശ്രീരാമന്റെ വേർപാടിലുണ്ടായ ദുഃഖഭാരത്താൽ ദശരഥൻ മരണം സംഭവിച്ചു. ഭരതനോട്, രാജ്യഭാരം ഏൽക്കാൻ വസിഷ്ഠൻ ആവശ്യപ്പെട്ടുവെങ്കിലും ശ്രീരാമനെ തിരിച്ചു കൊണ്ടുവരാനുള്ള ആഗ്രഹത്താൽ ഭരതനും വസിഷ്ഠനും ചേർന്ന് ശ്രീരാമന്റെയടുത്ത് ചെന്ന് ആവശ്യപ്പെടുന്നു. എന്നാൽ പിതാവിന്റെ വാക്ക് പാലിക്കപ്പെടണമെന്നും ഭരതൻ രാജ്യഭാരം ഏൽക്കണമെന്നും ശ്രീരാമൻ ഉപദേശിക്കുകയാണുണ്ടായത്.

അയോദ്ധ്യാകാണ്ഡത്തിലെ 119 അദ്ധ്യായങ്ങളിൽ വിവരിക്കുന്നതാണീ വിഷയങ്ങൾ. ഇവിടെ രാമായണം പഠിക്കുന്ന വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ട മഹത്തായ സന്ദേശങ്ങളിതാണ്.

1. ഏതു നല്ല മനസ്സും ദുഷ്ടന്മാരുടെ ഉപദേശം കേട്ടാൽ മാറും. നല്ലവർ തിന്മയുടെ വഴികളിലൂടെ ചലിച്ചാൽ പരിണതഫലം നാശമായിരിക്കും. ഇത് കൈകേയി- മന്ദരമാരിൽ നിന്നറിയണം.
2. എത്രകാലം കഴിഞ്ഞാലും ജീവിതത്തിലാർക്ക് വാക്ക് കൊടുത്തിട്ടുണ്ടെങ്കിലും എന്തു സംഭവിച്ചാലും അതുപാലിക്കപ്പെടണം - ദശരഥനിൽ നിന്നും പഠിക്കണം.
3. ആർക്കാണെങ്കിലും എന്തെന്തു വാഗ്ദാനം ചെയ്യുമ്പോഴും പരിണതഫലം സൂക്ഷ്മമായി ചിന്തിക്കണം- ദശരഥാനുഭവം ഓർമ്മിക്കണം.
4. രണ്ടുമൂന്നു കർത്തവ്യങ്ങൾ ഒരുമിച്ചു ചെയ്യേണ്ടതായി വരുമ്പോൾ സത്യം,



Scanned with CamScanner

ധർമ്മം, നീതി, ന്യായം ഇവക്കാണ്, വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങളെക്കാൾ മഹത്വം കൽപിക്കേണ്ടി വരുക- ശ്രീരാമന്റെ വനത്തിലേക്കുള്ള യാത്രാനിശ്ചയം ശ്രദ്ധിക്കുക.

5. സുഹൃത്തുക്കളായാലും കുടുംബാംഗങ്ങളായാലും, പലകാരണങ്ങളാലും അവർക്കും സ്വാർത്ഥതയുണ്ടാകാം. അതും മുൻകൂട്ടി കാണുവാൻ സാധിക്കണം.

6. അച്ഛന്റെ വാക്ക് പാലിക്കപ്പെടേണ്ടത് മകനിലൂടെയാണ്. ഇന്നും എന്നും നാം അറിയപ്പെടുന്നത് ഇന്ന വ്യക്തിയുടെ മകൻ എന്ന പേരു കൂട്ടി ചേർത്താണ്.

7. സത്യം, ധർമ്മം എന്നിവ പരിപാലിക്കാൻ മഹത്തായത്യാഗം ശ്രീരാമനെ പോലെ, ഒരവതാരമാണെങ്കിൽ പോലും ചെയ്യേണ്ടതായിവരും. ശാന്തമായി അതഭിമുഖീകരിക്കാൻ രാമയണത്തിലെ അനുഭവം നമ്മെപഠിപ്പിക്കുന്നു.

8. അച്ഛന്റെ വാക്ക് പാലിക്കുവാൻ സർവ്വദാ സന്നദ്ധനായ ശ്രീരാമനെപ്പോലെ സ്വന്തം കർത്തവ്യം, നിർവഹിക്കുന്ന ശ്രീരാമകർമ്മസന്ദേശം എന്നും മനസ്സിൽ സൂക്ഷിക്കാം.

9. ഭർത്താവിന്റെ കൂടെ കാട്ടിൽ സുഖദുഃഖങ്ങളനുഭവിക്കുവാൻ ജനകരാജാവിന്റെ പുത്രിയും പുറപ്പെടുന്നു. ഈ ഭാര്യാധർമ്മം ഭാരതീയപൈതൃകത്തിലെ ഉജ്ജ്വലമായ ജീവിതസന്ദേശമാണ്.

10. സ്വന്തം സുഖസൗകര്യങ്ങളെ ത്യജിച്ച് ശ്രീരാമനോടൊപ്പം ഇറങ്ങിയ ലക്ഷ്മണൻ സഹോദരബന്ധത്തിന്റെ തിളങ്ങുന്ന ഭാരതീയ മാതൃകയാണ്.

11. തനിക്കർഹിക്കാത്തത് വന്നു ചേർന്നപ്പോൾ അതിനുകാരണമായത് അമ്മയാണെങ്കിൽ പോലും എതിർത്ത ഭരതന്റെ വരികൾ, ഭാരതീയധാർമ്മീകബോധത്തിന്റെ പ്രകാശധോരണിയാണ്.

12. തന്നിലർപിച്ച ഉത്തരവാദിത്വം അതർഹിക്കുന്ന കൈകളിലേക്ക് തന്നെ കൊടുക്കുവാൻ പോയ ഭരതന്റെ വലിയ മനസ്, ഇന്നും എന്നും മാതൃകയാകേണ്ടതാണ്.

13. ഉത്തരവാദിത്വം ഏൽക്കേണ്ടി വരുമ്പോൾ പതറാതെ, പിതാവിനുതുല്യനായ ജ്യേഷ്ഠന്റെ പാദുകത്തെ സാക്ഷി നിർത്തി ചെയ്യുവാൻ ഏറ്റെടുത്ത ഭരതൻ, രാമായണസന്ദേശത്തിന്റെ ഉജ്ജ്വല ദീപമാണ്.

14. ഏതു വിഷമഘട്ടങ്ങളിലും ആത്മീയതയുടെ ചൈതന്യം ചേർത്ത ഉപദേശവും, മാർഗ നിർദേശവും നൽകുന്ന വസിഷ്ഠമഹർഷി രാജാധികാരം ധാർമ്മീകതയുമായി ചേർക്കുന്നതെങ്ങിനെയെന്ന് നമ്മെ പഠിപ്പിക്കുന്നു.

15. ആസുരികശക്തികളുടെ നിഗ്രഹത്തിനായി അവതാരമെടുത്ത ശ്രീരാമനും സീതയും കാട്ടിലേക്കുപോകേണ്ടത് ആവശ്യമായതിനാൽ അതിലൂടെ രാവണനിഗ്രഹം സാധ്യമാകേണ്ടതിനാലും മന്ദരയും കൈകേയിയും, വാഗ്ദാനവും, ഭരതനും എല്ലാം വെറും നിമിത്തങ്ങൾ മാത്രം. നാം എന്തെല്ലാം



Scanned with CamScanner

ചെയ്യണമെന്നും നമ്മെക്കൊണ്ട് എന്തെല്ലാം ചെയ്യിക്കണമെന്നും പ്രകൃതിയിലെ ഒരു ശക്തി നിശ്ചയിച്ചിട്ടുണ്ട്. അതു നിറവേറ്റാൻ ഇതെല്ലാം സംഭവിച്ചേ പറ്റൂ- ഇതാണ് നിയതി (destiny)

ഇനി നമുക്ക് രാമയണത്തിലേക്കു വീണ്ടും കടക്കാം. ശ്രീരാമൻ, സീത, ലക്ഷ്മണൻ ഇവർ പതിനാലുവർഷക്കാലം വനത്തിൽ വസിക്കുന്ന ചരിത്രമാണ് ആരണ്യകാണ്ഡത്തിലെ വിവരണം.

വനവാസകാലത്ത് അധാർമ്മിക ശക്തികളെയും ആസുരീക ശക്തികളെയും നിഗ്രഹിച്ച്, മഹർഷിമാരുടെ ആശ്രമങ്ങളിൽ വസിച്ച്, ഭാരതത്തെക്കുറിച്ചും ധർമ്മത്തെക്കുറിച്ചും അറിഞ്ഞ് വർഷങ്ങൾ നീക്കുന്ന സഞ്ചാരമാക്കിയിരുന്നു അത്. പതിനാലു രാക്ഷസന്മാരുമായി ഉണ്ടായ പോരാട്ടത്തിൽ 13 രാക്ഷസന്മാരും വധിക്കപ്പെടുകയും, അകമ്പനാർ എന്ന രാക്ഷസൻ സീതാ -രാമ- ലക്ഷ്മണന്മാരെക്കുറിച്ച് രാവണനു വിവരം നൽകുകയും ചെയ്തത് ഈ സമയത്താണ്. സീതാദേവിയുടെ വിവരണം ലഭിച്ച രാവണന്, സീതയെ സ്വന്തമാക്കണമെന്ന് ആഗ്രഹം തോന്നി. മാരീചൻ എന്ന മായാവിയായ അസുരന്റെ സഹായത്തോടെ രാവണൻ, സാധിക്കുവാൻ ശ്രമിക്കുന്നു. മാരീചന്റെ കുത്സിതബുദ്ധിയിലുദിച്ച നാടകത്തിൽ, ലക്ഷ്മണനും, ശ്രീരാമനും ഇല്ലാത്ത അവസരത്തിലാണ് സീതാപഹരണം നടക്കുന്നത്. രാവണന്റെ വിമാനത്തിൽ ലങ്കയിലെത്തിയ സീതക്ക് രാക്ഷസകുലജാതർ നൽകുന്ന വരവേൽപ്, വാൽമീകി  സുദീർഘമായി വിവരിക്കുന്നു.

രാവണനെ തടഞ്ഞ ജഢായുവിന്റെ മരണം, നല്ലവനായ കബന്ധൻ എന്ന രാക്ഷസൻ രാമനു നൽകുന്ന ലങ്കാപുരി വിവരണം, സുഗ്രീവസഹായത്താൽ രാവണനെ നേരിടാൻ കബന്ധന്റെ ഉപദേശവും ശ്രീരാമലക്ഷ്മണന്മാർ ശബരിയുടെ ആശ്രമത്തിലെത്തി ആതിഥ്യവും മാർഗ നിർദേശങ്ങളും സ്വീകരിച്ചുള്ള ആരണ്യയാത്രയും രാമായണചരിതത്തിന്റെ ഈ കാണ്ഡത്തിലെ ഭാഗമാണ്.

ഇവിടെ നാം ഓർമ്മിക്കുവാനുള്ളത് :

1. കാനനവാസത്തിലെ വേദനയിലും ദുഃഖത്തിലും നന്മനിറഞ്ഞ അറിവുകൾ സ്വീകരിക്കുവാനും, തിന്മകളെ ഉന്മൂലനം ചെയ്യുവാനും ശ്രീരാമലക്ഷ്മണന്മാർ  സമയം ചിലവഴിക്കുന്നു. ആസുരിക ശക്തികളെ നിഗ്രഹിക്കുന്നതിന് ഈ വനവാസം ആവശ്യമായിരുന്നു എന്നു വ്യക്തമാക്കുന്നു.
2. എല്ലായിടത്തും അവർ വസിച്ചത് ആശ്രമങ്ങളിലായിരുന്നു. എളിമയുടെ അടിത്തട്ടിലുള്ള ജീവിതം യുവജപദവിയിലിരിക്കേണ്ട രാമന് വേദനയുണ്ടാക്കിയില്ല. ഒരു രാജധാനിയിലും അവർ വസിച്ചില്ല.
3. എല്ലാത്തിന്റേയും എല്ലാ കാരണങ്ങളെയും ഇല്ലാതാക്കുവാൻ ആർക്കും സാധിച്ചു എന്നു വരില്ല. പതിമൂന്നു രാക്ഷസരെ വധിച്ചപ്പോൾ അകമ്പനാർ രക്ഷപ്പെട്ട്, രാവണനെ വിവരം അറിയിച്ചു. സീതാപഹരണത്തിന് കാരണമുണ്ടാക്കി. രാവണ നിഗ്രഹത്തിന് ഒരു കാരണമുണ്ടാകണം എന്നത് പ്രകൃതി നിയമമായിരുന്നു. അത് അകമ്പനാറിലൂടെ സാധിച്ചു.



Scanned with CamScanner

4. ഒരു വംശത്തിലെ എല്ലാവരും ദുഷ്ടന്മാരല്ല എന്നു നമ്മെ പ്രത്യേകം ഓർമ്മിപ്പിക്കുന്നത് നന്മ നിറഞ്ഞ കബന്ധൻ എന്ന രാക്ഷസകുലജാതൻ രാമന് എല്ലാ മാർഗനിർദേശവും നൽകുന്നതിലൂടെയാണ്.

5. ധാർമ്മീകശക്തികൾക്ക് പ്രകൃതിയിലെ ജീവജാലങ്ങളും സഹായമെത്തിക്കുകതന്നെ ചെയ്യുമെന്നതിന് തെളിവാണ് ജഡായു എന്ന പക്ഷിയിലൂടെ വാൽമീകി നമ്മെ അറിയിക്കുന്നത്.

6. പത്നീ വിരഹദുഃഖത്തിലും ജഡായു എന്ന ചെറുജീവിയുടെ അന്ത്യകർമ്മങ്ങൾ നിറവേറ്റാൻ തയ്യാറായ ശ്രീരാമന്റെ ഭൂതദയ അവിസ്മരണീയമായി നിലനിൽക്കണം. പ്രകൃതിയോട് മനുഷ്യൻ അനുവർത്തിക്കേണ്ട കുടുംബ ബന്ധം ഇവിടെ പ്രത്യക്ഷമാകുന്നു.

7. ഒരു കാട്ടുജാതി സ്ത്രീ എന്നു പറയാമെങ്കിൽ പോലും, ശബരിയുടെ അതിഥിമര്യാദ അത് അർഹിക്കുന്ന പവിത്രതയോടെ സ്വീകരിച്ച ശ്രീരാമന്റെ എളിമ. അറിവ്, മര്യാദ, നന്മ, ലോകപരിചയം ഇവ ഏതു കാട്ടിൽ വസിച്ചാലും ലഭ്യമാക്കാവുന്നതേയുള്ളൂ! ശബരിയിൽ നിന്നു നാമിതു പഠിക്കണം.

8. ഇനിയെന്തു ചെയ്യണമെന്നതിനെക്കുറിച്ചുള്ള വിവരം ശബരിയിൽ നിന്നും, കബന്ധനിൽ നിന്നും ജഡായുവിൽ നിന്നും ശേഖരിക്കുവാൻ തയ്യാറായ ശ്രീരാമൻ നന്മയുടെ ഉപദേശം എല്ലായിടത്തുനിന്നും സ്വീകരിക്കുവാൻ സ്വകർമ്മത്തിലൂടെ നമുക്ക് ഉപദേശം തരുന്നു .

9. നമ്മുടെ നന്മമാത്രം ഉദ്ദേശിക്കുന്നവരുടെ ഉപദേശം തിരസ്കരിച്ച സീതാദേവിക്കുണ്ടായ അനുഭവവും നമ്മുടെ മനസ്സിലുണ്ടാകണം. ഇതും നിയതിക്ക് പന്ഥാവൊരുക്കുന്നതിനു കാരണമാകാം.

10. അങ്ങ്, വടക്ക് അയോദ്ധ്യയിൽ വാണരുളിയ ദശരഥന്റെ പുത്രൻ ഇങ്ങ്, തെക്ക് ജഡായുമംഗലം, ചടയമംഗലം, ശബരി (മലയുടെ പേര്) എന്നെല്ലാം ഇന്നും നാം വിളിക്കുന്ന സ്ഥലം വരെയെത്തി, ഈ നാടിന്റെ ഏകത ത്രേതാ യുഗത്തിൽ തന്നെ തെളിയിച്ച വരികൾ സ്മരണയിലുണ്ടാകണം.

ഇത്രയും വാൽമീകി വിവരിക്കുന്നത് ആരണ്യകാണ്ഡത്തിലെ 75 അദ്ധ്യായങ്ങളിലൂടെയാണ്

ഇനി നമുക്ക് കിഷ്കിന്ദാകാണ്ഡത്തിലൂടെ ശ്രീരാമചരിതം നോക്കാം. ശബരിയും മറ്റുള്ളവരും നൽകിയ ഉപദേശമനുസരിച്ച് ശ്രീരാമനും ലക്ഷ്മണനും സുഗ്രീവനെ കാണുവാൻ കിഷ്കിന്ദയിലേക്ക് പുറപ്പെട്ടു. ഇവിടെവെച്ചാണ് ഹനുമാനെ അവർ പരിചയപ്പെടുന്നത്. അത്ഭുതകരമായ വസ്തുത ഹനുമാൻ എന്ന പേര് ആന്ദമാൻ എന്ന പേരുമായി ബന്ധപ്പെട്ടിരിക്കുന്നു. (ഈ ദ്വീപുകൾക്ക്, മലേഷ്യൻ ഭാഷയിൽ ഇന്നും ഹനുമാൻ എന്നു തന്നെയാണ് പേര്) ഒരു പക്ഷേ ബംഗാൾ കടലിലെ ഈ ദ്വീപസമൂഹങ്ങളിൽ വസിച്ചിരുന്നവർ ഭാരതത്തിലെ അവിഭാജ്യഘടകമായിരുന്നു എന്നതിനുത്തമ തെളിവാണ് ഹനുമാനുമായുള്ള ബന്ധം. കിഷ്കിന്ദയിൽ വെച്ച് ദുരാചാരിയും, അഹംഭാവിയും, തന്റെ ആസുരികശക്തിയിൽ സർവതിനേയും അതിക്രമി



Scanned with CamScanner

ക്കാൻ മടികാണിക്കാത്തവനുമായ ബാലിയെ വധിച്ച്, വർഷകാലം, കഴിയും വരെ കാത്തിരുന്ന് -ശ്രീരാമലക്ഷ്മണന്മാർ, സുഗ്രീവന്റെയും മറ്റുള്ളവരുടെയും സഹായത്തോടെ, സീതാന്വേഷണത്തിനായി പുറപ്പെടുന്ന വിവരണമാണ് 69 അദ്ധ്യായങ്ങളിൽ ഈ കാണ്ഡത്തിൽ നൽകിയിരിക്കുന്നത്.

1. അതിശക്തനും അധാർമ്മികനുമായ ശത്രുവിനെ(രാവണനെ) നേരിടാൻ പലരുടേയും സഹായം ആവശ്യമാണ്.
2. ഈശ്വരീയ ശക്തിയോടൊപ്പം മനുഷ്യപ്രയത്നവും ആവശ്യമാണ്. പലതും ചേർന്ന് പ്രവർത്തിച്ചാലെ വലിയകാര്യങ്ങൾ ചെയ്തു തീർക്കുവാൻ സാധിക്കൂ.
3. പലരും ചേരുമ്പോൾ അതിൽ പലതരത്തിൽപ്പെട്ടവരും പലതരം കഴിവുള്ളവരുമുണ്ടാകും, അതെല്ലാം പ്രയോജനപ്പെടുത്തണം.
4. ചിലകാര്യങ്ങൾ നേടിയെടുക്കാൻ വലിയ പ്രത്യുപകാരം ചെയ്യേണ്ടിവരും. ബാലി നിഗ്രഹത്തിലൂടെ സുഗ്രീവനെ വാഴിക്കേണ്ടി വന്നത് അതിനാലാകാം.
5. ചെയ്യുന്ന കാര്യങ്ങളെല്ലാം സമൂഹത്തിന്റെ മുമ്പിൽ ന്യായീകരിക്കപ്പെട്ടുകൊള്ളണമെന്നില്ല. ബാലിയെ ഒളിയമ്പെയ്തു വീഴ്ത്തേണ്ടി വന്നപ്പോൾ അടുത്ത ജന്മത്തിൽ വേടനായി ജനിച്ച് തിരിച്ച് അപ്രകാരം ചെയ്യാൻ അവസരം നൽകുമെന്ന് വാഗ്ദാനം നൽകേണ്ടിടത്ത് ശ്രീരാമൻ അതു ചെയ്തു.
6. മനുഷ്യജന്മമെടുത്ത എല്ലാവർക്കും പരിമിതികളുമുണ്ട്. അതിശക്തനായ ബാലിക്ക് തന്നോടുയുദ്ധം ചെയ്യുന്നവന്റെ ഇരട്ടിശക്തി ലഭിക്കാതിരിക്കാൻ ഇതൊരുമാർഗം കൂടിയെ കഴിയുമായിരുന്നുള്ളൂ. ശ്രീരാമൻ പരിമിതിയുള്ള പച്ച മനുഷ്യരൂപത്തിലുള്ള മനുഷ്യനായ അവതാരമാണ് എന്ന് നാം ഓർമ്മിക്കണം.

എല്ലാവരുടേയും പ്രോത്സാഹനത്തിലൂടെ ഹനുമാൻ ലങ്കയിലേക്കു പോയി, സീതാദേവിയുണ്ടോ എന്നും, ലങ്കാദ്വീപിലെ പ്രത്യേകതകളെന്തെന്നും പരിശോധിക്കുവാൻ എല്ലാതടസ്സങ്ങളും തൃണവൽഗണിച്ച് ലങ്കയിലെ അശോകവനത്തിലെത്തി സീതയെ കാണുകയും, രാവണസേനയുടെ ആക്രമണത്തിൽ നിന്നും വിജയശ്രീലാളിതനായി, ലങ്കാദഹനവും കഴിഞ്ഞ് തിരിച്ചുവരുന്നു. ഹനുമാൻ ശ്രീരാമന് ലങ്കയിലെ വിവരണം നൽകുന്നു. ലങ്കയിൽ ഉണ്ടാകുവാൻ പോകുന്ന സർവനാശത്തെക്കുറിച്ച് തൃജഡ എന്ന രാക്ഷസകുല ജാത മുന്നറിയിപ്പു നൽകുകയും. സീതയെ, അവർ അമ്മയെപ്പോലെ സാന്ത്വനിപ്പിക്കുകയും ചെയ്യുന്നു. ഇതാണ് സുന്ദരകാണ്ഡത്തിലെ 68 അദ്ധ്യായവിവരണ സംക്ഷിപ്തം.

1. വളരെ ശാന്തനും താഴ്മയുള്ളവനുമായ ഹനുമാനെ പ്രോത്സാഹിപ്പിച്ചപ്പോൾ ഒരസാധാരണ ശക്തിയുടെ ഉടമയാണ് താനെന്ന ബോധം വന്നു. എല്ലാവരിലും വിവിധ കഴിവുകൾ ഉറങ്ങിക്കിടക്കുന്നു. ആവശ്യാനുസരണം അവയെ ഉത്തേജിപ്പിച്ച് അസാധ്യമെന്നു തോന്നാവുന്ന കാര്യങ്ങൾ

പോലും ചെയ്യണം/ ചെയ്യിക്കണം (ഇതിനെ പാശ്ചാത്യലോകം ഹനുമാൻ ഇഫക്റ്റ് എന്നു പറയുന്നു)

2. എന്തുകാര്യം തീരുമാനിക്കുന്നതിനുമുമ്പും എല്ലാവിവരങ്ങളും ശേഖരിക്കുന്ന ശ്രീരാമൻ, ഹനുമാനെ അയച്ചത് അതിനു വേണ്ടിയായിരുന്നു. ആധുനിക മാനേജ്മെന്റ് സന്ദേശവുമതാണ്.

3. മുമ്പോട്ടുള്ള പ്രയാണത്തിൽ അനവധി തടസ്സങ്ങളുണ്ടാകാം, ചിലർ സഹായിക്കാനുമുണ്ടാകാം. ഈ തടസ്സങ്ങളുണ്ടാകുമ്പോൾ കരുത്തോടുകൂടി മുമ്പോട്ടു പോകണം. വലുതാകേണ്ടിടത്ത് വലുതാവുകയും, ചെറുതാകേണ്ടിടത്ത് ചെറുതാവുകയും, ലഭ്യമായ സഹായങ്ങൾ സ്വീകരിക്കുകയും ലക്ഷ്യം മറക്കാതെയിരിക്കുകയും വേണം - ഇതാണ് ഹനുമത്യാത്ര.

4. ആസുരികസമൂഹത്തിലും നന്മയുള്ളവരുണ്ടാകും, തൃജഡയും മണ്ഡോദരിയും നന്മയുടെ അത്യുജ്ജ്വല ഉദാഹരണങ്ങളായി എന്നും സ്മരണയിലുണ്ടാകണം.

5. സർവ്വശക്തിയുമുപയോഗിച്ച്, ബ്രഹ്മാസ്ത്രമുൾപ്പെടെ ഉപയോഗിച്ചും നേരിട്ടപ്പോൾ, അചഞ്ചലനായി ലങ്കയെ ചാരമാക്കി തിരിച്ചുവരാനുള്ള ശക്തിയുണ്ടെന്ന് വ്യക്തമാക്കിയ ഹനുമാൻ ശക്തിയുടെ മാനേജ്മെന്റ് കൂടിയാണ് കാണിച്ചത്. ശാന്തഗംഭീരനായ ഹനുമാൻ, നമ്മുടെ കർമ്മപഥത്തിന് മാതൃകയാകണം!

6. സീതയെ താൻ സന്ദർശിച്ചു എന്നു തെളിവിനായി സീതയുടെ മോതിരം കൂടി കൊണ്ടു വന്ന ഹനുമാൻ, ഏതു കർമ്മം എവിടെ വച്ച് നാം ചെയ്താലും ഓരോന്നിനും തെളിവുകളും രേഖകളുമുണ്ടാകണം എന്നു കർമ്മത്തിലൂടെ നമ്മെ അറിയിക്കുന്നു.

7. നമ്മുടെ ഓരോപ്രവർത്തിയും, നമ്മെ ആശ്രയിക്കുന്നവർക്ക് ആത്മവീര്യം നൽകുന്നതായിരിക്കണം.

യുദ്ധകാണ്ഡത്തിലൂടെ ഇനി നമുക്ക് സഞ്ചരിക്കാം!

സുഗ്രീവന്റെ നേതൃത്വത്തിൽ സേതുബന്ധനം കഴിഞ്ഞ് ശ്രീരാമലക്ഷ്മണന്മാരും മറ്റുള്ളവരും ലങ്കയിലെത്തുന്നു. രാവണന്റെ അധാർമ്മിക പ്രവർത്തനത്തിന് കൂടെ നിൽക്കാത്ത വിഭീഷണൻ ശ്രീരാമനോടൊപ്പം ചേരുന്നു. സൈന്യങ്ങൾ തമ്മിലുള്ള യുദ്ധവും, അസാധാരണശക്തിയുള്ള രാവണസൈന്യത്തിന്റെ ബ്രഹ്മാസ്ത്രത്തിനു മുമ്പിൽ മോഹാലസ്യപ്പെട്ടു വീണ ശ്രീരാമ സൈന്യത്തെ സജീവമാക്കിയതിനുശേഷമുള്ള ശ്രീരാമ വിജയവും ശ്രീരാമചരിതത്തിലെ അവിസ്മരിണീയ വിവരണങ്ങളാണ്. ലങ്കയിൽ സീതാരാമസംഗമം നടന്ന് അയോദ്ധ്യയിലേക്കുള്ള തിരിച്ചുവരവ്, ഭരദ്വാജ ആശ്രമത്തിൽ ഭരതനുമായുള്ള സമാഗമം, പുഷ്പകവിമാനയാത്രയുടെ വിവരണം, അയോദ്ധ്യയിലേക്കുള്ള അവരുടെ പ്രവേശനം, ദിവസങ്ങൾക്കുള്ളിൽ ശ്രീരാമപട്ടാഭിഷേകം, വിഭീഷണ-സുഗ്രീവാദികളുടെ സ്വദേശത്തേക്കുള്ള മടക്കയാത്ര, ശ്രീരാമൻ ഭരിക്കുന്ന അയോദ്ധ്യയുടെ വർണ്ണനം, സ്മരണയിൽ



Scanned with CamScanner

നിൽക്കുന്നതാണിവയെല്ലാം.

1. അധാർമ്മികനായ ഏത് അതിശ്കതനും ദയനീയമായ നാശമുണ്ടെന്ന് നാം മനസ്സിലാക്കണം. ആ നാശം ഒരു കുലത്തിനു മുഴുവനും നാശകാര ണമായേക്കാം.
2. ശക്തന്റെ നാശത്തിന്റെ ആരംഭം അവന്റെ പ്രവർത്തനത്താൽ നടക്കുന്നു. വിനാശകാലേ വിപരീതബുദ്ധി.
3. അധർമ്മത്തെ നശിപ്പിക്കുവാനും മന: ശക്തി, ശരീരശക്തി, ആയുധശക്തി വിവിധ കർമ്മത്തിലേർപ്പെട്ടിരിക്കുന്നവരുടെ സഹകരണം, ഈശ്വരാനു ഗ്രഹം ഇതെല്ലാം ആവശ്യമാണ്. അവതാരങ്ങളായ മനുഷ്യർക്കും പരി മിതികളുണ്ട്.
4. അധർമ്മം നടത്തുന്നവരുടെയും ഘോരമായ തെറ്റുചെയ്യുന്നവരുടെയും കൂട്ടത്തിൽ നിന്നും കുറെപേർ എന്നും ധർമ്മത്തിന്റെ പക്ഷത്തിലേക്ക് വരുന്നുണ്ടാകും- വിഭീഷണൻ ചെയ്തത് അതാണ്- മണ്ഡോദരി രാവ ണനെ ഉപദേശിച്ചതും അതാണ്.
5. എത്ര വലിയ വിജയമാണെങ്കിലും തനിക്കർഹിക്കാത്തത് സ്വീകരിക്കരുത് എന്ന് ലക്ഷ്മണനെ ഓർമ്മിപ്പിച്ച്, വിഭീഷണനെ ലങ്കാ ധിപതിയായി വാഴിച്ച്, അർഹിച്ചവർക്ക് അർഹതപ്പെട്ടതു കൊടുത്ത് ശ്രീരാമൻ ധർമ്മം അനുഷ്ഠിച്ചു. ലങ്കയെ അയോദ്ധ്യയുടെ ഭരണത്തിൽ കീഴിൽ കൊണ്ടുവന്നില്ല.

   സീതാന്വേഷണവും സീതാസ്വീകരണവും കൊണ്ടവസാനിപ്പിക്കാതെ ഒരു പ്രവൃത്തി അനേകം നന്മകൾക്കുപകരിച്ചതാണ് ശ്രീരാമചരിതം. ജഡാ യുവിനും, ശബരിക്കും, അഹല്യയ്ക്കും മോക്ഷം കൊടുക്കുക, സുഗ്രീ വന്റെ മഹാസൈന്യശക്തിയുമായി ബന്ധം സ്ഥാപിക്കുക, അധാർമ്മി കരെ നശിപ്പിക്കുക. ദക്ഷിണ- ഉത്തരഭാരതത്തെ ഏകരാഷ്ട്രഭാവത്തി ലെത്തിക്കുക. ഇപ്രകാരം അനേകം കർമ്മങ്ങളനുഷ്ഠിച്ച അവതാരമാ യിരുന്നു ശ്രീരാമൻ.
6. അനുഭവിക്കാനുള്ള ദുഃഖങ്ങൾ അനുഭവിച്ച്, അതിന്റെയെല്ലാം അന്ത്യ ത്തിൽ ധർമ്മസംരക്ഷണത്തിന് സഹായിച്ച എല്ലാവരേയും പങ്കെടുപ്പിച്ച് അയോദ്ധ്യയിൽ നടത്തിയ ശ്രീരാമപട്ടാഭിഷേകം പോലൊരു വിവരണ ത്തിലെ ഓരോ വരിയും നമ്മെ അനുസ്മരിപ്പിക്കുന്നത്, ധാർമ്മീകമൂല്യ ങ്ങൾ ശ്രീരാമനിലൂടെ വിവരിച്ചു തന്ന ഭാരതീയ പൈതൃകമാണ്.

അയോദ്ധ്യയിലെ ധർമ്മാനുശാസനം, ശ്രീരാമചരിതത്തിലെ കഥാ പാത്രങ്ങളുടെ പൂർവ്വ ജന്മ വിവരണം, ഇപ്രകാരം സംഭവിച്ചതിനു പിന്നി ലുള്ള നിയതി, ഇതിൽ രാവണൻ-കുംഭകർണ്ണൻ-വിഭീഷണൻ, ബാലി, സുഗ്രീവൻ, ശൂർപണഖ, ഇന്ദ്രജിത്, എന്നിവരുടെയെല്ലാം പൂർവ്വജന്മചരിത്രം വരുന്നു.

സീതയെക്കുറിച്ചുള്ള അപവാദശ്രവണദുഃഖത്താൽ രാജവിന്റെ ധാർമ്മി കമൂല്യം നിലനിർത്താൻ ശ്രീരാമൻ സീതയെ വാൽമീകിയുടെ ആശ്രമത്തിൽ



Scanned with CamScanner

ഉപേക്ഷിക്കുന്നു. സീതാദേവി ലവകുശന്മാർക്കു ജന്മം നൽകുകയും വാൽമീകിയുടെ അനുഗ്രഹാശിസുകളോടെ ലവകുശന്മാർ പഠനം നടത്തി, വില്ലാളി വീരരായിത്തീരുകയും ചെയ്യുന്നതിന്റെ ഉജ്ജ്വല വിവരണം ഉത്തരകാണ്ഡത്തിലുണ്ട്.

ശ്രീരാമൻ നടത്തുന്ന അശ്വമേധയാഗത്തിൽ, ലക്ഷ്മണൻ നയിക്കുന്ന കുതിരയെ ലവകുശന്മാർ പിടിച്ചു കെട്ടുന്നു പിതാവിന്റെ യാഗാശ്വമാണെന്നറിഞ്ഞ ലവകുശന്മാർ, വാല്മീകിയുടെ അനുഗ്രഹത്തോടെ രാമായണകഥ, ശ്രീരാമസന്നിധിയിൽ വിവരിക്കുന്നു. യജ്ഞശാലയിൽ സ്വന്തം പ്രതിമ വച്ച് അശ്വമേധയാഗം നടത്തിയത് ദർശിച്ച സീതാദേവി മാതാവായ ഭൂമിയുടെ അനുവാദത്തോടെ അന്തർധാനം ചെയ്ത് എന്നെന്നേക്കുമായി മറയുന്നത് രാമചരിതത്തിന്റെ അവസാനഭാഗമാകുന്നു എന്നു സൂചിപ്പിച്ചുകൊണ്ടാണ്.

താപസരൂപത്തിൽ മൃത്യുദേവന്റെ ആഗമനവും, ലക്ഷ്മണനുമായുള്ള വേർപാടും. അന്ത്യത്തിൽ ശ്രീരാമൻ സരയൂ നദിയിൽ ദേഹത്യാഗം ചെയ്യുന്നതോടെ രാമചരിതമവസാനിക്കുന്നതും മനസ്സിനെ സ്വാധീനിക്കുന്ന വേദനാജനകങ്ങളായ സംഭവങ്ങളാണ്..

1. ഏതൊരു ദുഃഖത്തിനും പര്യവസാനമുണ്ട്. അതൊരുപക്ഷേ മറ്റൊന്നിലവസാനിക്കാം.
2. തനിക്കർഹിച്ചതു ലഭിക്കുക തന്നെ ചെയ്യുമെന്ന് ശ്രീരാമപട്ടാഭിഷേകത്തിലൂടെ തെളിയുന്നു. അതിനുമുമ്പ് ഓരോ വ്യക്തിക്കും ചെയ്തു തീർക്കേണ്ടതായ കാര്യങ്ങൾ/ധർമ്മങ്ങൾ ചെയ്തു തീർത്തേ മതിയാകൂ എന്നത് പ്രകൃതിനിയമമാണ്.
3. സ്വധർമ്മമനുഷ്ഠിച്ച് രാഷ്ട്രഭരണം നടത്തേണ്ടതെങ്ങിനെയെന്ന് 'രാമരാജ്യ'ത്തിലൂടെ തെളിയിക്കുന്നതാണ് ശ്രീരാമഭരണം
4. ഒരു രാഷ്ട്രഭരണാധികാരിക്ക് വ്യക്തി ധർമ്മത്തേക്കാൾ രാഷ്ട്രധർമ്മമാണ് പ്രധാനം എന്നു തെളിയിക്കുന്നതിന്, ജനങ്ങളുടെ അഭിപ്രായം മാനിച്ചതാണ് ശ്രീരാമന്റെ ജീവിതസന്ദേശം.
5. സേതു ബന്ധിച്ച്, ഘോരയുദ്ധം ചെയ്ത്, ഒരു ദുഷ്കുലത്തിലെ ഭൂരിഭാഗത്തെയും നശിപ്പിച്ച് സ്വധർമ്മപത്നിയെ, അധാർമ്മികനായ രാവണനിൽ നിന്ന് മോചിപ്പിച്ച ശ്രീരാമൻ, സ്വന്തം ജനതയുടെ അഭിപ്രായത്തിന്റെ മൂല്യം കണക്കിലെടുത്ത് നടത്തുന്ന ധർമ്മ പത്നീ ത്യാഗം. രാജധർമ്മമെന്നെത് നമ്മെ പഠിപ്പിക്കുന്നു.
6. പ്രതിജ്ഞയുടെയും ധർമ്മത്തിന്റെയും മുമ്പിൽ സ്വന്തമെന്നും ബന്ധുവെന്നും ഒന്നുമില്ല എന്ന മഹത്തായ ധർമ്മസന്ദേശം നൽകുന്നു ശ്രീരാമൻ, ലക്ഷ്മണൻ, ഭരതൻ, വിഭീഷണൻ........
7. കാലമെത്തുമ്പോൾ എല്ലാം ഉപേക്ഷിച്ച് പോകേണ്ടവരാണ് നാം എന്ന രാമായണത്തിലെ അന്ത്യസന്ദേശം. എന്നും എല്ലാവർക്കും സ്മരണയിലുണ്ടാകണം.



Scanned with CamScanner

## കർക്കിടക മാസം – രാമായണ മാസം

# രാമായണ സന്ദേശം നിത്യജീവിതത്തിൽ

ॐ ഭാരതീയ പൈതൃകം പഠിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾക്ക് പല പന്ഥാവുകളിലൂടെ പഠനം നടത്താം. ഭാരതീയ ഈശ്വരസങ്കൽപം, ഭാരതീയ ആചാരങ്ങൾ, ഭാരതീയ ഗ്രന്ഥങ്ങൾ, ഭാരതീയ ശാസ്ത്ര സാങ്കേതിക പൈതൃകം, ഈ നാലു വിഷയങ്ങളും ഒന്നോ രണ്ടോ ജന്മം കൊണ്ടു പഠിച്ചാൽ ഞാൻ ഭാരതീയ പൈതൃകം പഠിക്കാൻ തുടങ്ങി യെന്നു പറയാം. അല്ലെങ്കിൽ ഭാരതീയ പൈതൃകത്തിന്റെ 2,000 ഓളം അടിസ്ഥാന ഗ്രന്ഥങ്ങൾ, അവയുടെ 10,000 ഓളം വ്യാഖ്യാന ങ്ങൾ, 1,00,000 ഓളം ഉപാഖ്യാനങ്ങൾ പഠിക്കാൻ ശ്രമിച്ചാലും ഭാര തീയ പൈതൃകം പഠിക്കാൻ തുടങ്ങിയെന്നു പറയാം. പഠിച്ചു തീരില്ല, പഠിച്ച് തുടങ്ങാം എന്നു മാത്രം. ഇത് അത്രക്ക് എളുപ്പമുള്ള കാര്യമല്ല എന്ന് വ്യക്തമാണല്ലോ. ॐ ആയിരക്കണക്കിന് ആചാര്യന്മാർ ആയിര ക്കണക്കിന് വിഷയങ്ങളിൽ ആയിരക്കണക്കിന് ഗ്രന്ഥങ്ങൾ കഴിഞ്ഞ ആയിരക്കണക്കിന് വർഷങ്ങളായി എഴുതി, വേണമെങ്കിൽ സ്വീകരി ക്കുക അല്ലെങ്കിൽ യുക്തംപോലെ ചെയ്യുക എന്നുസൂചിപ്പിച്ചാണ്, നമ്മുടെ പൂർവ്വീകർ നമുക്ക് അവരുടെ സംഭാവനകളും ഗ്രന്ഥങ്ങളും, വീക്ഷണങ്ങളും സമർപ്പിച്ചത്. അതു പഠിക്കാനാഗ്രഹിക്കുന്നവർ എന്തു ചെയ്യണമെന്നും എങ്ങിനെ ചെയ്യണമെന്നും തീരുമാനിക്കേണ്ടത് സ്വന്തം നിലവാരത്തിൽ നിന്നുകൊണ്ടാകണം. ॐ അതിന്നായി ഞാനിവിടെ ഒരു വഴി സൂചിപ്പിക്കട്ടെ. നമ്മുടെ എല്ലാ ഗ്രന്ഥങ്ങളേയും മൂന്നു വിഭാ ഗങ്ങളായി തിരിക്കാവുന്നതാണ്. (1) ഉപദേശങ്ങളും സന്ദേശങ്ങളും നൽകുന്ന വൈദീക ഗ്രന്ഥങ്ങൾ (2) അനുഭവങ്ങൾ പകർന്നു തരുന്ന ഇതിഹാസ ഗ്രന്ഥങ്ങൾ. ഈ ഇതിഹാസങ്ങളിൽ നിന്ന് വായനക്കാർ/ ശ്രോതാക്കൾ സ്വയം സന്ദേശങ്ങൾ എടുക്കണം. (3) കഥകൾ പറഞ്ഞു തരുന്ന പുരാണങ്ങൾ. ഈ ഗ്രന്ഥങ്ങളിൽ നിന്ന് സന്ദേശങ്ങൾ എടു ക്കേണ്ടത് കഥകളിൽ നിന്നാണ് എന്ന് പ്രത്യേകം അറിയണം. അതായത് വേദങ്ങൾ, ജാതിക്കും മതത്തിനും ഇസത്തിനും പ്രായത്തിനും വർഗവർണ വ്യത്യാസങ്ങൾക്കും അതീതമായി സന്ദേ ശങ്ങൾ പ്രാർത്ഥനാ രൂപത്തിൽ നൽകുന്നു. ഇതിഹാസങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ഓരോ ചരിത്ര പുരുഷന്റേയും അനുഭവങ്ങളിൽ നിന്ന് നാം സന്ദേശങ്ങൾ എടുക്കണം. ॐ പുരാണ കഥാപാത്രങ്ങ ളിൽ നിന്നും, കഥകളിൽ നിന്നും സന്ദേശങ്ങൾ എടുക്കണം. ഈ മൂന്നു



Scanned with CamScanner

വിഭാഗത്തിൽ പെടുന്ന ഗ്രന്ഥങ്ങൾ വ്യത്യസ്ഥ നിലവാരത്തിലുള്ളവർക്ക് സന്ദേശങ്ങൾ നൽകാൻ മൂന്നുതരത്തിലുള്ള പന്ഥാവുകൾ സ്വീകരിച്ചിരിക്കുന്നു എന്നുമാത്രം. നേരിട്ടു സന്ദേശങ്ങൾ നൽകുക. അനുഭവത്തിലൂടെ സന്ദേശങ്ങൾ നൽകുക. കഥകളിലൂടെ സന്ദേശങ്ങൾ നൽകുക. ഈ സന്ദേശങ്ങൾ കൊണ്ടുദ്ദേശിക്കുന്നതെന്താണ്? നമ്മുടെ മനസ്സിനെ നന്മയിലേക്ക് നയിക്കുക. നന്മനിറഞ്ഞ മനസ്സിൽ നിന്ന് നന്മനിറഞ്ഞ ചിന്തകളുണ്ടാകും. നന്മനിറഞ്ഞ ചിന്തകളിൽ നിന്നും നന്മയുള്ള കർമ്മങ്ങളുണ്ടാകും. നന്മനിറഞ്ഞ കർമ്മങ്ങളെ നാം സത് കർമ്മങ്ങളെന്നു പറയും. സത്കർമ്മങ്ങളിൽ നിന്ന് സത്കർമ്മഫലങ്ങളുണ്ടാകും. സത്കർമ്മഫലങ്ങളെയാണ് നാം പുണ്യം എന്നു പറയുന്നത്. സത്കർമ്മഫലങ്ങൾക്ക് സത്കർമ്മപ്രതിഫലമുണ്ടാകും. അതിനെ നാം സ്വർഗ്ഗം എന്നു പറയുന്നു. ഇതേപോലെ തിന്മനിറഞ്ഞ മനസ്സിൽ (ദുഷ്ടമനസ്) നിന്ന് തിന്മനിറഞ്ഞ ചിന്തകളുണ്ടാകും (ദുഷ്ചിന്തകൾ) അതിൽ നിന്ന് തിന്മനിറഞ്ഞ കർമ്മങ്ങളുണ്ടാകും (ദുഷ്കർമ്മങ്ങൾ). അതിൽ നിന്ന് ദുഷ്കർമ്മഫലങ്ങളുണ്ടാകും. അതിനെ പാപം എന്നു പറയുന്നു. ദുഷ്കർമ്മഫലത്തിന് പ്രതിഫലം/ശിക്ഷയുമുണ്ട്. അതിനെ നരകം എന്നും നാം പറയുന്നു. അതായത് സ്വർഗവും നരകവും നമുക്ക് ലഭിക്കുന്നത് പുണ്യപാപത്തിലൂടെയാണെങ്കിൽ ആ പുണ്യവും പാപവും മനസ്സിന്റെ ചിന്തകളിൽ നിന്നാരംഭിക്കുന്നു. അപ്പോൾ ജീവിതം ധന്യമാകണമെങ്കിൽ, സ്വർഗതുല്യമാകണമെങ്കിൽ നരകമാകാതിരിക്കണമെങ്കിൽ മാറ്റം വരേണ്ടത് മനസ്സിലാണ്. ആ മനസ്സിൽ മാറ്റം വരുത്താൻ ഒരേഒരു വഴിയുള്ളത് നന്മനിറഞ്ഞ സന്ദേശങ്ങൾ കേൾപ്പിക്കുക, കാണിപ്പിക്കുക, ചർച്ച ചെയ്യിപ്പിക്കുക, ചിന്തിപ്പിക്കുക എന്നതാണ്. അത്തരത്തിൽ നന്മനിറഞ്ഞ മനസ്സുണ്ടാക്കാൻ നന്മനിറഞ്ഞ സന്ദേശങ്ങൾ കഥകളായും, അനുഭവങ്ങളായും സന്ദേശങ്ങൾ നേരിട്ടും കൊടുക്കണം. അങ്ങിനെ സന്ദേശങ്ങൾ അനുഭവങ്ങളിലൂടെ കൊടുക്കുവാൻ നമ്മുടെ ഋഷിമാർ സമർപ്പിച്ച ഗ്രന്ഥമാണ് വാത്മീകി രാമായണം. അദ്ധ്യാത്മരാമായണം പുരാണത്തിന്റെ ഭാഗമാണ്. വാത്മീകി രാമായണം ഇതിഹാസമാണ്. ജീവിത യാഥാർത്ഥ്യങ്ങളെ പച്ചക്കെഴുതിയിരിക്കുന്ന വാല്മീകി രാമായണം അടിമുടി ട്രാജഡിയാണ്. പക്ഷേ വായനക്കാർക്ക് അതൊരു ട്രാജഡിയാണെന്ന് തോന്നുകയില്ല. അതാണ് രാമായണത്തിന്റെ മഹത്വം. അതിനൊരു കാരണവുമുണ്ട്. ട്രാജഡിയെ പൂർണമായും കോമഡിയാക്കിയ ഗ്രന്ഥമാണ്. വാല്മീകി രാമായണം. അതെഴുതിയ ഋഷിതന്നെ അതിനകത്തെ കഥാപാത്രമാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ച പലരേയും നാം ഓർമ്മിക്കാറില്ല.



Scanned with CamScanner

ത്രേതായുഗത്തിൽ ജീവിച്ചവർ നമ്മുടെ മനസ്സിൽ നിറഞ്ഞിരിക്കുന്നു. അതിനുകാരണം രാമായണത്തിലെ ഓരോ ചരിത്രപുരുഷനും ജീവിച്ചു കാണിച്ചുതന്നത് അവിസ്മരണീയമായ ജീവിതാനുഭവങ്ങളാണ്. ദുഃഖവും, വേദനയും, തടസ്സങ്ങളും കൊണ്ട് നിറഞ്ഞു നിൽക്കുന്ന രാമായണം വായിക്കുമ്പോൾ നാം സ്വയം രാമനും, ലക്ഷ്മണനും, ഭരതനും, ദശരഥനും, ബാലിയും സുഗ്രീവനും, രാവണനും, കുംഭകർണനും, വിഭീഷണനും, മന്ഥരയും, കൈകേയിയും, സീതയും മണ്ഡോദരിയുമാണെന്ന് വിചാരിക്കണം. ഇതിനെ ഇംഗ്ലീഷിൽ എംപതി എന്നു പറയും. ഞാനാണവൻ എന്നു വിചാരിക്കുക. എന്നിട്ട് അവർക്കു സംഭവിച്ചതെല്ലാം എനിക്ക് സംഭവിച്ചതാണെന്നു വിചാരിക്കുക. അവർക്കങ്ങിനെ സംഭവിക്കാൻ കാരണമെന്തെന്ന് ചിന്തിക്കുക. അതേകാരണം എനിക്കും ജീവിതത്തിലുണ്ടായാൽ അവർക്കു സംഭവിച്ചത് എനിക്കും സംഭവിക്കുമെന്നറിയുക. ഈ അനുഭവങ്ങളിൽ നിന്ന് പാഠം പഠിച്ച് സന്ദേശമെടുക്കാനാണ് വാത്മീകി, രാമായണമെഴുതിയത്. നാം ജീവിതത്തിൽ സ്വയം അനുഭവിച്ചതിനുശേഷം ശരിയും തെറ്റും തിരിച്ചറിഞ്ഞ് ശരിമാത്രമെടുത്ത് ജീവിക്കാനുള്ള ജീവിത ദൈർഘ്യം നമ്മുടെ ജീവിതത്തിനില്ലാത്തതുകൊണ്ട് മറ്റൊരുവന്റെ ജീവിതത്തിൽ നിന്ന് പാഠങ്ങൾ പഠിക്കുക! ഇന്ന് ഭൗതീക ശരീരത്തോടെ വാത്മീകിയും, രാമനും, ലക്ഷ്മണനും, ഭരതനും, മന്ഥരയും, സീതയും, രാവണനും, ഹനുമാനും, വിഭീഷണനുമൊന്നും ഇല്ല. പക്ഷേ രാമായണമുണ്ട്. അതാണ് രാമായണ മഹത്വം. കഴിഞ്ഞ നൂറ്റാണ്ടുകളിൽ എഴുതിയ അത്യാധുനിക പുരോഗമനഗ്രന്ഥങ്ങളൊന്നും വായിക്കാൻ ഇന്നാളില്ല. രാമായണം, ജനലക്ഷങ്ങൾ വായിക്കുന്നു. ആ രാമായണത്തിലൂടെ ഒന്നു പ്രയാണം ചെയ്യാം. കാട്ടുകള്ളനായ രത്നാകരനോട് സപ്തഋഷികൾ നീ ചെയ്യുന്നതിന്റെ ഫലം നീ തന്നെ അനുഭവിക്കുമെന്നറിയുമോ? എന്നൊരു ചോദ്യം ചോദിച്ചില്ലായിരുന്നെങ്കിൽ.... ! രത്നാകരന്റെ ഭാര്യ അങ്ങു ചെയ്യുന്ന ദുഷ്കർമ്മത്തിന്റെ ഫലം ഞങ്ങൾ പങ്കുവെച്ചെടുക്കുകയില്ല എന്നു പറഞ്ഞില്ലായിരുന്നെങ്കിൽ ...... ! തമസാനദീതീരത്തേക്കു പോകുന്ന വാത്മീകിയുടെ മുമ്പിൽ വേടനെയ്ത അമ്പേറ്റ് പക്ഷി പിടഞ്ഞു വീണില്ലായിരുന്നെങ്കിൽ...... ! ആനയാണെന്ന് വിചാരിച്ച് മുനികുമാരന്റെ നേർക്ക്, ഇരുട്ടത്ത് ദശരഥൻ അമ്പെയ്തില്ലായിരുന്നെങ്കിൽ.... ! ദശരഥന്റെ അമ്പേറ്റ് ശ്രവണകുമാരൻ മരിച്ചില്ലായിരുന്നെങ്കിൽ.....! ദശരഥൻ കൈകേയിക്ക് രണ്ടു വരം കൊടുത്തില്ലായിരുന്നെങ്കിൽ.... ! ആ വരം പിന്നീട് മതിയെന്ന് കൈകേയി പറഞ്ഞില്ലായിരുന്നെങ്കിൽ....! കൈകേയിയെ മന്ഥര ഉപദേശിച്ചില്ലായിരുന്നെങ്കിൽ.. ! ശ്രീരാമന്റെ കൂടെ



Scanned with CamScanner

സീതയും കാട്ടിലേക്കു പോയില്ലായിരുന്നെങ്കിൽ ....... ! അവരുടെ കൂടെ ലക്ഷ്മണനും കാട്ടിലേക്ക് പോയില്ലായിരുന്നെങ്കിൽ ..... ! കാട്ടിലേക്കു പോയ അവർ ഒരേ സ്ഥലത്ത് പർണശാല കെട്ടിത്താമസിച്ചിരുന്നെങ്കിൽ..... ! സീതയുടെ സൗന്ദര്യത്തെക്കുറിച്ച് രാവണൻ അറിഞ്ഞിരുന്നില്ലെങ്കിൽ ... ! രാവണനായിക്കൊണ്ട് മാരീചൻ വന്നില്ലായിരുന്നെങ്കിൽ...... ! ശ്രീരാമനെപോലെ മാരീചൻ ശബ്ദിച്ചില്ലായിരുന്നെങ്കിൽ! സീതയെ ഒറ്റക്ക്, ലക്ഷ്മണരേഖ വരച്ച്, നിർത്തുന്നതിനുപകരം ലക്ഷ്മണൻ, തന്റെകൂടെ സീതയേയും രാമന്റെയടുത്തേക്ക് കൊണ്ടുപോയിരുന്നെങ്കിൽ .... ! ഹനുമാനെ മാർഗമധ്യേ കണ്ടില്ലായിരുന്നെങ്കിൽ.....! സുഗ്രീവന്റെ സഹായം ലഭിച്ചില്ലായിരുന്നുവെങ്കിൽ ...... ! ചിറകെട്ടാൻ വനനരന്മാർ സഹായിച്ചില്ലായിരുന്നെങ്കിൽ ...... ! സീതയെ തിരിച്ച് ശ്രീരാമനെ ഏൽപിക്കാൻ മണ്ഡോദരി നൽകിയ ഉപദേശം രാവണൻ സ്വീകരിച്ചിരുന്നെങ്കിൽ ...... ! ഇനിയും ചിന്തിക്കുക. ഈ ചോദ്യങ്ങൾക്കുത്തരം ലഭിക്കുമ്പോൾ നമുക്ക് രാമായണത്തിലെ ജീവിത സന്ദേശം ലഭിക്കും. ശ്രീ രത്നാകരന്റെ ജീവിതം അടിമുടി മാറ്റിയത് ഋഷിവര്യന്മാരുടെ ഒരു ചോദ്യമല്ലേ? ഈ ചോദ്യമല്ലേ ഒരു കള്ളനെ ആദികവിയായ വാത്മീകിയാക്കി മാറ്റിയത്. മാറ്റം വന്നത് അദ്ദേഹത്തിന്റെ മനസ്സിലോ ശരീരത്തിലോ? പക്ഷി പിടഞ്ഞു വിണതുകണ്ടപ്പോഴുണ്ടായ ശോകമല്ലേ ശ്ലോകമായി മാറിയത്? ശബ്ദശാസ്ത്രത്തിൽ അതി നിപുണനായ ദശരഥചക്രവർത്തിക്ക്, ആന വെള്ളം കുടിക്കുന്ന ശബ്ദവും മുനികുമാരൻ കുടത്തിൽ വെള്ളം നിറക്കുന്ന ശബ്ദവും തിരിച്ചറിയാൻ പറ്റാത്തതുകൊണ്ടല്ലേ അസ്ത്രമെയ്യാൻ തോന്നിയത്? ആനയെ അമ്പെയ്യരുത് എന്ന നിയമം ലംഘിച്ചതിനാലല്ലേ ഇരുട്ടത്ത് അങ്ങിനെ ചെയ്ത് ശാപം ഏറ്റുവാങ്ങേണ്ടിവന്നത്. ഭാര്യക്ക്, ഭർത്താവ് വരം കൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നോ? ആർക്കെങ്കിലും എന്തെങ്കിലും വാഗ്ദാനം ചെയ്താൽ അത് പിന്നത്തേക്കായി മാറ്റി വെക്കരുതെന്നല്ലേ നാം ഇവിടെ പഠിക്കേണ്ടത്? ശ്രേഷ്ഠയായ കൈകേയിപോലും തെറ്റായ ഉപദേശം സ്വീകരിച്ചപ്പോൾ മനസ് മാറിയെങ്കിൽ നമ്മുടെ കുടുംബത്തിലും ഇങ്ങിനെ സംഭവിച്ചുകൂടേ? കൈകേയി തന്റെ മകനെ രാജാവാക്കി വാഴിക്കണമെന്നു ശഠിച്ചതിന്റെ പരിണതഫലമെന്തായിരുന്നു? മൂന്നു സ്ത്രീകൾ വിധവകളായി. മന്ഥര അങ്ങിനെയൊരു ഉപദേശം കൊടുത്തില്ലായിരുന്നെങ്കിൽ രാമായണം തന്നെ ഉണ്ടാകുമായിരുന്നോ? ആ നെഗറ്റീവല്ലേ രാമായണം / രാവണനിഗ്രഹം എന്ന പോസിറ്റീവായി മാറിയത്! ഇനിയും വിശകലനം ചെയ്തു നോക്കുക. അനേകം അനേകം പന്ഥാവുകൾ, അനുഭവങ്ങൾ സന്ദേശങ്ങൾ, ഇവയെല്ലാം



Scanned with CamScanner

നമ്മുടെ മുന്നിലൂടെ ഒരു സ്ക്രീനിലൂടെ പോകുന്നതായി കാണാം. ശ്രീരാമനെ കാട്ടിലേക്കയച്ചതിന്റെ ദേഷ്യം ലക്ഷ്മണൻ പ്രകടിപ്പിച്ചപ്പോഴാണ്, ശ്രീരാമൻ ലക്ഷ്മണന് മനസ്സിന്റെ സമനില തെറ്റിക്കാതിരിക്കേണ്ടതിനെക്കുറിച്ച് ലക്ഷ്മണോപദേശം കൊടുത്തത്. നിർബന്ധിച്ച്, ഭരതനെക്കൊണ്ട് രാജ്യഭാരം ഏറ്റെടുപ്പിച്ചതിനുശേഷമാണ് ശ്രീരാമൻ രാഷ്ട്രഭരണത്തെക്കുറിച്ച് ഭരതോപദേശം നൽകുന്നത്. സീതയോട് കാട്ടിലേക്ക്, തന്റെ കൂടെ വരേണ്ടതില്ല എന്നു രാമൻ പറഞ്ഞപ്പോഴാണ് സീതാദേവി, പത്നീധർമ്മത്തെക്കുറിച്ച് ശ്രീരാമനോട് പറയുന്നത്. ഞാനൊരു അവതാരമാണ്, തന്നെ ആരും ഉപദേശിക്കേണ്ടതില്ല എന്ന് ശ്രീരാമൻ വിചാരിച്ചിരുന്നെങ്കിൽ വിശ്വാമിത്രനും, അഗസത്യനും, വസിഷ്ഠനുമെല്ലാം നൽകുന്ന ഉപദേശങ്ങൾ രാമായണത്തിൽ ഇടം കണ്ടെത്തില്ലായിരുന്നു. ഇനി നാം ചിന്തിക്കണം നാം രാമായണത്തിലെ രാമനാണോ എന്ന്. പതിനാലുവർഷം കാട്ടിലൂടെ അലഞ്ഞുനടന്ന് അവതാരലക്ഷ്യം പൂർത്തിയാക്കി തിരിച്ചുവന്ന അവതാരമായ ശ്രീരാമന് ജീവിതമെങ്ങിനെയുണ്ടായിരുന്നു? ഈശ്വരൻ തന്നെ മനുഷ്യനായി ഭൂമിയിൽ വന്നാലും മനുഷ്യനനുഭവിച്ചതെല്ലാം അവരും അനുഭവിക്കണം. രണ്ടു വലിയ ദുഃഖങ്ങൾക്കിടക്ക് ചിലപ്പോൾ ഒരു ചെറിയ സന്തോഷത്തിന്റെ ഇടവേള ലഭിച്ചെന്നു വരും. ശ്രീരാമന്റെ ജീവിതം സരയൂനദിയിൽ അവസാനിക്കുന്നതുവരെയുള്ളത് വിശകലനം ചെയ്യുക. അപ്പോൾ മനസ്സിലാകില്ലെ ജീവിതം ദുഃഖമാണുണ്ണീ എന്ന്. പതിനാലു വർഷം രാഷ്ട്രഭാരം, രാജകീയമായി ലഭിച്ചിട്ടും ഭരതന് സന്തോഷം തോന്നിയോ? ഇത്രയും കാലം രാമന്റെകൂടെയുണ്ടായിരുന്നിട്ടും അന്ത്യത്തിൽ ദുർവാസാവും യമധർമ്മരാജാവും തമ്മിൽ നടന്ന സംവാദത്തിന്നിടക്കു കയറേണ്ടിവന്ന അനുജനെ (ലക്ഷ്മണനെ) ജ്യേഷ്ഠനു (രാമന്) പേക്ഷിക്കേണ്ടി വന്നില്ലേ? ഘോരയുദ്ധം ചെയ്ത് ധർമ്മപത്നിയെ തിരിച്ചു കൊണ്ടുവന്നതിനുശേഷം (സീതയെ) വാത്മീകിയുടെ ആശ്രമത്തിലേക്കയക്കേണ്ടി വന്നില്ലേ, രാമന്? അയോദ്ധ്യാധിപതിക്ക് തന്റെ മക്കളായ ലവകുശന്മാരെ കാണാൻ എത്രകാലം കാത്തിരിക്കേണ്ടിവന്നു അല്ലേ? സമുദ്രത്തെ അസ്ത്രം കൊണ്ടു വറ്റിക്കാനും, മാറ്റാനും കഴിവുള്ള ശ്രീരാമന് സീതയെ അമ്പേഷിക്കാൻ വനനരന്മാരുടെയും, ശബരിയുടേയും, ജഡായുവിന്റെയുമെല്ലാം സഹായവും വേണ്ടിവന്നില്ലേ? ആരു വലുത്? ആരു ചെറുത്.....? ഉത്തരമുണ്ടോ ഉണ്ണീ? രാവണന്റെ ജഡശരീരം നോക്കി രാമൻ പറഞ്ഞതല്ലേ പാരമാർത്ഥികവും വ്യാവഹാരികവുമായ സത്യം. താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താൻ താൻ അനുഭവിച്ചീടു



Scanned with CamScanner

കെന്നേ വരൂ. അതല്ലെ ത്രേതായുഗത്തിലായാലും, ദ്വാപരയുഗത്തിലായാലും, കലിയുഗത്തിലായാലും സത്യം ............... തന്റെ കർമ്മഫലം ഈശ്വരൻ എടുക്കുമോ? അതിന്റെ തുടർച്ചയല്ലേ മഹാകവി ഉള്ളൂർ പറഞ്ഞത് നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ. ☙ ഇന്നു രാമായണത്തിലെ കഥാപാത്രങ്ങളാരും ജീവിച്ചിരിപ്പില്ല. അവരെല്ലാം യാത്രയായതുപോലെ നമുക്കെല്ലാം ഒരിക്കൽ യാത്രയാകണം. രാമായണം ഇന്നും ഇവിടെയുള്ളതുപോലെ നമ്മൾ ചെയ്ത നന്മകൾ ഇവിടെ വെച്ചുവേണം യാത്രയാകാൻ. അതിനു നന്മകൾ ചെയ്യണം. വെട്ടിപ്പിടിച്ചതും കെട്ടിപ്പടുത്തതും തട്ടിപ്പറിച്ചതും, പറ്റിച്ചെടുത്തതും ഒന്നും തിരിച്ചുപോകുമ്പോൾ കൊണ്ടുപോകില്ല എന്നും ഓർമ്മിക്കണം. ഈ ലോകത്തിൽ ശാശ്വതമായിട്ടൊന്നു മാത്രമേയുള്ളൂ. ഒന്നും ശാശ്വതമല്ല എന്ന സത്യം. ☙ ഇനിയും അൽപംകൂടി ചിന്തിക്കുക. ലക്ഷ്മണരേഖ മുറിച്ചു കടന്ന സീതക്കെന്തു സംഭവിച്ചു? എല്ലാ സ്ത്രീകൾക്കും ഒരു ലക്ഷ്മണ രേഖയുണ്ട് എന്നോർമിക്കുമല്ലോ! സ്വാർത്ഥമതിയായിത്തീർന്ന കൈകേയിയിൽ നിന്ന് പാഠം പഠിക്കേണ്ടേ? വരുംവരായ്കകൾ ചിന്തിക്കാതെ തന്റെ മകനെ രാജാവാക്കണമെന്നും മറ്റവനെ കാട്ടിലേക്കയക്കണമെന്നും പറഞ്ഞത് അധർമ്മമായിരുന്നില്ലേ? അതേപോലെ നാമും പ്രവർത്തിച്ചാലെന്തു സംഭവിക്കും, എന്നു പഠിച്ചോ? ഒരു സ്ത്രീയെ തന്റെ കിടപ്പറയിലേക്കു കൊണ്ടുവരാനുള്ള തത്രപ്പാടിൽ എത്രപേരെ കൊലയ്ക്കുകൊടുത്തു രാവണൻ. സ്വന്തം അനുജൻ, മക്കൾ, സൈന്യങ്ങൾ ..... ഒരു സ്ത്രീയോട് ആസക്തി കൂടിയതിന്റെ പരിണതഫലം ! നാലു വേദങ്ങളും ആറു വേദാംഗങ്ങളും പഠിച്ച പത്തുതലയുടെ കപ്പാസിറ്റിയുള്ള രാവണന് അന്ത്യത്തിലെന്തുസംഭവിച്ചു? തന്റെ രാജ്യത്തിനെന്തു സംഭവിച്ചു? അതിനാരായിരുന്നു കാരണം? ജ്യേഷ്ഠൻ ചെയ്ത തെറ്റിന്റെ കൂടെ നിന്ന കുംഭകർണന് എന്തു സംഭവിച്ചു? കൂടെ നിൽക്കാൻ വിസമ്മതിച്ച വിഭീഷണന് എന്തു സംഭവിച്ചു? ഉത്തരം അറിയാമല്ലോ? ബാലിയും സുഗ്രീവനും തമ്മിൽ കലഹിച്ചു. പുറത്തു നിന്നു വന്ന രാമൻ അതിലൊരുവന്റെ ജീവനെടുത്തു. സഹോദരന്മാർ കലഹിക്കാത്ത ശ്രീരാമകുടുംബം! പരസ്പരം കലഹിച്ച ബാലികുടുംബം! സഹോദരന്മാർ രണ്ടുചേരിയിൽ നിന്ന രാവണകുടുംബം. ഇവിടെ സംഭവിച്ചത് നമ്മുടെ കുടുംബത്തിനും ബാധകമല്ലേ? ☙ അച്ഛനെപ്പോലെയാകരുതെന്ന് ബാലിയുടെ ഭാര്യ, മകനായ അംഗദനോടു പറഞ്ഞു. അച്ഛനെപ്പോലെയായിത്തീരണമെന്ന് സീത, തന്റെ മക്കളോടു പറഞ്ഞു. ഭാര്യമാരുപദേശിച്ചതു കേൾക്കാത്ത രാവണനും, ബാലിക്കും എന്തു സംഭവിച്ചു? ഭാര്യക്ക്

ആവശ്യമില്ലാത്ത വരംകൊടുത്ത ദശരഥന്റെ അനുഭവഫലമെന്ത്?

എല്ലാമെല്ലാം ചിന്തിച്ചാൽ രാമായണം നമ്മുടെതന്നെ ജീവിതമാണെന്നറിയാം. ആ ജീവിതാനുഭവങ്ങളിൽ നിന്ന് സന്ദേശമെടുക്കണം. എന്നിട്ട് ശരിയും തെറ്റും വിശകലനം ചെയ്യണം. അതിൽ നിന്ന് നാമെന്തെല്ലാമാണെടുക്കേണ്ടതെന്ന് തീരുമാനിക്കണം. ആരു ശരി ചെയ്തു തെറ്റു ചെയ്തു എന്ന് രാമായണത്തിൽ വാല്മീകി പറഞ്ഞിട്ടില്ല. അതു വിശകലനം ചെയ്യേണ്ടത് രാമായണം വായിച്ചു പഠിക്കുന്ന നമ്മളാണ്, നിങ്ങളാണ്.

ബാലിയെ മറഞ്ഞുനിന്ന് അമ്പെയ്തത് ശരിയായോ? ഈ ചോദ്യത്തിനുത്തരം ലളിതമാണ്. അവിടെ എന്തുസംഭവിച്ചുവോ അത് വാത്മീകി, രാമായണത്തിലെഴുതിവച്ചു. അതു ശരിയാണെങ്കിൽ അതേപോലെ നിങ്ങളും ചെയ്യുക. ശരിയല്ലെങ്കിൽ നിങ്ങളതു ചെയ്യാതിരിക്കുക. ഇതാണ് ഞാൻ പഠിപ്പിക്കുന്ന രാമായണം!

ഭരതോപദേശം, ലക്ഷ്മണോപദേശം...... എന്നിവയിൽ നിന്ന് സന്ദേശങ്ങൾ നേരിട്ടെടുക്കുക. രാമായണ ചരിത്രപുരുഷന്മാരുടെ വാക്കുകൾ, വീക്ഷണങ്ങൾ, പെരുമാറ്റം, എന്നിവയിൽ നിന്ന് അനുഭവങ്ങൾ പഠിക്കുക. അദ്ധ്യാത്മരാമായണത്തിൽ ഇതിഹാസാനുഭവങ്ങളുമുണ്ട്, പുരാണ രീതികളുമുണ്ട്. വേണ്ടതുമാത്രം എടുക്കുക.

കർക്കിടകത്തിൽ രാമായണം വായിക്കുമ്പോൾ, നമ്മുടെ പാപമെല്ലാം ശ്രീരാമൻ ഏറ്റെടുക്കുമെന്നല്ല വിശ്വസിക്കേണ്ടത്. രാമനിലേയും, ലക്ഷ്മണനിലേയും, ഭരതൻ-സീത-മണ്ഡോദരി-ഊർമ്മിള ...... എന്നിവരിലേയും നന്മകൾ നമ്മുടെ ജീവിതത്തിലെടുത്ത് മനസ്സ് ഉയർത്തണം. രാവണന്റേയും, ബാലിയുടേയും, കൈകേയിയുടേയും .......... തിന്മകൾ നമ്മുടെ മനസ്സിലേക്ക് പ്രവഹിക്കരുത് എന്നുമറിയണം! മനസ്സിൽ നിറഞ്ഞിരിക്കേണ്ട രാമായണ പഠന സന്ദേശം ഇതായിരിക്കട്ടെ !

# ഹൈന്ദവ ഗ്രന്ഥങ്ങൾ

## A. വേദങ്ങൾ

I. ഋഗ്വേദസംഹിത (25 ശാഖകൾ) II. യജുർവേദസംഹിത (108 ശാഖകൾ) III. സാമവേദസംഹിത (1000 ശാഖകൾ) IV. അഥർവവേദസംഹിത (50 ശാഖകൾ)

## B. ബ്രാഹ്മണങ്ങൾ

### I. ഋഗ്വേദീയ ബ്രാഹ്മണങ്ങൾ

1. ഐതരേയ ബ്രാഹ്മണം 2. സംഖായന ബ്രാഹ്മണം 3. കൗഷീതകി ബ്രാഹ്മണം

### II. യജുർവേദീയ ബ്രാഹ്മണങ്ങൾ

1. ശതപഥബ്രാഹ്മണം 2. തൈത്തരീയബ്രാഹ്മണം 3. മൈത്രായണിയബ്രാഹ്മണം

### III. സാമവേദീയ ബ്രാഹ്മണങ്ങൾ

1. ജൈമിനീയ ബ്രാഹ്മണം 2. താണ്ഡ്യബ്രാഹ്മണം 3. ആർഷേയ ബ്രാഹ്മണം
4. ഷഡ്‌വിംശദ് ബ്രാഹ്മണം 5. ഛാന്ദോഖ്യബ്രാഹ്മണം 6. സാമവിധാനബ്രാഹ്മണം
7. അദ്ഭുതബ്രാഹ്മണം 8. വംശബ്രാഹ്മണം 9. സംഹിതോപനിഷദ്ബ്രാഹ്മണം

### IV. അഥർവവേദീയ ബ്രാഹ്മണം

1. ഗോപഥബ്രാഹ്മണം

## C. ആരണ്യകങ്ങൾ

### I. ഋഗ്വേദീയ ആരണ്യകം

1. ഐതരേയ ആരണ്യകം 2. കൗഷീതകി ആരണ്യകം

### II. യജുർവേദീയ ആരണ്യകം

1. മൈത്രായണീയ ആരണ്യകം 2. തൈത്തിരീയ ആരണ്യകം

സാമവേദത്തിനും അഥർവവേദത്തിനും ആരണ്യകങ്ങളില്ല

## D. ഉപനിഷത്തുകൾ

### I. ഋഗ്വേദീയ ഉപനിഷദ്

1. ഐതരേയ ഉപനിഷദ് 2. കൗഷീതകി ഉപനിഷദ് 3. നാദബിന്ദു ഉപനിഷദ്
4. ആത്മബോധ ഉപനിഷദ്, 5. നിർവാണ ഉപനിഷദ് 6. മുൽഗല ഉപനിഷദ്
7. അക്ഷമാലിക ഉപനിഷദ് 8. ത്രിപുര ഉപനിഷദ് 9. സൗഭാഗ്യലക്ഷ്മി ഉപനിഷദ്
10. ബഹ്‌വൃച ഉപനിഷദ്

### II. ശുക്ലയജുർവേദീയ ഉപനിഷദ്

1. ഈശാവാസ്യ ഉപനിഷദ് 2. ബൃഹദാരണ്യക ഉപനിഷദ് 3. ഹംസ ഉപനിഷദ്
4. പരമഹംസ ഉപനിഷദ് 5. സുബാല ഉപനിഷദ് 6. മന്ത്രിക ഉപനിഷദ്
7. ത്രിശിഖിബ്രാഹ്മണ ഉപനിഷദ് 8. നിരാലംബ ഉപനിഷദ് 9. മണ്ഡലബ്രാഹ്മണ ഉപനിഷദ്



Scanned with CamScanner

10. അദ്വയ ഉപനിഷദ് 11. താരക ഉപനിഷദ് 12. ഭിക്ഷുക ഉപനിഷദ്
13. അദ്ധ്യാത്മ ഉപനിഷദ് 14. മുക്തിക ഉപനിഷദ് 15. താരാശര ഉപനിഷദ്
16. യജ്ഞവൽക്യ ഉപനിഷദ്17. ശാട്യായന ഉപനിഷദ് 18. തുരിയാതീയ അവധൂത ഉപനിഷദ്

## III. കൃഷ്ണയജുർവേദീയ ഉപനിഷദ്

1. കഠ ഉപനിഷദ് 2. തൈത്തിരീയ ഉപനിഷദ് 3. ബ്രഹ്മ ഉപനിഷദ്
4. കൈവല്യ ഉപനിഷദ് 5. ശ്വേതാശ്വേതര ഉപനിഷദ് 6. ഗർഭ ഉപനിഷദ്
7. മഹാനാരായണ ഉപനിഷദ് 8. അമൃതബിന്ദു ഉപനിഷദ് 9. അമൃതനാദ ഉപനിഷദ്
10. കാലാഗ്നിരുദ്ര ഉപനിഷദ് 11. ക്ഷുരിക ഉപനിഷദ് 12. സർവസാര ഉപനിഷദ്
13. ശുകരഹസ്യ ഉപനിഷദ് 14. തേജബിന്ദു ഉപനിഷദ് 15. ധ്യാനബിന്ദു ഉപനിഷദ്
16. ബ്രഹ്മവിദ്യ ഉപനിഷദ് 17. യോഗതത്വ ഉപനിഷദ് 18. ദക്ഷിണാമൂർത്തി ഉപനിഷദ്
19. സ്കന്ദ ഉപനിഷദ് 20. ശാരീരിക ഉപനിഷദ് 21. യോഗശിഖ ഉപനിഷദ്
22. ഏകാക്ഷര ഉപനിഷദ് 23. അക്ഷി ഉപനിഷദ് 24. അവധൂത ഉപനിഷദ്
25. കഠരുദ്ര ഉപനിഷദ് 26. രുദ്രഹൃദയ ഉപനിഷദ് 27. പഞ്ചബ്രഹ്മ ഉപനിഷദ്
28. പ്രാണാഗ്നിഹോത്ര ഉപനിഷദ് 29. വരാഹ ഉപനിഷദ് 30. യോഗകുണ്ഡലിനി ഉപനിഷദ്
31. കലിസന്തരണ ഉപനിഷദ് 32. സരസ്വതി രഹസ്യ ഉപനിഷദ്.

## IV. സാമവേദീയ ഉപനിഷദ്

1. കേന ഉപനിഷദ് 2. ഛാന്ദോഗ്യ ഉപനിഷദ് 3. ആരുണി ഉപനിഷദ്
4. മൈത്രയണി ഉപനിഷദ് 5. മൈത്രേയി ഉപനിഷദ് 6. വജ്രസൂചിക ഉപനിഷദ്
7. യോഗചൂഡാമണി ഉപനിഷദ് 8. വാസുദേവ ഉപനിഷദ് 9. മഹോപനിഷദ്
10. സന്യാസ ഉപനിഷദ് 11. അവ്യക്ത ഉപനിഷദ് 12. കുണ്ഡിക ഉപനിഷദ് 13. സാവിത്രി ഉപനിഷദ് 14. ജാബാല ഉപനിഷദ് 15. ദർശന ഉപനിഷദ്
16. രുദ്രാക്ഷ ജാബാല ഉപനിഷദ്

## V. അഥർവവേദീയ ഉപനിഷദ്

1. പ്രശ്ന ഉപനിഷദ് 2. മുണ്ഡക ഉപനിഷദ് 3. മാണ്ഡൂക്യ ഉപനിഷദ്
4. അഥർവശിര ഉപനിഷദ് 5. അഥർവശിഖ ഉപനിഷദ് 6. ബൃഹദ്ജാബാല ഉപനിഷദ്
7. സീത ഉപനിഷദ് 8. ശരഭ ഉപനിഷദ് 9. മഹാനാരായണ ഉപനിഷദ് 10. രാമരഹസ്യ ഉപനിഷദ് 11. രാമതാപിനി ഉപനിഷദ് 12. സാണ്ഡില്യ ഉപനിഷദ് 13. പരമഹംസ ഉപനിഷദ് 14. അന്നപൂർണ ഉപനിഷദ് 15. സൂര്യ ഉപനിഷദ്
16. ആത്മ ഉപനിഷദ് 17. പാശുപത ഉപനിഷദ് 18. പരബ്രഹ്മ ഉപനിഷദ്
19. തൃപുരതാപിനി ഉപനിഷദ് 20. ദേവി ഉപനിഷദ് 21. ഭാവന ഉപനിഷദ്
22. ഭസ്മ ജാബാല ഉപനിഷദ് 23. ഗണപതി ഉപനിഷദ് 24. മഹാവാക്യ ഉപനിഷദ്
25. ഗോപാലതാപിനി ഉപനിഷദ് 26. ശ്രീകൃഷ്ണ ഉപനിഷദ് 27. ഹയഗ്രീവ ഉപനിഷദ്
28. ദത്താത്രേയ ഉപനിഷദ് 29. ഗരുഡ ഉപനിഷദ് 30. നരസിംഹപൂർവതാപിനി ഉപനിഷദ്
31. നാരദപരിപ്രാജക ഉപനിഷദ് 32. നരസിംഹ ഉത്തരതാപിനി ഉപനിഷദ്.



Scanned with CamScanner

## E. വേദാംഗങ്ങൾ

1. ശിക്ഷ 2. നിരുക്തം 3. വ്യാകരണം 4. ഛന്ദശാസ്ത്രം

5. കൽപശാസ്ത്രം : (ശ്രൗതസൂത്രം + ധർമ്മസൂത്രം + പിത്യമേധസൂത്രം + സുൽബ സൂത്രം + ഗൃഹ്യസൂത്രം + പ്രായശ്ചിതം)

6. ജ്യോതിഷം : (ഗണിതം +കാലക്രിയ+ഗോളം+ജാതകം + മുഹൂർത്തം + പ്രശ്നം +നിമിത്തം)

## F. ഉപവേദങ്ങൾ

1. അർത്ഥശാസ്ത്രം 2. ധനുർവേദം 3. ഗാന്ധർവവേദം

4. ആയുർവേദം 5. സ്ഥാപഥ്യവേദം (തച്ചുശാസ്ത്രം)

## G. മഹാപുരാണങ്ങൾ

1. വിഷ്ണുപുരാണം 2. ഭവിഷ്യ പുരാണം 3. ഗരുഡ പുരാണം

4. അഗ്നി പുരാണം 5. മഹാഭാഗവതപുരാണം 6. ശിവപുരാണം

7. മാർക്കണ്ഡേയപുരാണം 8. ലിംഗപുരാണം 9. ബ്രഹ്മവൈവർത്തപുരാണം

10. മത്സ്യ പുരാണം 11. കൂർമ്മപുരാണം 12. വരാഹപുരാണം

13. വാമനപുരാണം 14. സ്കന്ദപുരാണം 15. ബ്രഹ്മാണ്ഡപുരാണം

16. പത്മപുരാണം 17. വായുപുരാണം 18. നാരദീയ പുരാണം

## H. ഉപപുരാണങ്ങൾ

1. സാംബപുരാണം 2. ദേവിഭാഗവതപുരാണം 3. കാലികപുരാണം

4. ലഘുനാരദീയപുരാണം 5. ഹരിവംശപുരാണം 6. വിഷ്ണുധർമ്മോത്തരപുരാണം

7. കൽകിപുരാണം 8. മുൽഗലപുരാണം 9. ആദിപുരാണം

10. ആത്മ പുരാണം 11. ബ്രഹ്മപുരാണം 12. വിഷ്ണുധർമ്മപുരാണം 13. നരസിംഹപുരാണം 14. ക്രിയായോഗപുരാണം 15. സൂര്യപുരാണം

16. ബ്രഹദ് നാരദീയപുരാണം 17. പുരുഷോത്തമപുരാണം 18. ബൃഹദ് വിഷ്ണു പുരാണം

## I. ദർശനങ്ങൾ

1. ന്യായദർശനം (ഗൗതമൻ) 2. വൈശേഷികദർശനം (കണാദൻ)

3. സാംഖ്യദർശനം(കപിലൻ) 4. യോഗദർശനം (പതഞ്ജലി)

5. പൂർവമീമാംസദർശനം (ജൈമിനി) 6. ഉത്തരമീമാംസദർശനം (വ്യാസൻ)

## J. സ്മൃതികൾ

1. ഉശന സ്മൃതി 2. യജ്ഞവൽക്യസ്മൃതി 3. വിഷ്ണുസ്മൃതി

4. മനുസ്മൃതി 5. അംഗീരസസ്മൃതി 6. യമസ്മൃതി

7. അത്രിസ്മൃതി 8. സംവർത്തസ്മൃതി 9. ബൃഹത്പരാശരസ്മൃതി

10. ബൃഹസ്പതി സ്മൃതി 11. ദക്ഷസ്മൃതി 12. ശാതാതപസ്മൃതി

13. ലിഖിതസ്മൃതി 14. വ്യാസസ്മൃതി 15. പരാശരസ്മൃതി



Scanned with CamScanner

16. ശംഖസ്മൃതി 17. ഗൗതമസ്മൃതി 18. വസിഷ്ഠസ്മൃതി

## K. ഇതിഹാസങ്ങൾ

1. വാത്മീകി രാമായണം 2. വ്യാസമഹാഭാരതം

# ഹിന്ദുവിന്റെ അവസ്ഥയുടെ സത്യവും വസ്തുതയും അറിയുക, അറിയിക്കുക, പ്രതികരിക്കുക

**സനാതന ധർമ്മസംരക്ഷണം നമ്മുടെ ജന്മാവകാശമാണ്.**

* പടിഞ്ഞാറുനിന്ന് വന്ന് നമ്മെ കീഴടക്കി ചൂഷണം ചെയ്ത് ഭരിച്ചവർ, ബോധപൂർവ്വം നമ്മെ തെറ്റിദ്ധരിപ്പിക്കുവാനും നിങ്ങൾ ആദ്യം കുടിയേറിയവർ ഞങ്ങൾ പിന്നീടു വന്നവർ, നമ്മൾ രണ്ടുകൂട്ടരും വിദേശികൾ തന്നെ എന്നു വരുത്തിത്തീർക്കുവാനും കെട്ടിച്ചമച്ച ആര്യനധിനിവേശ സിദ്ധാന്തത്തിന്റെ വക്താക്കൾ ഇന്നും ഇവിടെ ജീവിക്കുന്നു! ഇന്നും പടിഞ്ഞാറുമാത്രം നോക്കുന്ന ശാസ്ത്രജ്ഞന്മാരും ബുദ്ധിജീവികളും സുലഭമാണ്!
* നമ്മെ ആക്രമിച്ചവരേയും ചൂഷണം ചെയ്ത് നശിപ്പിച്ചവരേയും ഇന്നും നാം 'മഹാനായ' എന്ന പദം ചേർത്ത് വിളിക്കുന്നു. ചരിത്രത്തെ സ്വന്തം ആവശ്യത്തിന് വളച്ചൊടിച്ചെഴുതിച്ചവരാണിവർ!
* സഹസ്രാബ്ദങ്ങളുടെ സാംസ്കാരിക ഐക്യം നിലനിന്ന ഈ ദേശത്തിൽ ഐക്യമുണ്ടാക്കിയത് വിദേശികളാണെന്ന് വാദിക്കുന്ന ബുദ്ധിജീവികളിന്നും ഇവിടെ ജീവിക്കുന്നു.
* ഈ പവിത്ര ഭാരതഭൂമിയിൽ ഉദയം ചെയ്ത 'ഹിന്ദു' എന്ന പദം, സംസ്കൃതഭാഷ, വേദങ്ങൾ, കാവി വസ്ത്രം, ഓംകാരം, ചന്ദനക്കുറി ...... ഇതെല്ലാം ഇന്നു വർഗീയതയായി മുദ്രകുത്തപ്പെട്ടിരിക്കുന്നു!
* സ്വന്തം മാതൃഭൂമിയേയും, പൈതൃകത്തേയും അന്ധമായി പുച്ഛിക്കുന്ന പുരോഗമനവാദികൾ ഇന്നും ഈ നാട്ടിലുണ്ട്! 150 വർഷങ്ങളിലാണ് ഭാരതത്തിൽ ദേശീയത ഉണ്ടായതെന്ന് വാദിക്കുന്ന പലരുമുണ്ടിവിടെ.
* 85 കോടി ജനതയെ തെറ്റിദ്ധരിപ്പിച്ച്, അപകർഷതാ ബോധത്തിലാഴ്ത്തി, അന്ത്യമടുക്കുമ്പോൾ ആശ്രമത്തിലേക്കും, ക്ഷേത്രത്തിലേക്കും, ഭക്തിയിലേക്കും ചേക്കേറുന്നവർ കൂടികൂടി വരുന്നതു ശ്രദ്ധിക്കുക!
* ഈ നാട്ടിൽ, രാഷ്ട്രീയക്കാരനും, തെമ്മാടികളും, പേക്കൂത്താടുമ്പോൾ അതിന്റെ പാപഭാരം 85 കോടി ഹിന്ദുക്കളുടെ തലയിൽ, മാധ്യമങ്ങളും രാഷ്ട്രീയക്കാരും കെട്ടിവയ്ക്കുന്നു!



Scanned with CamScanner

* ജാതിയുടെയും ഇസത്തിന്റെയും പേരുപറഞ്ഞ് ഹിന്ദുവിനെ ഭിന്നിപ്പിച്ചുകൊണ്ടേയിരിക്കുന്നവരെ സത്യസന്ധമായി വിലയിരുത്തുക! ഇംഗ്ലീഷുകാർ ചെയ്തതിന്റെ ബാക്കിയല്ലേ ഇവർ ചെയ്തു തീർക്കുന്നത്?
* ഹിന്ദുക്കളെന്തേ വിറങ്ങലിച്ചു നിൽക്കുന്നു? സ്വന്തം സാംസ്കാരിക-ശാസ്ത്രീയ പൈതൃക മൂല്യങ്ങളനുസരിച്ച് ജീവിക്കുന്ന നാം ആരെ ഭയപ്പെടണം? വോട്ടിനുവേണ്ടി ജീവിക്കുന്ന രാഷ്ട്രീയക്കാരനേയും സ്ഥാനമാനങ്ങൾക്ക് പരക്കം പായുന്ന ബുദ്ധിജീവിയേയും നാമെന്തിനു ഭയപ്പെടണം? ഈനാടിന്റെ സാംസ്കാരിക പൈതൃക മൂല്യം അനുനിമിഷം ജീവിതത്തിൽ പകർത്തുന്ന ജനവിഭാഗമല്ലേ ഇവിടത്തെ ഹിന്ദുക്കൾ?
* മതേതര രാഷ്ട്രത്തിൽ ഹിന്ദുവിന്റെ ക്ഷേത്രങ്ങൾമാത്രം രാഷ്ട്രീയക്കാരും സർക്കാരും ഭരിക്കുന്നതെന്തുകൊണ്ട്?
* മറ്റു മതങ്ങളിൽ തെരുവുയുദ്ധം നടന്നാലും കണ്ടില്ലെന്ന് നടിക്കുന്ന സർക്കാർ ഹിന്ദുവിന്റെ ആശ്രമവും ക്ഷേത്രവുംമാത്രം എന്തിന് കയ്യടക്കണം? എന്തുകൊണ്ട് സർക്കാർ ഹിന്ദുവിനെതിരെമാത്രം തിരിയുന്നു?
* ക്രിസ്ത്യൻ-മുസ്ലീം പള്ളിസ്വത്തുക്കൾ സ്പർശിക്കാൻ ധൈര്യമില്ലാത്ത രാഷ്ട്രീയക്കാരുടെ സർക്കാർ ഹിന്ദു ക്ഷേത്രസ്വത്ത് പൊതുഖജനാവാക്കി ധൂർത്തടിക്കുന്നതെന്തിന് നാം സഹിക്കണം?
* ഹിന്ദു എന്നു പറയാൻപോലും മടിക്കുന്ന രാഷ്ട്രീയക്കാരനെ എന്തിന് ക്ഷേത്രഭരണചുമതല ഏൽപ്പിക്കണം? ദേവസ്വം ഉദ്യോഗസ്ഥനായി എന്തിന് നാം അവരെ സ്വീകരിക്കണം?
* പൈതൃകത്തെ പുച്ഛിക്കുന്നവർ അതിന്റെ സംരക്ഷകരായാൽ എങ്ങിനെയിരിക്കും? സംസ്കൃതമറിയാത്തവർ സംസ്കൃത വിദ്യാലയത്തിന്റെ തലപ്പത്തിരിക്കുന്നതെന്തുകൊണ്ട്?
* മറ്റു മതസ്ഥരുടെ ശുദ്ധ അന്ധവിശ്വാസങ്ങളെക്കുറിച്ച് ഉരിയാടാത്ത യുക്തിവാദിയും പുരോഗമനവാദിയും, ശാസ്ത്രീയമായ സനാതനധർമ്മ മൂല്യങ്ങളെ അവഹേളിക്കുന്നത് ഇനിയും ക്ഷമിക്കണമോ?
* കാട് കയ്യേറാനും, നാട്ടിൽ ഭൂരിപക്ഷം സൃഷ്ടിക്കാനും മതവും, മതപ്രതീകങ്ങളും, എല്ലാ നീചമാർഗ്ഗങ്ങളും പ്രയോഗിക്കുന്നത്, ലാഭത്തിനുവേണ്ടി നോക്കി നിന്ന് മൗനം ഭജിക്കുന്ന രാഷ്ട്രീയക്കാരെ നാം തിരിച്ചറിയുന്നില്ല!
* സ്വന്തം സംസ്കാരത്തെ ഹൃദയത്തിൽ താലോലിച്ചു ജീവിച്ചവർ സ്വന്തം മാതൃഭൂമിയിൽ അഭയാർത്ഥികളായി ജീവിക്കുന്നത് കാണു



Scanned with CamScanner

ന്നില്ലേ! ബംഗ്ലാദേശികളെകൊണ്ട് ബംഗാൾ അതിർത്തി നിറയുന്ന തറിയുന്നില്ലേ.

* കേരളത്തിന്റെ പലഭാഗങ്ങളും കാശ്മീരിന്റെ വഴിയേ ചലിക്കുന്നത് ശ്രദ്ധിക്കുവാൻ നാം വൈകുന്നു!
* ഇനിയും വേദന സഹിക്കണമോ? സ്വയം അവഹേളനത്തിന് പാത്ര മാകണമോ? ഭീരുവായി ജീവിക്കണമോ? ചിന്തിക്കുവാൻ വൈകു ന്നതെന്തുകൊണ്ട്?
* ഒന്നാം സഹസ്രാബ്ദത്തിൽ യൂറോപ്പും, രണ്ടാം സഹസ്രാബ്ദത്തിൽ ആഫ്രിക്കയും ക്രൈസ്തവവൽക്കരിച്ചു. മൂന്നാം സഹസ്രാബ്ദത്തിൽ ഇന്ത്യയെ സമ്പൂർണ്ണമായി ക്രൈസ്തവവൽക്കരിക്കുന്നത് കാണുന്നില്ലേ?
* ചതിച്ചും, വഞ്ചിച്ചും, തെറ്റിദ്ധരിപ്പിച്ചും, അവഹേളിച്ചും, പ്രലോഭി പ്പിച്ചും അധികൃതരുടെയും രാഷ്ട്രീയക്കാരുടെയും ഒത്താശയോടെ ഭാരതത്തിൽ മതപരിവർത്തനം നിരന്തരം നടക്കുന്നതറിയുന്നില്ലേ?
* 68000 കോടി രൂപയുടെ പദ്ധതിയുമായി ഭാരതത്തെ സമ്പൂർണ ക്രൈസ്തവവൽക്കരണ പാതയിലേക്ക് തള്ളിവിട്ടവരിൽ അധികാ രത്തിനുവേണ്ടി പായുന്ന രാഷ്ട്രീയക്കാരും പുരോഗമനവാദികളു മുണ്ടെന്നു നമ്മളറിയുന്നുണ്ടോ? ന്യൂനപക്ഷ സംരക്ഷണത്തിന്റെ പേരിലാണ് ഈ ഹൈന്ദവ വിധ്വംസനം!
* വേദങ്ങളും മറ്റു ഹൈന്ദവഗ്രന്ഥങ്ങളും നഗ്നമായി ദുർവ്യാഖ്യാനം ചെയ്തുകൊണ്ടിരിക്കുമ്പോൾ, നാമെന്തുകൊണ്ട് വിറങ്ങലിച്ചു നിൽക്കുന്നു? എന്തിനുവേണ്ടി ദുർവ്യാഖ്യാനം ചെയ്യുന്നു എന്നുനാ മറിയുന്നുണ്ടോ?
* ഭൂരിപക്ഷത്തേക്കാൾ അധികാരവും അവകാശവുമുള്ള ന്യൂനപക്ഷ ങ്ങൾ (ഹിന്ദുക്കളായിരുന്നവർതന്നെ) കാടും നാടും കീഴടക്കി കുരി ശും, പള്ളിയും, അധികാരവും പ്രയോഗിക്കുന്നത് നാമെന്തേ അറി യാത്തത്?
* വൈദേശിക ഈശ്വരന്മാരേയും മതഗ്രന്ഥങ്ങളേയും സ്വീകരിച്ച ഭാര തീയരുടെ ദേശീയ ഗ്രന്ഥങ്ങളും ദേശീയപുരുഷന്മാരും ഭാരതീയ രായ ന്യൂനപക്ഷങ്ങൾക്കെങ്ങിനെ അന്യമായി?
* ക്രിസ്ത്യാനിക്കും മുസ്ലീമിനും ആവശ്യമില്ലാത്ത മതേതര വീക്ഷ ണത്തിന്റെ പാപഭാരം ചുമക്കേണ്ടത് ഹിന്ദുക്കൾ മാത്രമോ? മത ത്തിന്റെ പേരിലുള്ള പാർട്ടികളുമായിചേർന്ന് "മതേതര സർക്കാർ" ഭരിച്ചാൽ അതു വർഗ്ഗീയതയാകില്ലേ? ഈ നാട്ടിൽ ഉദയം ചെയ്ത



Scanned with CamScanner

തുമാത്രം വർഗ്ഗീയതയാകുന്നത് കണ്ടില്ലേ?

* ന്യൂനപക്ഷമായിരിക്കുന്നിടത്തോളം അവകാശമുപയോഗിച്ച് ഭൂരിപക്ഷത്തെ ഭരിക്കുക! അവർ ഭൂരിപക്ഷമായാൽ അധികാരമുപയോഗിച്ച് ന്യൂനപക്ഷത്തെ ഭരിക്കുക എന്ന ആഹ്വാനം അനുനിമിഷം ക്രിസ്ത്യാനിയും മുസ്ലീമും പ്രാവർത്തികമാക്കുന്നതറിയുന്നില്ലേ നാം?

* ഭാരതത്തിലെ ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷമുള്ള സ്ഥലങ്ങളിലെ (ഇന്ത്യയ്ക്കകത്തും പുറത്തും) കാഴ്ചകൾ നാമെന്തേ വിശകലനം ചെയ്യുന്നില്ല? എവിടെ തുല്യത? എവിടെ മനുഷ്യാവകാശ സംരക്ഷണം?

* ഇനിയും ഹിന്ദുസ്ഥാനിൽ ഹിന്ദു അടിമയായി കഴിയണമോ? നമ്മുടെ സംസ്കൃതി ജീർണിക്കുന്നു! മതപരിവർത്തനത്തിന്റെ വേലിയേറ്റം, അജ്ഞത, ഭീരുത്വം നമ്മെ ആക്രമിച്ചു കീഴടക്കിയിരിക്കുന്നു. ഇനി എഴുന്നേൽക്കൂ ധാർമ്മീകമൂല്യമനുസരിച്ച് പ്രവർത്തിക്കാൻ ഉപദേശിച്ച ശ്രീകൃഷ്ണവചനങ്ങൾ നമുക്ക് മാർഗദർശകമാകട്ടെ!

* 1947 ആഗസ്റ്റ് 14 അർദ്ധരാത്രി വരെ നമ്മുടെ പൈതൃകത്തെ, നമ്മെ ആക്രമിച്ച വിദേശികൾ നശിപ്പിച്ചു. 1947 ആഗസ്റ്റ് 14 അർദ്ധരാത്രിക്കുശേഷം നമ്മെ ഭരിച്ച സ്വദേശികൾതന്നെ നമ്മുടെ പൈതൃകം നശിപ്പിച്ചുകൊണ്ടിരിക്കുന്നു! ജാതി-മത-ഇസ വ്യത്യാസങ്ങളില്ലാതെ എല്ലാഭരതീയന്റെയും ജന്മാവകാശമായ പൈതൃകം സ്വീകരിക്കാൻ ഭാരതീയരെ തയ്യാറാക്കണം, പഠിക്കണം - പഠിപ്പിക്കണം.

**ഉത്തിഷ്ഠതാ ജാഗ്രത പ്രാപ്യവരാന്നിബോധതാ !**

*



Scanned with CamScanner

സന്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഉയരാനുള്ള മാർഗമാണ് വേദങ്ങളുടെ പന്ഥാവ്. കഥകളും ഉപദേശങ്ങളും പഠിച്ച് ഉയരാനുള്ള മാർഗമാണ് പുരാണങ്ങളുടെ പന്ഥാവ്. അനുഭവങ്ങളും ഉപദേശങ്ങളും കേട്ട് ഉയരാനുള്ള മാർഗമാണ് ഇതിഹാസങ്ങളുടെ പന്ഥാവ്. ഇതിഹാസങ്ങളെങ്ങിനെവിശകലനം ചെയ്യണമെന്നും പഠിക്കണമെന്നുമുള്ള വിവരണം ഇവിടെ നൽകുന്നു.

Scanned with CamScanner